IX. Acknowledgement receipt issued by TERM Cells(DoT) of the self certificate submitted by Telecom Service Provider/Infrastructure Provider in respect of mobile tower/BTS(ground based/roof top/pole/wall mounted) in the format as prescribed by TEC, DoT, establishing/certifying that all general Public areas around the tower will be within safe EMR exposure limit as per peak traffic measurement after the antennae starts radiating.

B. Action by State Government/Local Body

1. Nominal one time administrative fee as may be decided by the State Government to recover its costs on the issue of permission for installation of tower.
2. Single window clearance may be provided in a time bound manner to telecom service provider/infrastructure provider by the local body/state government. This will ensure issuance of faster clearances.
3. Telecom towers have been given infrastructure status by Government of India vide gazette notification no. 81 dated 28-03-12. All benefits as applicable to infrastructure industry, should be extended. Electricity connection may be provided to BTS site on priority.
4. Telecom installations are lifeline installations and a critical infrastructure in mobile communication. In order to avoid disruption in mobile communication, an essential service, sealing of BTS towers/disconnection of electricity may not be resorted to without the consent of the respective TERM Cell of DoT in respect of the EMF related issues.
5. State Governments along with DoT may organise public awareness programmes involving civil society members.
6. In order to effectively address Public Grievances relating to installation of towers and issues related to telecom infrastructure, State Governments may set up:
    - State Level Telecom Committee(STC) consisting of officers from TERM cells, State Administration, representative(s) of

concerned Telecom Service Providers and eminent public persons etc.

- District Level Telecom Commitee(DTC) consisting of officers from District Administration, representative(s) of concerned Telecom Service Providers and eminent public persons etc.

C. Action by DoT/TERM Cells

1. Public awareness programme (through DoT web portal/government publication)
2. a) For all the existing as well as new BTSs/Towers, Telecom Service Providers are required to submit self certificates periodically in the format as prescribed by TEC, DoT in order to ensure that normally all general public areas around the site are within the safe EMR exposure limits. Any violation noticed attracts heavy penalties on Telecom Service Provider(s) and may also lead to shut down of BTS in case the violation persists.

b) The TERM Cells have been given clear instructions with regard to the technical audit of BTS, including for radiation from towers within safe limits. These include roof top/ground based/pole mounted/ wall mounted towers. They will also verify antenna orientation, safe distance from the tower(exclusion zone) etc. Installation and augmentation of BTS and antenna is a continuous process. DoT is organizing frequent workshops for these officers to ensure observance of the latest guidelines issued by DoT on the subject of EMF radiation and public safety.

Annexure-II

Additional guidelines to TERM Cells for auditing BTS for EMF radiation

1. Instructions/guidelines have been issued to the TERM Cells for auditing the RF radiations from BTS for compliance to the prescribed norms. Following are additional guidelines to TERM Cells in the matter.
2. With a view to strengthen monitoring and compliance of safety aspects/ provisions in regard to radio frequency emissions from mobile towers, TERM Cells may take the following also into account while conducting their audits for the purpose of ensuring that all general public areas are within safe EMF exposure limits as prescribed by DoT.

- In case of both ground based towers & roof top towers, there shall be no building right in front of the antenna(e), of equivalent height taking into account the tilt of the lowest antenna on tower as per details in the table below. Further, the antennae at the same height only are to be counted, as the beam width of the mobile antennae, in the vertical direction, is very narrow.

No. of antenna (e) pointed in the same direction	Building/Structure safe distance from the antenna(e) at the same height (in metres)
1	20
2	35
4	45
6	55

- The distance figures in the above table are based on empirical estimation considering that all the antennae are emitting at their maximum RF power of 20 watts and exactly in the same direction with same height (a worst case scenario)". In practice, the values of safe distance of buildings will depend upon actual deployment scenarios and mostly may be far less than depicted above.

3. **Wall mounted/pole mounted antenna:**

- Whereever the antennae are mounted on the wall of building or pole on/ along the road, their height should be atleast 5 metres above ground level/road level. However, such installations will have to comply with the radiation limits.
- As far as safe distance of buildings from antenna is concerned, guidelines as given above will apply.

കേരള സർക്കാർ

78877/ആർ.എ 1/2013/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:12.03.2014.

സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - 20,000 m^2 ന് മുകളിലുള്ള കെട്ടിടങ്ങൾക്ക് പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസ് വാങ്ങുന്നത് - സംബന്ധിച്ച്.

കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതിവന മന്ത്രാലയം S.O.1533-10 നമ്പരായി 14.09.2006 ൽ പുറപ്പെടുവിച്ചിട്ടുള്ള പരിസ്ഥിതി ആഘാത വിലയിരുത്തൽ വിജ്ഞാപന (EIA Notification 2006) ത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ട് പ്രവൃത്തികൾ പുതുതായി തുടങ്ങുകയോ, നിലവിലുള്ളവയിൽ വ്യതിയാനങ്ങൾ വരുത്തുകയോ ചെയ്യുന്നതിന് മുൻപായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെയോ, കേന്ദ്ര സർക്കാർ രൂപീകരിച്ച State Level Environment Impact Assessment Authority (SEIAA) യുടെയോ മുൻകൂർ പാരിസ്ഥിതികാനുമതി (Environmental Clearance or EC) വാങ്ങിയിരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിരിക്കുന്നു. 20,000 സ്ക്വ.മീറ്ററും അതിൽ കൂടുതലോ ഉള്ള കെട്ടിട നിർമ്മാണമോ അഥവാ 50 ha കൂടുതൽ സ്ഥല വിസ്തീർണ്ണമോ ഉള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് State Level Impact Assessment Authority യിൽ നിന്നും മുൻകൂർ പാരിസ്ഥിതികാനുമതി ആവശ്യമാണ്.

കേന്ദ്ര സർക്കാരിന്റെ 2006 ലെ നോട്ടിഫിക്കേഷൻ പ്രാബല്യത്തിൽ വന്നതിനുശേഷവും പല പ്രോജക്ടുകളും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റേയോ State Level Impact Assessment Authority യുടേയോ മുൻകൂർ പാരിസ്ഥിതികാനുമതി വാങ്ങാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണാനുമതി നൽകിയിട്ടുള്ളതായും, പല നിർമ്മാണങ്ങളും ഇപ്പോൾ തുടർന്നു വരുന്നതായും, സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻകൂർ പാരിസ്ഥിതികാനുമതി വേണമെന്നിരിക്കെ, നിർമ്മാണങ്ങളും പദ്ധതികളും പൂർത്തീകരിച്ച ശേഷം പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതിന് ശ്രമിക്കുന്നത് വളരെയേറെ പ്രയാസങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും കാരണമാകും. എന്ന് മാത്രമല്ല, പാരിസ്ഥിതികാനുമതി ലഭിക്കാതെയുള്ള നിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടി വരുന്നത് പല ബുദ്ധിമുട്ടുകളും സൃഷ്ടിക്കാനിടയുണ്ട്. ആയതിനാൽ, പരിസ്ഥിതി ക്ലിയറൻസ് ആവശ്യമായ പ്രോജക്ടുകൾക്ക് അവ ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ നിർമ്മാണാനുമതി നൽകാവൂ. കൂടാതെ പ്ലോട്ടിൽ നിലവിലുള്ളതും, നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതുമായ കെട്ടിടത്തിന്റെ ആകെയുള്ള built up area യാണ് പരിസ്ഥിതി ക്ലിയറൻസ് കണക്കാക്കുന്നത്.

ഇക്കാര്യം ഉറപ്പുവരുത്തുന്നതിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തിപരമായി കടപ്പെട്ടിരിക്കുന്നതാണെന്ന് ഇതിനാൽ വ്യക്തമാക്കിക്കൊള്ളുന്നു.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
3. സെക്രട്ടറി, കോർപ്പറേഷൻ (തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, കൊച്ചി)
4. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
5. റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)
6. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
7. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
8 എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ (തദ്ദേശസ്വയംഭരണ വകുപ്പിന്റേയും മറ്റ് സർക്കാർ വൈബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
9. പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകുവാൻ)
10. പരിസ്ഥിതി വകുപ്പ്
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :

1. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
4. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
5. തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്
6. തദ്ദേശസ്വയംഭരണ (ആർ.ഡി/ആർ.ബി) വകുപ്പുകൾ.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.29342/ആർ.എ 1/2014/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:19.05.2014

സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - അനധികൃതനിർമ്മാണം സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നത് - സംബന്ധിച്ച്.

സൂചന: 07.08.2006 ലെ 22040/ഇ 1/06/തസ്വഭവ നമ്പർ സർക്കുലർ.

സംസ്ഥാനത്ത് ദിനംപ്രതി വർദ്ധിച്ചുവരുന്ന അനധികൃത നിർമ്മാണം ഗൗരവമായി കാണുന്നു. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ പരിശോധനകളിൽ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വ്യക്തമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും, വിശദമായ വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. അനധികൃത നിർമ്മാണം നടത്തിയ വ്യക്തിയുടെ പേരും മേൽവിലാസവും, പ്രൊവിഷണൽ ഓർഡർ നൽകി എന്ന വിവരവും മാത്രമാണ് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ളത്. ചട്ടലംഘനത്തെക്കുറിച്ചോ, സ്വീകരിച്ച തുടർനടപടികളെ സംബന്ധിച്ച വിശദവിവരങ്ങളോ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല.

അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാതെയും ക്രമവൽക്കരിക്കാതെയും അവ കാലക്രമത്തിൽ നിയമാനുസൃത നിർമ്മാണങ്ങളായി മാറുന്ന സാഹചര്യം സർക്കാർ ഗൗരവമായി കാണുന്നു. ഈ സാഹചര്യത്തിൽ സർക്കാർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കേണ്ടതാണ്.

ii. അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റുകളിലും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

iii. ചട്ടലംഘനങ്ങൾ പരിഹരിച്ചതിന് ശേഷം കെട്ടിടം നിയമാനുസൃതമാകുമ്പോഴും പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും പൊതുജനങ്ങൾ കാണത്തക്കവിധം പ്രസിദ്ധീകരിക്കേണ്ടതുമാണ്.

iv. രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളെ കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

v. തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഓരോ മാസത്തിന്റേയും അവസാനത്തെ ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും, പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

vi. സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

vii. അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓരോ മാസവും 25-ാം തീയതിയ്ക്കു മുൻപായി അതാതു തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ വകുപ്പുതലവന്മാർക്കു അയച്ചുകൊടുക്കേണ്ടതും, വകുപ്പുതലവൻമാർ അവ ക്രോഡീകരിച്ച് എല്ലാ മാസവും സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
3. സെക്രട്ടറി, കോർപ്പറേഷൻ (തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, കൊച്ചി)
4. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)
5. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
6. റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)
7. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
8. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
9 എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ (തദ്ദേശസ്വയംഭരണ വകുപ്പിന്റേയും മറ്റ് സർക്കാർ വൈബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
10. പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകുവാൻ)
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :

1. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
4. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
5. തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്.
6. തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക്.
7. തദ്ദേശസ്വയംഭരണ (ആർ.ഡി/ആർ.ബി) വകുപ്പുകൾ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.

അനുബന്ധം - I

സീരിയൽ നമ്പർ	അനധികൃത നിർമ്മാണം നടത്തിയ വ്യക്തിയുടെ മേൽവിലാസം	സർവ്വേ നമ്പർ & വില്ലേജ്	കെട്ടിടത്തിന്റെ ഉപയോഗവും, വിസ്തീർണ്ണവും	നിലകളുടെ എണ്ണം	പെർമിറ്റ് ലഭിച്ചിട്ടുള്ള പക്ഷം അവയുടെ നമ്പർ	നിർമ്മാണത്തിന്റെ തരം-പുതിയത്/ കൂട്ടിച്ചേർത്തത് തുടങ്ങിയവ	ചട്ടലംഘനത്തെക്കുറിച്ചുള്ള വിവരങ്ങൾ റൂൾ സഹിതം	നോട്ടീസ് നൽകിയ തീയതിയും നമ്പറും	പ്രൊവിഷണൽ ഓർഡർ നൽകിയ തീയതി	കൺഫർമേഷൻ ഓർഡർ നൽകിയ തീയതി	തുടർ നടപടികളുടെ വിശദാംശം	റിമാർക്സ്
1	2	3	4	5	6	7	8	9	10	11	12	13

©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2012-14

കേരള ഗസറ്റ്
KERALA GAZETTE

അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 3 Vol. III	തിരുവനന്തപുരം, വെള്ളി Thiruvananthapuram, Friday	2014 മേയ് 23 23rd May 2014 1189 ഇടവം 9 9th Idavam 1189 1936 ജ്യൈഷ്ഠം 2 2nd Jyaishta 1936	നമ്പർ No. 1313

GOVERNMENT OF KERALA

Local Self Government (RD) Department

NOTIFICATION

G. O. (Ms.) No. 89/2014/LSGD. *Dated, Thiruvananthapuram, 23rd May, 2014.*

S. R. O. No. 307/2014.— In exercise of the powers conferred by section 565 read with section 407 of the Kerala Municipality Act, 1994 (Act 20 of 1994), the Government of Kerala hereby make the following rules, further to amend the Kerala Municipality Building (Regularisation of Unauthorised Construction) Rules, 2014, issued under Notification G. O. (Ms.) No. 39/2014/LSGD dated 14th February, 2014, and published as S.R.O. No. 122/2014 in the Kerala Gazette Extraordinary No. 529, dated 17th February, 2014, namely:—

1. *Short title and commenement.*---(1) These rules may be called the Kerala Municipality Building (Regularisation of Unauthorised Construction) Second Amendment Rules, 2014.

(2) They shall be deemed to have come into force on the 17th day of February, 2014.

2. *Amendment to the Rules.*—In the Kerala Municipality Building (Regularisation of Unauthorised Construction) Rules, 2014, in rule 3,—

(i) in sub-rule (1), for the figures '90', the figures '270' shall be substituted;

(ii) in sub-rule (2), at the beginning of the sentence, for the words "If the application", the word "Application" shall be substituted.

By order of the Governor,

A. P. M. MOHAMMED HANISH, I.A.S.,
Secretary to Government.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

As per sub-rule (1) of rule 3 of the Kerala Municipality Building (Regularisation of Unauthorised Construction) Rules, 2014 notified as S.R.O. No. 122/2014 and published in the Kerala Gazette Extraordinary No. 529 dated 17th February, 2014, the time-limit of 90 days fixed for filing application will expire on 13-5-2014. Therefore, Government have decided to extend the time limit for a further period of 180 days from 14-5-2014 so as to provide opportunity to those who could not file application in time.

This notification is intended to achieve the above object.

ജനന മരണ രജിസ്ട്രേഷൻ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനനം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (സാധാ) നം.193/2010/തസ്വഭവ. തിരുവനന്തപുരം, തീയതി 19/01/2010.

പരാമർശം:- 1. 22/11/2008-ലെ സ.ഉ.(സാധാ) നം.4106/08/തസ്വഭവ നമ്പർ ഉത്തരവ്
2. 31/3/2009-ലെ 1083/ആർ.ഡി.3/09/തസ്വഭവ നമ്പർ സർക്കുലർ
3. പഞ്ചായത്ത് ഡയറക്ടറുടെ 29/09/2009-ലെ ബി1/27741/08 നമ്പർ കത്ത്.

ഉത്തരവ്

ദത്തെടുക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ ജനനരജിസ്ട്രേഷനു നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പരാമർശം ഒന്നിലെ സർക്കാർ ഉത്തരവു പ്രകാരവും പരാമർശം രണ്ടിലെ സർക്കുലർ പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുമ്പോൾ കുട്ടിയുടെ ജനന സ്ഥലം രേഖപ്പെടുത്തുന്നതു സംബന്ധിച്ച് വന്നിട്ടുള്ള ചില സംശയങ്ങളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം സ്പഷ്ടീകരണം ചോദിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഈ വിഷയം സംബന്ധിച്ച് താഴെപ്പറയുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

പരാമർശം ഒന്നിലെ ഉത്തരവിന് ശേഷമുള്ള എല്ലാ ദത്തെടുക്കലിനും കുട്ടിയെ നൽകുന്ന ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തേണ്ടതും പ്രസ്തുത ഉത്തരവിന് മുമ്പ് ദത്തെടുത്ത് നാളിതുവരെ ജനനം രജിസ്റ്റർ ചെയ്യാത്ത കേസുകളിൽ പരാമർശം രണ്ടിലെ സർക്കുലർ പ്രകാരം മാതാപിതാക്കളുടെ സ്ഥിര താമസസ്ഥലത്തും ജനന രജിസ്ട്രേഷൻ നടത്തേണ്ടതുമാണ്. ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തുമ്പോൾ ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലം കുട്ടിയുടെ ജനന സ്ഥലമായി രേഖപ്പെടുത്തേണ്ടതും, മാതാപിതാക്കളുടെ താമസ സ്ഥലത്ത് രജിസ്റ്റർ ചെയ്യുന്ന കേസിൽ പ്രസ്തുത സ്ഥലം ജനന സ്ഥലമായി രേഖപ്പെടുത്തേണ്ടതുമാണ്.

കോടതി ഉത്തരവിൽ ജനന സ്ഥലം വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, ഒന്നും രണ്ടും പരാമർശങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഏജൻസി സ്ഥിതിചെയ്യുന്ന സ്ഥലമോ, മാതാപിതാക്കളുടെ താമസ സ്ഥലമോ ജനന സ്ഥലമായി രേഖപ്പെടുത്തി രജിസ്റ്റർ ചെയ്യുവാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തിരുവനന്തപുരം
ജനന മരണ ചീഫ് രജിസ്ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (ചീഫ് ജനന മരണ രജിസ്ട്രാർ മുഖേന)
സെക്രട്ടറി, കേരള അഡോപ്റ്റീവ് ഫാമിലീസ് ഓർഗനൈസേഷൻ, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
✓ എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ ആന്റ് പി.ആർ.ഡി (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
പകർപ്പ്: ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന രജിസ്ട്രേഷൻ - ഗാർഡിയൻഷിപ്പ് (രക്ഷാകർത്തൃത്വം) രേഖപ്പെടുത്തുന്നതു സംബന്ധിച്ച് സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (സാധാ) നം. 3160/2010/തസ്വഭവ. തിരുവനന്തപുരം, തീയതി 30/09/2010.

പരാമർശം:- 1. 22/11/2008-ലെ സ.ഉ.(സാധാ) നം.4106/08/തസ്വഭവ നമ്പർ ഉത്തരവ്
2. 31/3/2009-ലെ 1083/ആർ.ഡി.3/09/തസ്വഭവ നമ്പർ സർക്കുലർ
3. 19/01/2010-ലെ സ.ഉ.(സാധ) നം.193/10/തസ്വഭവ ഉത്തരവ്.
4. പഞ്ചായത്ത് ഡയറക്ടറുടെ 26/07/2010-ലെ ബി1/21717/10 നമ്പർ കത്ത്.

ഉത്തരവ്

ദത്തെടുക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ ജനന രജിസ്ട്രേഷനു നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പരാമർശം ഒന്നിലെയും മൂന്നിലെയും സർക്കാർ ഉത്തരവുകൾ പ്രകാരവും പരാമർശം രണ്ടിലെ സർക്കുലർ പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുമ്പോൾ അംഗീകൃത ദത്തെടുക്കൽ ഏജൻസിയിൽ നിന്നും കോടതി മുഖാന്തിരം ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനനം സംബന്ധിച്ച കോടതി ഉത്തരവിൽ 'രക്ഷാകർത്താവ്' ആയി മാത്രം അംഗീകരിച്ചിട്ടുള്ള സാഹചര്യങ്ങളിൽ 'ഗാർഡിയൻഷിപ്പ്' വച്ച് ജനന രജിസ്ട്രേഷൻ നൽകുവാൻ സർക്കാർ തലത്തിൽ ഉത്തരവ് ആവശ്യമാണെന്ന് പരാമർശം 4 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരിക്കുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും. ഈ വിഷയം സംബന്ധിച്ച് താഴെ പറയുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനനം രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് മേൽ സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, കോടതി മുഖാന്തിരം 'ഗാർഡിയൻഷിപ്പ്' (രക്ഷാകർത്തൃത്വം) ലഭിച്ച് ഏറ്റെടുക്കുന്ന കുട്ടികൾക്കും ബാധകമാണ് എന്നും ജനന രജിസ്ട്രേഷനിൽ 'ഗാർഡിയൻഷിപ്പ്' എന്ന വിവരം കാണിച്ച് ജനന സർട്ടിഫിക്കറ്റ് നൽകാവുന്നതാണ് എന്നും എല്ലാ രജിസ്ട്രാർമാർക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
വി.വി.മുഹമ്മദ്
ഡെപ്യൂട്ടി സെക്രട്ടറി

ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തിരുവനന്തപുരം
ജനന മരണ ചീഫ് രജിസ്ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (ചീഫ് ജനന മരണ രജിസ്ട്രാർ മുഖേന)
സെക്രട്ടറി, കേരള അഡോപ്റ്റീവ് ഫാമിലീസ് ഓർഗനൈസേഷൻ, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ,കെ,എം,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ ആന്റ് പി.ആർ.ഡി (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
പകർപ്പ്: ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജനന-മരണ രജിസ്ട്രേഷൻ - ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന രജിസ്ട്രേഷൻ - ജനന സ്ഥലം തിരുത്തൽ വരുത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (ആർ.റ്റി) നം. 1480/2011/തസ്വഭവ. തിരുവനന്തപുരം, തീയതി 20/06/2011.

പരാമർശം:- 1. 22/11/2008-ലെ സ.ഉ.(സാധാ) നം.4106/08/തസ്വഭവ നമ്പർ ഉത്തരവ്
2. 31/3/2009-ലെ 1083/ആർ.ഡി.3/09/തസ്വഭവ നമ്പർ സർക്കുലർ
3. 19/01/2010-ലെ സ.ഉ.(സാധ) നം.193/10/തസ്വഭവ നമ്പർ ഉത്തരവ്.
4. 11/03/2011-ലെ സ.ഉ.(ആർ.റ്റി) 768/2011/തസ്വഭവ നമ്പർ ഉത്തരവ്.

ഉത്തരവ്

പരാമർശം 1-ലെ സർക്കാർ ഉത്തരവിന് ശേഷമുള്ള എല്ലാ ദത്തെടുക്കലിനും കുട്ടിയെ നല്കുന്ന ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തേണ്ടതും പ്രസ്തുത ഉത്തരവിന് മുമ്പ് ദത്തെടുത്ത് ജനനം രജിസ്റ്റർ ചെയ്യാത്ത കേസുകളിൽ പരാമർശം 2-ലെ സർക്കുലർ പ്രകാരം മാതാപിതാക്കളുടെ സ്ഥിര താമസസ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തേണ്ടതാണെന്നും ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തുമ്പോൾ ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലം കുട്ടിയുടെ ജനന സ്ഥലമായി രേഖപ്പെടുത്തേണ്ടതാണെന്നും കോടതി ഉത്തരവിൽ ജനന സ്ഥലം വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പരാമർശം 1,2 ഇവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലമോ മാതാപിതാക്കളുടെ താമസസ്ഥലമോ ജനന സ്ഥലമായി രേഖപ്പെടുത്തി രജിസ്റ്റർ ചെയ്യാവുന്നതാണെന്നും പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു.

പരാമർശം 4 പ്രകാരം ദത്തെടുക്കൽ കേന്ദ്രം ജനന സ്ഥലമായി രജിസ്ട്രേഷൻ നടത്തിയവർക്ക് ടി കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം കുട്ടിയുടെ ജനന സ്ഥലമായി തിരുത്തി നൽകുന്നതിന് അനുമതി നല്കിയിരുന്നു.

ദത്തെടുക്കൽ കേന്ദ്രമോ കേന്ദ്രം സ്ഥിതിചെയ്യുന്ന സ്ഥലമോ ജനനസ്ഥലമായി രജിസ്റ്റർ ചെയ്ത കേസുകളിൽ മാതാപിതാക്കളുടെ താമസസ്ഥലത്ത് രജിസ്റ്റർ ചെയ്യുന്നതിനും മാതാപിതാക്കളുടെ വിലാസം ജനന സ്ഥലമായി രേഖപ്പെടുത്തുന്നതിനും അനുമതി നല്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദത്തെടുക്കപ്പെടുന്ന കുട്ടികളുടെ കാര്യത്തിൽ ദത്തെടുക്കൽ കേന്ദ്രമോ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലമോ ജനന സ്ഥലമായി രജിസ്റ്റർ ചെയ്ത കേസുകളിൽ മാതാപിതാക്കളുടെ താമസസ്ഥലത്ത് ജനനം രജിസ്റ്റർ ചെയ്യുന്നതിനും മാതാപിതാക്കളുടെ വിലാസം കുട്ടിയുടെ ജനന സ്ഥലമായി രേഖപ്പെടുത്തുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ. ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി

ജനന മരണ ചീഫ് രജിസ്ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തിരുവനന്തപുരം
എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (ചീഫ് ജനന മരണ രജിസ്ട്രാർ മുഖേന)
ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ,കെ,എം,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ ആന്റ് പി.ആർ.ഡി (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
പകർപ്പ്: ബഹു:പഞ്ചായത്ത് ,സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ
സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നമ്പർ. 32859/ആർ.ഡി.3/2011/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി 04/08/2011

സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് – ചികിത്സാർത്ഥം ആശുപത്രിയിലേക്ക് പോകുന്നതിനിടയിലുള്ള മരണം – രജിസ്ട്രേഷൻ സ്പഷ്ടീകരണം സംബന്ധിച്ച്.

സൂചന:– (1) സർക്കാർ ഉത്തരവ് (സാ) നം.615/09/തസ്വഭവ തീയതി 11/03/2009
(2) പഞ്ചായത്ത് ഡയറക്ടറുടെ 24/06/2011–ലെ ബി1–20741/09 നമ്പർ കത്ത്.

1999–ലെ കേരള ജനന–മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ, ചട്ടം 6 (1) പ്രകാരം സഞ്ചരിക്കുന്ന വാഹനങ്ങളിൽ വച്ചു സംഭവിക്കുന്ന ജനനവും മരണവും പ്രസ്തുത ജനനം/മരണം സംഭവിച്ചശേഷം വാഹനം ആദ്യം നിർത്തുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ വാഹനത്തിന്റെ ചുമതലക്കാരൻ റിപ്പോർട്ട് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. യാത്രയ്ക്കിടയിൽ അസുഖബാധിതരാവുകയും ചികിത്സാർത്ഥം ആശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോൾ വാഹനത്തിൽ വച്ച് മരണം സംഭവിക്കുകയും ചെയ്യുന്ന കേസുകളിൽ മരണം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച സംഭവിക്കുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഇപ്രകാരമുള്ള മരണം സ്ഥിരീകരിക്കുന്ന ഡോക്ടർമാരെ 1969–ലെ ജനന–മരണ രജിസ്ട്രേഷൻ ആക്ട്, സെക്ഷൻ 10 (1) പ്രകാരം അറിയിപ്പു നൽകുന്നതിന് ചുമതലപ്പെടുത്തി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. യാത്രയ്ക്കിടെ അസുഖബാധിതരാവുകയും, ആശുപത്രിയിലേക്കുള്ള യാത്രയ്ക്കിടയിൽ മരണം സംഭവിക്കുന്നതിനാൽ സ്വദേശത്തേയ്ക്ക് കൊണ്ടുപോകുകയും ചെയ്യുന്ന കേസുകളിൽ രജിസ്ട്രേഷൻ നടത്തുന്നതിനും, സർട്ടിഫിക്കറ്റ് വാങ്ങുന്നതിനും സാധിക്കാതെ വരുന്നതുമൂലം പരാതികൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസുകളിൽ വാഹനത്തിൽ വച്ച് മരണം സംഭവിക്കുന്നതിനാൽ മരണം സംഭവിക്കപ്പെടുന്ന പഞ്ചായത്തിലോ മാർഗ്ഗ മദ്ധ്യേയുള്ള മറ്റേതെങ്കിലും രജിസ്ട്രേഷൻ യൂണിറ്റിലോ രജിസ്ട്രേഷൻ നടത്താനും വ്യവസ്ഥയില്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ, ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ വിശദമാക്കിക്കൊണ്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

(1) യാത്രയ്ക്കിടയിൽ മരണം സംഭവിക്കുകയും ആശുപത്രിയിൽ എത്താതെ സ്വദേശത്തേയ്ക്ക് കൊണ്ടുപോകുകയും ചെയ്യുന്ന കേസ്സുകളിൽ 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ, ചട്ടം 6 (1) പ്രകാരം, മരണശേഷം വാഹനം നിർത്തപ്പെടുന്ന താമസസ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ ബന്ധപ്പെട്ടവർ ഫാറം 2-ലുള്ള മരണ റിപ്പോർട്ട് നൽകേണ്ടതും, വാഹനത്തിൽ വച്ച് മരണം സംഭവിച്ചതാണെന്നും വാഹനം നിർത്തിയത് ഏതു സ്ഥലത്താണെന്നും വിശദമാക്കുന്ന സത്യവാങ്മൂലം നൽകേണ്ടതുമാണ്.

(2) ഇത്തരം കേസുകളിൽ മരണ സ്ഥലം " .....-ൽ നിന്ന് .....ലേക്കുള്ള യാത്രക്കിടയിൽ വാഹനത്തിൽ വച്ച്" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

(3) യാത്രക്കിടയിൽ നടന്ന മരണം യഥാസമയം രജിസ്റ്റർ ചെയ്യാൻ സാധിക്കാതെ പോയ കേസുകളിൽ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്, സെക്ഷൻ 13-ലെയും 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 9-ലെയും വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട അധികാരിയുടെ അനുമതിയോടെ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

ജനന മരണ ചീഫ് രജിസ്ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
(എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും പഞ്ചായത്ത് ഡയറക്ടർ മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ,കെ,എം,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ ആന്റ് പി.ആർ.ഡി (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എസ്സ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സത്യപ്രസ്താവന

----/----/----/ ------ാംമാണ്ട് ------ മാസം ------തീയതി ----------ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ജനന മരണ രജിസ്ട്രാർ മുമ്പാകെ -------- സംസ്ഥാനത്ത് ----------ജില്ലയിൽ ---------- താലൂക്കിൽ ----------വില്ലേജിൽ ---------- വീട്ടിൽ ----------വയസ്സുള്ള----------നൽകുന്ന സത്യപ്രസ്താവന.

----------സ്ഥലത്ത് നിന്ന് ---------- സ്ഥലത്തേയ്ക്കുള്ള യാത്രാമദ്ധ്യേ അസുഖബാധിതനായതിനെതുടർന്ന് എന്റെ ---------- ആയ ---------- എന്നയാളെ -------- ആശുപത്രിയിലേക്കു കൊണ്ടുപോകുന്ന മാർഗ്ഗമദ്ധ്യേ വാഹനത്തിൽ വച്ച് മരണപ്പെട്ടിട്ടുള്ളതാണെന്നും, ആയതിനാൽ ടിയാന്റെ മൃതശരീരം ആശുപത്രിയിൽ പ്രവേശിപ്പിക്കാതെ താമസസ്ഥലമായ -------- സംസ്ഥാനത്തെ ---------- ജില്ലയിലെ ---------- താലൂക്കിലെ---------- വില്ലേജിലെ ----------ലേയ്ക്ക് കൊണ്ടുപോയെന്നും, മരണം ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലായെന്നും ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും ഉത്തമവിശ്വാസത്തിലും പെട്ടിടത്തോളം പൂർണമായും ശരിയും സത്യവുമാണെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്യുകൊള്ളുന്നു.

ഒപ്പ്:

പേര്:

മേൽവിലാസം:

തീയതി:

കേരള സർക്കാർ

നമ്പർ. 35845/ആർ.ഡി.3/2011/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി 01/02/2012

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ജനന മരണ രജിസ്ട്രേഷൻ - കുട്ടിയുടെ പേര് തിരുത്തൽ വരുത്തുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട്പ്രകാരം ജനന മരണ രജിസ്ട്രേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള തെറ്റായ വിവരം തിരുത്താവുന്നതാണ്. 21/01/2010-ൽ സർക്കാരിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള 68413/ആർ.ഡി3/10/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ജനന രജിസ്ട്രേഷൻ സമയത്തോ അതിനുശേഷമോ കുട്ടിയുടെ പേര് ചേർത്തിട്ടുള്ളത് സ്കൂളിൽ ചേർക്കുന്നതിനു മുമ്പായി ഒരു പ്രാവശ്യം മാറ്റം വരുത്തുന്നതിനുള്ള മാതാപിതാക്കളുടെ അപേക്ഷ അനുവദിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കുട്ടിയെ സ്കൂളുകളിൽ ചേർത്തശേഷം ജനന സർട്ടിഫിക്കറ്റിൽ ചേർത്തിട്ടുള്ള പേര് തിരുത്തുന്നതിലേയ്ക്കായി നിരവധി അപേക്ഷകൾ ലഭിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്തും ടി വിഷയവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയുടെ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിലും ആക്ടിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ടും 21/01/2010-ലെ 68413/ആർ.ഡി3/10/തസ്വഭവ നമ്പർ സർക്കുലറിലെ 1-ാം ഖണ്ഡിക താഴെ പറയും പ്രകാരം മാറ്റിയിരിക്കുന്നു.

ജനന രജിസ്ട്രേഷൻ സമയത്തോ അതിനുശേഷം കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിനു മുമ്പായോ കുട്ടിയുടെ പേര് തെറ്റായി ജനന രജിസ്ട്രേഷനിൽ ചേർത്തുപോയിട്ടുണ്ടെങ്കിൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷയുടെയും (പ്രായപൂർത്തിയായ കുട്ടിയുടെ കേസിൽ കുട്ടിയുടെ അപേക്ഷ), സ്കൂൾ രേഖയുടെയും അടിസ്ഥാനത്തിൽ അന്വേഷിച്ചു ബോദ്ധ്യം വന്നശേഷം സ്കൂൾ രേഖ പ്രകാരമുള്ള പേരു ചേർക്കാവുന്നതാണ്. ഇതിനായി തെറ്റായ പേരുചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലം മാതാപിതാക്കൾ നൽകേണ്ടതും തെറ്റായ വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50/- രൂപ കോമ്പൗണ്ടിംഗ് ഫീ ഒടുക്കേണ്ടതുമാണ്. കുട്ടിയെ സ്കൂളിൽ ചേർത്ത ശേഷം ജനന രജിസ്ട്രേഷനിൽ പേരു ചേർക്കുന്ന കേസുകളിൽ സ്കൂൾ രേഖ നിർബന്ധമായും ഹാജരാക്കേണ്ടതും അതു പ്രകാരം തന്നെ പേരു ചേർക്കേണ്ടതുമാണ്.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാനഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും
സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന)
എല്ലാ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ റിജീയണൽ ജോയിന്റ് ഡയറക്ർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജനനമരണരജിസ്ട്രാർമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: 1. നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
5. കരുതൽ ഫയൽ/ഓഫിസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

നം.10021/ഐബി1/2012/തസ്വഭവ

തിരുവനന്തപുരം
തിയതി, 04.05.2012

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - ജനന - മരണ - വിവാഹ രജിസ്ട്രേഷൻ 1970 മുതലുള്ള മുൻകാല രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം - പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു.

സൂചന:- 1. സർക്കുലർ നം. 5078/ഐബി 1/09/തസ്വഭവ തിയതി 26.04.2009.
2. സ.ഉ.(സാധാ) നം. 304/12/തസ്വഭവ തിയതി 30.01.2012
3. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 13.02.2012 ലെ പി.ഡി.ഇ/1/ജനറൽ/വോള്യം/2/02 നമ്പർ കത്ത്.
4. കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.03.2012 ലെ 3.43 നമ്പർ തീരുമാനം

മേൽ സൂചന സർക്കുലർ പ്രകാരം ജനന - മരണ - വിവാഹ രജിസ്ട്രേഷൻ 1970 മുതലുള്ള മുൻകാല രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് മേൽ രണ്ടാം സൂചന സർക്കാർ ഉത്തരവ് പ്രകാരം ജനന - മരണ - വിവാഹ രജിസ്ട്രേഷൻ മുൻകാല റിക്കാർഡുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് റിക്കാർഡ് ഒന്നിന് 8 രൂപ നിരക്കിലും പൊതു വിവാഹരജിസ്ട്രേഷൻ മുൻകാല റിക്കാർഡുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് റിക്കാർഡ് ഒന്നിന് 10 രൂപ നിരക്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ /തനത് ഫണ്ടിൽ ഉൾപ്പെടുത്തി ചെലവ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജനന - മരണ - വിവാഹ രജിസ്ട്രേഷൻ 1970 മുതലുള്ള മുൻകാല രേഖകളുടെ

കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കാനുള്ള സമയപരിധി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട് എന്നും സർക്കാരിന് ബോദ്ധ്യപ്പെടുകയുണ്ടായി.

2. മേൽ സാഹചര്യത്തിൽ സൂചന (1) സർക്കുലർ പരിഷ്ക്കരിച്ച് ഉത്തരവാകണമെന്നും, രണ്ടാം സൂചന ഉത്തരവ് പ്രകാരം ഓരോ റിക്കാർഡിന്റെയും കമ്പ്യൂട്ടർവൽക്കരണത്തിന് അനുവദിച്ചിട്ടുള്ള തുക ഓരോ ഘടകത്തിനും എത്ര രൂപ വീതം എന്ന് നിശ്ചയിച്ച് ഉത്തരവാകുന്നതിനും സൂചന (3) ലെ കത്ത് പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ സർക്കാരിലേയ്ക്ക് നിർദ്ദേശം സമർപ്പിച്ചു.

3. ഇൻഫർമേഷൻ കേരള മിഷന്റെ ശുപാർശ 28.03.2012 ൽ ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം അംഗീകരിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻകാല സിവിൽ രജിസ്ട്രേഷൻ മുൻകാല റിക്കാർഡുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് മേൽ സൂചന സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ മാറ്റങ്ങൾ വരുത്തി പരിഷ്ക്കരിച്ച് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

1. സിവിൽ രജിസ്ട്രേഷൻ മുൻകാല റിക്കാർഡുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് സൂചന (2) ഉത്തരവു പ്രകാരം അംഗീകരിച്ചിട്ടുള്ള നിരക്കുകളിൽ ഓരോ ഘടകത്തിനും അനുവദനീയമായ തുക ഇതോടൊപ്പം അനുബന്ധം ആയി ചേർക്കുന്നു.

2. എല്ലാ നഗരസഭകളും / ഗ്രാമപഞ്ചായത്തുകളും മുൻകാല സിവിൽ രജിസ്ട്രേഷൻ കമ്പ്യൂട്ടർവൽക്കരണത്തിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾക്ക് 2012 – 13 സാമ്പത്തിക വർഷത്തിലെ പൊതുവിഭാഗം പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നോ തനതുഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ തുക കണ്ടെത്തി ഡിപിസി അംഗീകാരത്തോടെ പ്രവർത്തനങ്ങൾ സമയബന്ധിത

മായി പൂർത്തിയാക്കേണ്ടതാണ്.

3. കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്ന റിക്കാർഡുകളുടെ ഗുണനിലവാരം ബന്ധപ്പെട്ട ജീവനക്കാർ തന്നെ ഉറപ്പാക്കേണ്ടതാണ്. ഐ.കെ.എം ഇതിനകം ഗുണനിലവാര പരിശോധന പൂർത്തിയാക്കിയിട്ടുള്ള തദ്ദേശ ഭരണസ്ഥാപനങ്ങൾ റിക്കാർഡ് ഒന്നിന് 2 രൂപ നിരക്കിലുള്ള തുക ഐ.കെ.എം ന് നൽകേണ്ടതാണ്. ഗുണനിലവാര പരിശോധനയ്ക്ക് റിക്കാർഡ് ഒന്നിന് 2 രൂപ നിരക്കിൽ ഐ.കെ.എം ന് മുൻകൂർ നൽകിയിട്ടുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഡേറ്റാ എൻട്രി പൂർത്തിയായതായി അറിയിപ്പ് നൽകുന്ന മുറയ്ക്ക് സാമ്പിൾ അടിസ്ഥാനത്തിലുള്ള ഗുണനിലവാര പരിശോധന ഐ.കെ.എം നിർവ്വഹിക്കേണ്ടതാണ്..

4. ഓരോ ബുക്കിലെയും ഡേറ്റാ എൻട്രി പൂർത്തിയായാൽ 30 ദിവസത്തിനകം ജീവനക്കാർ അതു പരിശോധിച്ച് രജിസ്ട്രാർ അംഗീകരിച്ച് ഓൺലൈൻ ഡേറ്റാബെയ്സിൽ സംയോജിപ്പിക്കേണ്ടതാണ്. അധികാരപ്പെട്ട ജീവനക്കാർ തന്നെ അപ്രകാരം ചെയ്യുന്നതിനുള്ള സൗകര്യം സോഫ്റ്റ്വെയറിൽ ലഭ്യമാണ്. ഓൺലൈൻ ഡേറ്റാബെയ്സിൽ പോർട്ടു ചെയ്യുന്ന വിവരങ്ങൾ അപ്പോൾ തന്നെ സംസ്ഥാന ഡേറ്റാസെന്ററിലേയ്ക്ക് അപ്ലോഡ് ചെയ്ത് വെബ് സർവ്വീസ് വഴി ജനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

5. 2012 മാർച്ച് 31 വരെ പൂർത്തിയാക്കാൻ കഴിയാതിരുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് 2012 ഏപ്രിൽ - മേയ് മാസങ്ങളിൽ പ്രവർത്തനം ആരംഭിച്ച് 2013 ജനുവരി മാസത്തോടുകൂടി പ്രവർത്തനം പൂർത്തിയാകുന്ന രീതിയിൽ ഒരു പ്രവർത്തന കലണ്ടർ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും തയ്യാറാക്കി പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർ/ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ എന്നിവർക്ക് 2012 മേയ് 15 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്. 1989 മുതലുള്ള മുൻകാല ജനന റിക്കാർഡുകൾ 2012 ജൂൺ 30 ന് മുമ്പ് ഡേറ്റ എൻട്രി പൂർത്തിയാക്കി ഓൺലൈനിലേക്ക് പോർട്ട്

ചെയ്യത്തക്ക രീതിയിലും 1979 മുതലുള്ള മുഴുവൻ ജനന റിക്കാർഡുകളും 2012 സെപ്റ്റംബർ 30 ന് മുമ്പായും മുഴുവൻ മുൻകാല മരണ റിക്കാർഡുകളും വിവാഹ റിക്കാർഡുകളും ഡിസംബർ 31 ന് മുമ്പായി പോർട്ട് ചെയ്യത്തക്ക രീതിയിലും ആണ് കലണ്ടർ തയ്യാറാക്കേണ്ടത്.

6. സൂചന (1) സർക്കുലറിലെ മോണിറ്ററിംഗ് സംബന്ധമായ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും , ത്രൈമാസികമായി സംഗ്രഹീത പുരോഗതി റിപ്പോർട്ട് പഞ്ചായത്തു ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ എന്നിവർ സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

വി.എസ്. സുരേഷ് കുമാർ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ നഗരസഭകളിലെയും ചെയർമാൻ / മേയർമാർക്കും
സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും
സെക്രട്ടറിമാർക്കും (പഞ്ചായത്തു ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ, കേരള സ്റ്റേറ്റ് ഐറ്റി മിഷൻ ,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ് :- പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

സേവന മുൻകാല ജനന, മരണ, വിവാഹ രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടറൈസേഷൻ - വിവിധ പ്രവർത്തനങ്ങൾക്കുള്ള പുതുക്കിയ നിരക്ക്

ക്രമ നമ്പർ	ഇനം	ജനന,മരണ, ഹിന്ദു വിവാഹം പുതുക്കിയ നിരക്ക്	പൊതു വിവാഹ നിരക്ക്
1	പ്രീ പ്രോസസിംഗ്	0.20	0.50
2	കോർ ഡാറ്റാ എൻട്രിയും പരിശോധനയും	4.50	5.50
3	ഓൺലൈൻ പരിശോധനയും തെറ്റു തിരുത്തലും	1.00	1.00
4	ഗുണനിലവാര പരിശോധന / ജീവനക്കാരുടെ പരിശോധന ഇവ കഴിഞ്ഞുള്ള തെറ്റുതിരുത്തൽ	0.30	0.50
	ഡേറ്റാ എൻട്രി ആകെ	6.00	7.50
1*	കമ്പ്യൂട്ടർ /പ്രിന്റർ / യു.പി.എസ് തുടങ്ങിയവയുടെ വാടക	0.80	1.00
2**	കറന്റ് ചാർജ്ജ് /പ്രിന്റ് ഔട്ട് ചെലവ് / മറ്റു ചെലവുകൾ	0.70	0.90
3	പരിശോധനയ്ക്ക് ജീവനക്കാർക്കുള്ള ഓണറേറിയം	0.50	0.60
	മറ്റു ചിലവുകൾ ആകെ	2.00	2.50
	റിക്കാർഡ് ഒന്നിന് ആകെ ചെലവ്	8.00	10.00

* തദ്ദേശ ഭരണ സ്ഥാപനത്തിൽ ഈ ജോലിയ്ക്ക് കമ്പ്യൂട്ടർ ലഭ്യമല്ല എങ്കിൽ ഡാറ്റാ എൻട്രി യൂണിറ്റ് ഇവ സജ്ജീകരിച്ച് നൽകുന്നതിനുള്ള ചെലവ്. തദ്ദേശ ഭരണ സ്ഥാപനത്തിൽ കമ്പ്യൂട്ടറും മറ്റും ലഭ്യമാണെങ്കിൽ ഈ ചെലവ് ആവശ്യമില്ല.

** തദ്ദേശ ഭരണ സ്ഥാപനത്തിന് ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ് / ആവശ്യമുണ്ടെങ്കിൽ പ്രിന്റ് എടുത്തു പരിശോധന നടത്തുവാൻ കഴിയുന്നതാണ്.

കേരള സർക്കാർ

നമ്പർ. 9748/ആർ.ഡി.3/2012/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി 07/05/2012

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ജനന-മരണ രജിസ്ട്രേഷൻ - കുട്ടിയുടെ പേര് തിരുത്തൽ വരുത്തുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ 15-ാം വകുപ്പുപ്രകാരം ജനന മരണ രജിസ്ട്രേഷനുകളിൽ രേഖപ്പെടുത്തിയിട്ടുള്ള തെറ്റായ വിവരം തിരുത്താവുന്നതാണ്. ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരിനൊപ്പം ചേർക്കുന്ന ഇനിഷ്യൽ വികസിപ്പിച്ചിട്ടുള്ള തിരുത്തലുകൾ നിലവിൽ അനുവദനീയമല്ല. എന്നാൽ ഇതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് താഴെ പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ജനന രജിസ്ട്രേഷനുകളിലെ കുട്ടിയുടെ പേരിലെ ഇനിഷ്യൽ വികസിപ്പിച്ച് തിരുത്തലുകൾ നൽകാവുന്നതാണ്. ഇതിനായി മാതാപിതാക്കളുടെ സംയുക്ത അപേക്ഷയും (പ്രായപൂർത്തിയായ കേസുകളിൽ കുട്ടിയുടെ അപേക്ഷ) തെറ്റായ പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലവും മാതാപിതാക്കൾ നൽകേണ്ടതും തെറ്റായ വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50/- രൂപ കോമ്പൗണ്ടിംഗ് ഫീ ഒടുക്കേണ്ടതുമാണ്.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാനഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും
സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന)
എല്ലാ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജനനമരണരജിസ്ട്രാർമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: 1.ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2.നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3.പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
4.തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
5.തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
6.കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന ജനന-മരണ സർട്ടിഫിക്കറ്റുകൾ - ആധികാരിക രേഖയായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (കൈ) നം.202/2012/തസ്വഭവ. തിരുവനന്തപുരം, തീയതി 25/07/2012.

ഉത്തരവ്

വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന ബാർകോഡോടു കൂടിയ ജനന-മരണ സർട്ടിഫിക്കറ്റുകൾ എല്ലാ സർക്കാർ ആവശ്യങ്ങൾക്കും ആധികാരിക രേഖയായി അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ടി.കെ.മനോജ് കുമാർ

പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാനഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും
സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന)
പൊതുഭരണ (എസ്.സി) വകുപ്പ് (04/07/2012-ലെ ഇനം നമ്പർ 1938 പ്രകാരം)
എല്ലാ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ റിജീയണൽ ജോയിന്റ് ഡയറക്ർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജനനമരണരജിസ്ട്രാർമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജനന-മരണ രജിസ്ട്രേഷൻ - ദത്തെടുക്കപ്പെട്ട കുട്ടികളുടെ ജനന രജിസ്ട്രേഷൻ മാതാപിതാക്കളുടെ സ്ഥിര മേൽവിലാസമുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാനും പ്രസ്തുത സ്ഥലം ജനന സ്ഥലമായി രേഖപ്പെടുത്താനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (ആർ.റ്റി) നം.2143/2012/തസ്വഭവ. തിരുവനന്തപുരം, തീയതി 04/08/2012.

പരാമർശം:- 1. 22/11/2008-ലെ സ.ഉ.(സാധാ) നം.4106/08/തസ്വഭവ നമ്പർ ഉത്തരവ്
2.19/01/2010-ലെ സ.ഉ.(സാധാ) നം.193/10/തസ്വഭവ നമ്പർ ഉത്തരവ്.
3. 11/03/2011-ലെ സ.ഉ.(ആർ.റ്റി) നം.768/11/തസ്വഭവ നമ്പർ ഉത്തരവ്
4. 20/06/2011-ലെ സ.ഉ.(ആർ.റ്റി) നം.1480/2011/തസ്വഭവ നമ്പർ ഉത്തരവ്
5. കേരള അഡോപ്റ്റീവ് ഫാമിലീസ് ഓർഗനൈസേഷൻ സെക്രട്ടറിയുടെ 04/01/2012-ലെ നിവേദനം.
6.പഞ്ചായത്ത് ഡയറക്ടറുടെ 26/03/2012-ലെ ബി.1-4029/12 നമ്പർ കത്ത്.

ഉത്തരവ്

അംഗീകൃത അഡോപ്ഷൻ പ്ലേസ്മെന്റ് ഏജൻസികൾ മുഖേന കുട്ടികളെ ദത്തെടുക്കുന്ന കേസുകളിൽ ജനനം രജിസ്റ്റർ ചെയ്യുന്നതിന് ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

22/11/2008-ലെ ഉത്തരവിന് ശേഷമുള്ള എല്ലാ ദത്തെടുക്കലിനും കുട്ടിയെ നൽകുന്ന ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തേണ്ടതും ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലം ജനന സ്ഥലമായി രേഖപ്പെടുത്തേണ്ടതും ടി ഉത്തരവിന് മുമ്പ് ദത്തെടുത്ത് നാളിതുവരെ ജനനം രജിസ്റ്റർ ചെയ്യാത്ത കേസുകളിൽ മാതാപിതാക്കളുടെ സ്ഥിരതാമസ സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തേണ്ടതും മാതാപിതാക്കളുടെ താമസസ്ഥലം ജനന സ്ഥലമായി രേഖപ്പെടുത്തി രജിസ്റ്റർ ചെയ്യാവുന്നതുമാണെന്ന് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു.

ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന രജിസ്റ്ററിൽ ദത്തെടുക്കൽ കേന്ദ്രം ജനന സ്ഥലമായി രജിസ്ട്രേഷൻ നടത്തിയവർക്ക് ടി കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം കുട്ടിയുടെ ജനന സ്ഥലമായി തിരുത്തി നൽകുന്നതിന് പരാമർശം 3-ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

ദത്തെടുക്കപ്പെട്ട കുട്ടികളുടെ കാര്യത്തിൽ ദത്തെടുക്കൽ കേന്ദ്രമോ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലമോ ജനന സ്ഥലമായി രജിസ്റ്റർ ചെയ്ത കേസുകളിൽ മാതാപിതാക്കളുടെ താമസസ്ഥലത്ത് ജനനം രജിസ്റ്റർ ചെയ്യുന്നതിനും മാതാപിതാക്കളുടെ വിലാസം കുട്ടിയുടെ ജനന സ്ഥലമായി രേഖപ്പെടുത്തുന്നതിന് പരാമർശം 4-ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

നിലവിലെ സാഹചര്യത്തിൽ 22/11/2008-നുശേഷം കുട്ടികളെ ദത്തെടുത്തവർക്ക് ദത്തെടുക്കൽ കേന്ദ്രം സ്ഥിതി ചെയ്യുന്ന രജിസ്ട്രേഷൻ യൂണിറ്റിൽ കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്യേണ്ടി വരുന്നു. കുട്ടിയുടെ സ്കൂൾ രേഖ, പാസ്പോർട്ട് തുടങ്ങിയവയിൽ മാതാപിതാക്കളുടെ സ്ഥിരമേൽവിലാസം ജനന സ്ഥലമായി രേഖപ്പെടുത്തുകയും എന്നാൽ പിന്നീട് ഇത് മാറ്റുന്നതിന് ഇവർ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിയ്ക്കേണ്ടിയും വരുന്നു. ദത്തെടുക്കപ്പെട്ട കുട്ടികളുടെ ഭാവി ജീവിതവും മാനസികാവസ്ഥയും കണക്കിലെടുത്തും കുട്ടികളുടെയും മാതാപിതാക്കളുടെയും അഭിമാന ബോധത്തിന് ക്ഷതം സംഭവിക്കാതിരിക്കുന്നതിനും ദത്തെടുക്കപ്പെടുന്ന കുട്ടികളുടെ ജനനം മാതാപിതാക്കളുടെ സ്ഥിര മേൽവിലാസമുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ചീഫ് ജനന-മരണ രജിസ്ട്രാറും ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, താഴെ പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദത്തെടുക്കപ്പെട്ട് നാളിതുവരെ ജനനം രജിസ്റ്റർ ചെയ്യാൻ കഴിയാതിരുന്ന കുട്ടികളുടെ കാര്യത്തിലും ഇനിയും ദത്തെടുക്കപ്പെടുന്ന കുട്ടികളുടെ കാര്യത്തിലും ജനനം മാതാപിതാക്കളുടെ സ്ഥിരമേൽവിലാസമുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാനും പ്രസ്തുത സ്ഥലം ജനനസ്ഥലമായി രേഖപ്പെടുത്താനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ.ആർ.സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി

ജനന മരണ ചീഫ് രജിസ്ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തിരുവനന്തപുരം
എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (ചീഫ് ജനന മരണ രജിസ്ട്രാർ മുഖേന)
ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ,കെ,എം,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ ആന്റ് പി.ആർ.ഡി (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ
സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നംപർ 23001/ആർ.ഡി.3/12/ത.സ്വ.ഭ.വ

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി: 8-10-2012

സർക്കുലർ

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - ജനന-മരണ സർട്ടിഫിക്കറ്റുകൾ ഓരോ ആവശ്യത്തിനും പ്രത്യേകം പ്രത്യേകമായി വാങ്ങുന്ന രീതി അവസാനിപ്പിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിക്കുന്നു.

കേരള സർക്കാരിന്റെ കീഴിലുള്ള പല വകുപ്പുകളിലും സർക്കാർ നിയന്ത്രണത്തിലുള്ള പല സ്ഥാപനങ്ങളിലും ഓരോ ആവശ്യത്തിനും പ്രത്യേകം പ്രത്യേകമായി ജനന/മരണ സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്ന/വാങ്ങുന്ന രീതി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ജനങ്ങൾക്ക് ഒട്ടേറെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ രീതി സർക്കാർ അവസാനിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇത്തരം സർട്ടിഫിക്കറ്റുകൾ ആവശ്യമെങ്കിൽ വാങ്ങി പരിശോധിച്ചതിനുശേഷം അവ ഹാജരാക്കുന്നവർക്ക് അപ്പോൾ തന്നെ തിരിച്ചു നൽകേണ്ടതാണ്. ഉടനെ തിരിച്ചുനൽകാൻ കഴിയാതെ വരുന്ന സാഹചര്യങ്ങളിൽ രസീത് നൽകി വാങ്ങിവയ്ക്കുകയും പരിശോധന/ആവശ്യം കഴിഞ്ഞാൽ കഴിവതും വേഗം തിരിച്ചു നൽകേണ്ടതുമാണ്.

എസ്. ജലീൽ
സ്പെഷ്യൽ സെക്രട്ടറി

എല്ലാ വകുപ്പുകൾക്കും.
ജനന മരണ ചീഫ് രജിസ്ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (ചീഫ് ജനന മരണ രജിസ്ട്രാർ മുഖേന)
ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ ആന്റ് പി.ആർ.ഡി (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ
സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നമ്പർ. 18161/ആർ.ഡി.3/2012/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി, 16/10/2012

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - രജിസ്ട്രാറുടെ അധികാരപരിധിയ്ക്ക് പുറത്തു നടക്കുന്ന മരണം രജിസ്റ്റർ ചെയ്യുന്നത് - നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- 1. ഹൈക്കോടതിയുടെ 05/09/2011-ലെ W.A.No.1201/2008 നമ്പരുള്ള വിധിന്യായം.
2. ചീഫ് ജനന-മരണ രജിസ്ട്രാറുടെ 15/03/2012-ലെ ബി1-4344/12 നമ്പർ കത്ത്

മറ്റ് സ്ഥലങ്ങളിൽ മരണം നടക്കുകയും ശവസംസ്കാരം സ്വന്തം സ്ഥലത്ത് നടത്തുകയും ചെയ്യുന്ന കേസുകളിൽ മരണം സ്വന്തം സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുണ്ടാകുന്ന തടസ്സം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ച് സൂചന 1-ലെ അപ്പീലിലെ വിധിന്യായത്തിൽ പഞ്ചായത്ത് അതിർത്തിയ്ക്ക് വെളിയിൽ നടന്ന മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ബഹു.ഹൈക്കോടതി താഴെ പറയും പ്രകാരം വ്യക്തമാക്കി.

"1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട്റ്റ് 7 (2)-ാം വകുപ്പ് പ്രകാരം ജനനവും മരണവും രജിസ്റ്ററിൽ ചേർക്കുന്നതും രജിസ്റ്ററാക്കുന്നതും സംബന്ധിച്ച് രണ്ട് പാദമായാണ് പറയുന്നത്. ആദ്യ പാദത്തിൽ ടി ആക്ട്റ്റിലെ 8, 9 വകുപ്പുകൾ പ്രകാരം ലഭിക്കുന്ന വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുക എന്നതും, രണ്ടാം പാദത്തിൽ രജിസ്ട്രാറുടെ സ്വന്തം അധികാര പരിധിയിൽ വരുന്ന ജനന-മരണങ്ങൾ സ്വയമേവ രജിസ്റ്ററിൽ ചേർക്കുക എന്നുള്ളതുമാണ്. അതായത് ആദ്യ പാദത്തിൽ രജിസ്ട്രാർ സൂക്ഷിക്കുന്ന രജിസ്റ്ററിൽ 8, 9 വകുപ്പുകൾ പ്രകാരം മറ്റാരെങ്കിലും മുഖേന തനിക്കു ലഭിക്കുന്ന വിവരം രേഖപ്പെടുത്താനും രണ്ടാം പാദത്തിൽ രജിസ്ട്രാർ തന്റെ അധികാര പരിധിയ്ക്കുള്ളിലെ എല്ലാ ജനന-മരണങ്ങളും സ്വയമേവ ബോദ്ധ്യപ്പെട്ട് രജിസ്റ്ററിൽ ചേർക്കാനും ബാധ്യസ്ഥനാണ്. ആയതിനാൽ പ്രസ്തുത വകുപ്പിന്റെ ആദ്യ പാദത്തിലെ പ്രവർത്തന വ്യാപ്തി രജിസ്ട്രാറുടെ അധികാര സീമയ്ക്കുള്ളിൽ മാത്രമായി ചുരുക്കപ്പെടുന്നില്ല. അതേ സമയം രണ്ടാം ഭാഗത്തിന്റെ വ്യാപ്തി രജിസ്ട്രാറുടെ അധികാര സീമയ്ക്കുള്ളിൽ മാത്രമായി ചുരുക്കപ്പെട്ടിരിക്കുന്നു. ഇവ തമ്മിലുള്ള വ്യത്യാസം എന്തെന്നാൽ ആദ്യത്തേതിൽ അയാൾക്ക് വിവരങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നതെങ്കിൽ രണ്ടാമത്തേതിൽ വിവരങ്ങൾ അയാൾ സ്വയം അറിഞ്ഞ് ബോധ്യപ്പെടേണ്ടതാണ്. കൂടാതെ വകുപ്പ് 7 (2)-ന്റെ രണ്ടാം പാദം ആരംഭിക്കുന്നത് "ഇതിനു പുറമെ" (also) എന്ന പദത്തോടുകൂടി ആണ്. ഇത് അർത്ഥമാക്കുന്നത് ഒന്നാം പാദത്തിലെ കർത്തവ്യത്തിനു പുറമെയാണ് രണ്ടാം പാദത്തിലെ കർത്തവ്യമെന്നാണ്."

2. ബഹു.ഹൈക്കോടതിയുടെ മേൽ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെ പറയും പ്രകാരം ഉത്തരവാകുകയും ചെയ്യുന്നു.

ജനന-മരണ രജിസ്ട്രാറുടെ അധികാര പരിധിയ്ക്ക് പുറത്താണ് മരണം നടന്നതെങ്കിൽ മരണം നടന്ന സ്ഥലത്ത് 1969-ലെ The Registration of Births & Deaths ആക്ട്റ്റ് പ്രകാരം പ്രസ്തുത മരണം രജിസ്റ്റർ ചെയ്തിട്ടില്ല എങ്കിൽ ടി ആക്ട്റ്റിലെ 8, 9 വകുപ്പുകൾ പ്രകാരം മരണം നടന്ന സ്ഥലത്ത് നിന്നു ലഭിക്കുന്ന വിവരങ്ങൾ ചേർത്ത് ജനന-മരണ രജിസ്ട്രാർക്ക് മരണം രജിസ്റ്റർ ചെയ്യാവുന്നതാണ്.

ടി.ജെ. മാത്യു
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാനഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും
സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന)
എല്ലാ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ റിജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജനനമരണരജിസ്ട്രാർമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: 1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
5. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ-മാതൃഭാഷ"

ബി1-24056/2012

പഞ്ചായത്ത് ഡയറക്ടറാഫീസ്
തിരുവനന്തപുരം, തീയതി: 23.01.13

സർക്കുലർ

വിഷയം: സേവന (സിവിൽ രജിസ്ട്രേഷൻ) - ഇലക്ട്രോണിക് രജിസ്റ്റർ തിരുത്തൽ - നടപടി ക്രമം ആവിഷ്കരിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1) ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടറുടെ 30.10.2012 ലെ IKM/LOBE & QA/Sevana/11/2007 നമ്പർ കത്ത്.
2) സർക്കാരിന്റെ 04.11.2010-ലെ സ.ഉ (സാധാ) നം. 3477/2010/തസ്വഭവ നമ്പർ ഉത്തരവ്.

സംസ്ഥാനത്ത് അഞ്ചുതെങ്ങ് ഒഴികെയുള്ള മറ്റെല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലും ജനന-മരണ രജിസ്ട്രേഷൻ സംബന്ധമായ പ്രവർത്തനങ്ങൾ സേവന (സിവിൽ രജിസ്ട്രേഷൻ) ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ ഉപയോഗിച്ചുകൊണ്ട് ഇലക്ട്രോണിക്കായാണ് നിർവ്വഹിക്കുന്നത്.

ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ സോഫ്ട് വെയർ പ്രവർത്തന ക്ഷമമായിക്കഴിഞ്ഞാൽ രജിസ്ട്രേഷൻ സംബന്ധമായ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർ വഴി മാത്രമേ നിർവ്വഹിക്കാൻ പാടുള്ളൂ എന്ന നിർദ്ദേശം നിലനിൽക്കെ അതു പാലിക്കാതെ കൈയ്യെഴുത്തായി രജിസ്ട്രേഷനുകൾ നിർവ്വഹിക്കുന്നതു കാരണം സോഫ്ട് വെയറിന്റെ പ്രവർത്തനം ഓഫ്ലൈനായ ചില പഞ്ചായത്തുകളിൽ നിന്നും റിഷോർട്ടുകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലങ്ങളിൽ ആപ്ലിക്കേഷൻ സോഫ്ട് വെയറിന്റെ പ്രവർത്തനം പുതുതായി ഓൺലൈനാക്കുകയും, ഓഫ് ലൈനായ സമയത്തെ രെക്കോഡുകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്റുടെ അനുമതിയോടു കൂടി പാസ്റ്റ് ഡേറ്റാ എൻട്രിയിലൂടെ പുതിയ ബുക്കായി ഡേറ്റാ ബേസിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ആപ്ലിക്കേഷൻ സോഫ്ട് വെയർ പ്രവർത്തന ക്ഷമമായിരിക്കുമ്പോൾ തന്നെ ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ കൈയ്യെഴുത്തായി മാത്രം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും അതു പ്രകാരം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതിനുശേഷം, സൗകര്യം ലഭിക്കുമ്പോൾ മാത്രം റിഷോർട്ടുകൾ ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ ഉപയോഗിച്ച് എൻട്രി നടത്തുന്നതായും ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ റിയൽ ടൈമായി പ്രവർത്തിക്കുന്നതിനാൽ രജിസ്ട്രേഷൻ നമ്പരും തീയതിയും സോഫ്ട് വെയർ യാന്ത്രികമായി ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ഇത് കൈയ്യെഴുത്ത് രജിസ്റ്ററിലെയും ഇലക്ട്രോണിക് രജിസ്റ്ററിലെയും രജിസ്ട്രേഷൻ നമ്പരും തീയതിയും തമ്മിൽ വ്യത്യാസം ഉണ്ടാക്കുന്നതിന് കാരണമാകുന്നതായും ഇരു രജിസ്റ്ററുകളിലേയും വിവരങ്ങൾ തമ്മിലുള്ള വ്യത്യാസം പരിഹരിച്ച് നൽകണമെന്നും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുള്ളത് കൈയെഴുത്ത് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾക്ക് അനുസൃതമായതിനാൽ ഇലക്ട്രോണിക് രജിസ്റ്ററിലെ വിവരങ്ങൾ തിരുത്തി കൈയെഴുത്ത് രജിസ്റ്ററിലേതിനു സമാനമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഐ.കെ.എമ്മിലേക്ക് പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കത്തുകൾ അയയ്ക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിൽ യാന്ത്രികമായി ലഭ്യമാക്കപ്പെടുന്ന രജിസ്ട്രേഷൻ നമ്പരും തീയതിയും തിരുത്തി നൽകുക എന്നത് ഇ-ഗവേണൻസിന്റെ കാഴ്ചപ്പാടിൽ ശരിയായ നടപടിക്രമമല്ല. എന്നാൽ വിവരങ്ങൾ തമ്മിൽ വ്യത്യാസമുണ്ടാക്കുകയും കൈയെഴുത്തായി വിതരണം ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റുകൾ കൈപ്പറ്റിയിട്ടുള്ളവർ വെബ്സൈറ്റിൽ നിന്നും സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുമ്പോൾ വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയും ചെയ്യും. ഇത്തരം തെറ്റുകൾ തുടർന്നും ആവർത്തിക്കാതിരിക്കാൻ കൈയ്യെഴുത്തിലൂടെ സർട്ടിഫിക്കറ്റ് നൽകുന്ന രീതി നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

കൂടാതെ പൊതു വിവാഹ രജിസ്ട്രേഷൻ ഇലക്ട്രോണിക്കായി നിർവ്വഹിച്ച ശേഷം വിവാഹിതരായവരുടെ ഫോട്ടോ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തത് മാറിപ്പോയതായും ആയത് തിരുത്തി നൽകണമെന്നും കാണിച്ചും തദ്ദേശസ്ഥാപനങ്ങളിൽ നിന്നും കത്തുകൾ ഐ.കെ.എമ്മിലേയ്ക്ക് അയയ്ക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി തെറ്റുകൾ ഇലക്ട്രോണിക് രജിസ്ട്രേഷൻ സംബന്ധിച്ച് സർക്കാരിൽ നിന്നും സൂചന (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കാത്തതുകൊണ്ടാണെന്നും മനസ്സിലാക്കുന്നു. ഇത്തരം തെറ്റുകൾ മേലിൽ ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

മേൽ സാഹചര്യത്തിൽ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച് ഇലക്ട്രോണിക് രജിസ്റ്ററിൽ തിരുത്തൽ വരുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ ചുവടെ ചേർക്കുന്നു.

- കൈയെഴുത്തായി നിർവ്വഹിച്ച രജിസ്റ്ററിലെയും ഇലക്ട്രോണിക് രജിസ്റ്ററിലെയും വ്യത്യാസം കാണിച്ച് ബന്ധപ്പെട്ട രജിസ്ട്രാർ ഒരു റിപ്പോർട്ട് തയ്യാറാക്കണം.
- പ്രസ്തുത റിപ്പോർട്ടിൽ ഏതൊക്കെ രജിസ്ട്രേഷൻ നമ്പരുകളിൽ കൈയ്യെഴുത്ത് രജിസ്റ്ററും ഇലക്ട്രോണിക് രജിസ്റ്ററുമായും വ്യത്യാസം ഉണ്ടെന്ന് വ്യക്തമാക്കണം (രജിസ്റ്റർ നമ്പർ സഹിതം).
- ഇലക്ട്രോണിക് രജിസ്റ്ററിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തേണ്ടതെന്ന് വ്യക്തമാക്കണം.
- പ്രസ്തുത റിപ്പോർട്ട് ബന്ധപ്പെട്ട രജിസ്ട്രാർമാർ ജില്ലാ രജിസ്ട്രാറുടെ ശുപാർശയോടെ ഐ.കെ.എം ലേക്കു സമർപ്പിക്കേണ്ടതും ആ വിവരം ചീഫ് രജിസ്ട്രാറെ അറിയിക്കേണ്ടതുമാണ്.
- ജില്ലാ രജിസ്ട്രാർമാരുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് സോഫ്ട് വെയർ ഉപയോഗിച്ച് ഇലക്ട്രോണിക് ഡാറ്റയിൽ പ്രസ്തുത തിരുത്തലുകൾ ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യം ഐ.കെ.എം രജിസ്ട്രാർമാർക്ക് നൽകുന്നതാണ്.

ജനന-മരണ-വിവാഹ ഇലക്ട്രോണിക് രജിസ്ട്രേഷൻ തെറ്റുകൾ കൂടാതെ നിർവ്വഹിച്ചിട്ടുണ്ടെന്ന് രജിസ്ട്രാർമാർ പരിശോധിച്ച് ബോധ്യപ്പെട്ടു ഒരു സാക്ഷ്യപത്രം സെക്രട്ടറിമാരുടെ പ്രതിമാസ മീറ്റിംഗിൽ ഡി.ഡി.പി മാർക്കു സമർപ്പിക്കേണ്ടതും ഡി.ഡി.പി മാർ പ്രസ്തുത മീറ്റിംഗിൽ സാക്ഷ്യപത്രം ഏകീകരിച്ചു ഒരു റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടറുടെ പ്രതിമാസ മീറ്റിംഗിൽ സമർപ്പിക്കേണ്ടതാണ്.

പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസർമാർ മൂന്ന് മാസത്തിലൊരിക്കലും അവരുടെ പരിധിയിൽ വരുന്ന രജിസ്ട്രേഷൻ യൂണിറ്റുകളിലെ രജിസ്ട്രേഷനുകൾ പരിശോധിച്ച് ചീഫ് രജിസ്ട്രാർക്ക് നേരിട്ട് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ജനന-മരണ-വിവാഹ ഇലക്ട്രോണിക് രജിസ്ട്രേഷൻ സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തെറ്റുകൾ കൂടാതെ രജിസ്ട്രേഷനുകൾ നിർവ്വഹിക്കാത്ത രജിസ്ട്രാർമാരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

മേൽ നിർദ്ദേശം എല്ലാ ജനന-മരണ-വിവാഹ രജിസ്ട്രാർമാരും നിർബന്ധമായും പാലിക്കേണ്ടതും ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളിൽ ഉണ്ടായിട്ടുള്ള മേൽ പറഞ്ഞ തെറ്റുകൾ തിരുത്തുന്നതു സംബന്ധിച്ച പ്രസ്തുത റിപ്പോർട്ട് ക്രോഡീകരിച്ച് 2013 ഫെബ്രുവരി 15 നു മുമ്പായി ഐ.കെ.എം-ന് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
എസ്. ലളിതാംബിക. ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി സെക്രട്ടറി/ജനന-മരണ രജിസ്ട്രാർമാർക്കും (നഗരകാര്യ ഡയറക്ടർ/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
എല്ലാ പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസർമാർക്കും (പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ മുഖേന)
കരുതൽ/അധികം

ആജ്ഞാനുസരണം

സൂപ്രണ്ട്

കേരള സർക്കാർ

നമ്പർ. 17484/ആർ.ഡി.3/13/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി: 20.05.2013

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - നിയമപരമായി ദത്തെടുക്കാത്ത കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന :- സ. ഉ (സാധാ) നം. 2143/12/തസ്വഭവ തീയതി 04-08-2012.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം ദത്തെടുക്കപ്പെട്ട് നാളിതുവരെ ജനനം രജിസ്റ്റർ ചെയ്യാൻ കഴിയാതിരുന്ന കുട്ടികളുടെ ജനനം മാതാപിതാക്കളുടെ സ്ഥിര മേൽവിലാസമുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാനും പ്രസ്തുത സ്ഥലം ജനന സ്ഥലമായി രേഖപ്പെടുത്തുന്നതിനും അനുമതി നൽകിയിരുന്നു. എന്നാൽ ദത്തെടുക്കപ്പെട്ടതായി തെളിയിക്കുന്ന രേഖകൾ ലഭ്യമല്ലാത്ത കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ചില സാങ്കേതിക തടസ്സങ്ങൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ താഴെപ്പറയുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

നിയമപരമായി ദത്തെടുത്തതായി തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ ടി കുട്ടികളുടെ ഭാവിജീവിതവും മാനസികാവസ്ഥയും കണക്കിലെടുത്ത് 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ 13 (3)-ാം വകുപ്പ് അനുസരിച്ചും, 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 9 (3) അനുസരിച്ചും Delayed Registration നടത്താവുന്നതാണ്. അഥവാ എസ്. എസ്. എൽ. സി ബുക്കിലും, റേഷൻ കാർഡിലും, വോട്ടർ ഐ. ഡി. കാർഡിലും, ആധാർ കാർഡിലും മറ്റുമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇനിപ്പറയുന്ന നിരീക്ഷണം നടത്തിയും രജിസ്ട്രേഷൻ നടത്താവുന്നതാണ്. 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ ജനനവും മരണവും രജിസ്റ്ററിൽ ചേർക്കുന്നതും രജിസ്ട്രാക്കുന്നതും സംബന്ധിച്ച് 7 (2)-ാം വകുപ്പിൽ ഇതു സംബന്ധിച്ച് ഒരു രജിസ്ട്രാർ കൈക്കൊള്ളേണ്ട നടപടികൾ രണ്ട് പാദമായാണ് പറയുന്നത്. ആദ്യ പാദത്തിൽ ടി ആക്ടിലെ 8, 9 വകുപ്പുകൾ പ്രകാരം ലഭിക്കുന്ന വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുക എന്നതും, രണ്ടാം പാദത്തിൽ രജിസ്ട്രാറുടെ സ്വന്തം അധികാരപരിധിയിൽ വരുന്ന ജനന മരണങ്ങൾ സ്വയമേവ രജിസ്റ്ററിൽ ചേർക്കുക എന്നതുമാണ്. ഇതിനുപോൽബലകമായി 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 11 (2) ൽ അനുശാസിക്കും വിധം ഇതു സംബന്ധിച്ച് ഉത്തമ അറിവുള്ള 2 credible persons - ൽ നിന്നും declaration വാങ്ങിയും ഒരു തീരുമാനം ഈ വിഷയത്തിൽ രജിസ്ട്രാർക്ക് കൈക്കൊള്ളാവുന്നതും ജനനം രജിസ്റ്റർ ചെയ്യാവുന്നതുമാണെന്ന് ഇതിനാൽ വ്യക്തമാക്കുന്നു.

വി. എസ്. സെന്തിൽ
(പ്രിൻസിപ്പൽ സെക്രട്ടറി)

1. ജനന മരണ രജിസ് ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തിരുവനന്തപുരം.
3. എല്ലാ ജനന-മരണ രജിസ്ട്രാർമാർക്കും (ചീഫ് ജനന-മരണ രജിസ്ട്രാർ മുഖേന).
4. ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
5. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
6. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
7. ഡയറക്ടർ, ഐ ആന്റ് പിആർഡി (പത്രമാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്).
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നമ്പർ. 50817/ആർ.ഡി.3/12/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി: 31.05.2013

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ജനന-മരണ രജിസ്ട്രേഷൻ - കുട്ടികളുടെ മാതാപിതാക്കളുടെ പേരിൽ ഉണ്ടാകുന്ന തെറ്റുകൾ, മേൽവിലാസത്തിൽ ഉണ്ടാകുന്ന സ്പെല്ലിംഗ് മിസ്റ്റേക്കുകൾ തുടങ്ങിയ തെറ്റുകൾ തിരുത്തുന്നത് - സംബന്ധിച്ച്.

സൂചന :-
1. 07-05-2012-ലെ 9748/ആർ.ഡി3/12/തസ്വഭവ നമ്പർ സർക്കുലർ.
2. 07-08-2012-ലെ പഞ്ചായത്ത് ഡയറക്ടറുടെ ബി1-20741/09 നമ്പർ കത്ത്.
3. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 04-04-2013 തീയതിയിലെ 1/2/KEL/2007-VS[CRS] നമ്പർ കത്ത്.

ജനന സർട്ടിഫിക്കറ്റിൽ ചേർത്തിട്ടുള്ള മാതാപിതാക്കളുടെ പേര് (ഇനിഷ്യൽ എക്സ്പാൻഷൻ, വിവാഹശേഷം ഭാര്യയുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർത്തിട്ടുള്ള വിവരം, മേൽവിലാസത്തിൽ ഉണ്ടാകുന്ന അക്ഷരത്തെറ്റുകൾ എന്നിവ) തിരുത്തി നൽകാത്തതു മൂലം പൊതുജനങ്ങൾ പ്രത്യേകിച്ചും വിദേശത്ത് ജോലി ചെയ്യുന്നവർ ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുകയാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ പൊതുജനങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിനായി കേന്ദ്ര ജനന മരണ രജിസ്ട്രാർ ജനറലുമായി ആലോചിക്കുകയും താഴെ പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ 15 പ്രകാരവും 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടത്തിലെ ചട്ടം 11 പ്രകാരവും ജനന സർട്ടിഫിക്കറ്റുകളിൽ ചേർത്തിട്ടുള്ള മാതാപിതാക്കളുടെ പേര് (ഇനിഷ്യൽ വികസിപ്പിക്കൽ, വിവാഹശേഷം ഭാര്യയുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർത്തിട്ടുള്ള വിവരം, മേൽവിലാസത്തിൽ ഉണ്ടാകുന്ന അക്ഷരത്തെറ്റുകൾ എന്നിവ) തിരുത്തുന്നതിന് നോട്ടറി, 2 ഗസറ്റഡ് ഓഫീസർമാർ, വില്ലേജ് ഓഫീസർ എന്നിവരുടെ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തിയും മറ്റു ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും രജിസ്ട്രേഷനുകളിൽ തിരുത്തൽ വരുത്താവുന്നതാണ്.

(ജെയിംസ് വർഗീസ്)
പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാനഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും
4. സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന)
5. എല്ലാ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
6. എല്ലാ റിജീയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
7. എല്ലാ ജനനമരണരജിസ്ട്രാർമാർക്കും
8. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
9. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നമ്പർ. 365[illegible]/ആർ.ഡി.3/13/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി: 05.08.2013

സർക്കുലർ

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ജനന-മരണ രജിസ്ട്രേഷൻ - മുപ്പതു ദിവസങ്ങൾക്കു ശേഷവും ഒരു വർഷത്തിനുള്ളിലും ലഭിക്കുന്ന അപേക്ഷകളിൽ തീർപ്പു കൽപ്പിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

സൂചന:- 1. പാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03-04-2013-ലെ എ-1353/13 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 30-05-2013 ലെ ബി2-11848/13 നമ്പർ കത്ത്.

1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 13 (2) പ്രകാരം ജനനമോ മരണമോ നടന്ന് ഒരു വർഷം പൂർത്തിയാകുന്നതിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് രജിസ്ട്രാർ മുമ്പാകെ റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിൽ ജില്ലാ രജിസ്ട്രാറുടെ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) അനുമതിയ്ക്കായി സമർപ്പിക്കുകയും എന്നാൽ ജില്ലാ രജിസ്ട്രാർ ആഫീസിൽ നിന്നുള്ള അനുമതി രജിസ്ട്രേഷൻ യൂണിറ്റിൽ ലഭിക്കുന്നത് ഒരു വർഷം കഴിയുന്ന തീയതിയ്ക്ക് ശേഷമാകുമ്പോൾ സെക്ഷൻ 13 (3) പ്രകാരം ഇത് രജിസ്റ്റർ ചെയ്യുന്നതിന് ആർ. ഡി. ഒ യുടെ അനുമതി ആവശ്യമാണെന്ന അവസ്ഥയുണ്ടാകുന്നു. ഇത്തരം സാഹചര്യങ്ങൾ മൂലം പൊതുജനങ്ങൾക്ക് ഉണ്ടാക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ ജില്ലാ രജിസ്ട്രാറുടെ അനുമതി (മരണം നടന്ന് ഒരു വർഷത്തിനു ശേഷവും) പരിഗണിച്ച് രജിസ്ട്രേഷൻ നടത്താവുന്നതാണോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് സൂചന (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. മുപ്പത് ദിവസത്തിന് ശേഷവും ഒരു വർഷത്തിനുള്ളിലും ലഭിക്കുന്ന ജനന/മരണ രജിസ്ട്രേഷനുള്ള അപേക്ഷകളിന്മേൽ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 13 (2) പ്രകാരം ജനനമോ മരണമോ നടന്ന് ഒരു വർഷം പൂർത്തിയാകുന്നതിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് രജിസ്ട്രാർ മുമ്പാകെ റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിൽ ജില്ലാ രജിസ്ട്രാറുടെ അനുമതിയ്ക്കായി സമർപ്പിക്കുകയും എന്നാൽ ജില്ലാ രജിസ്ട്രാർ ആഫീസിൽ നിന്നുള്ള അനുമതി രജിസ്ട്രേഷൻ യൂണിറ്റിൽ ലഭിക്കുന്നത് ഒരു വർഷം കഴിയുന്ന തീയതിയ്ക്ക് ശേഷമാകുമ്പോൾ സെക്ഷൻ 13 (3) പ്രകാരം ഇതു രജിസ്റ്റർ ചെയ്യുന്നതിന് ആർ. ഡി. ഒ യുടെ അനുമതി തേടണമെന്ന് അപേക്ഷകരോട് ആവശ്യപ്പെടുന്നത് യുക്തിസഹമല്ല. ഇത്തരം സാഹചര്യങ്ങളിൽ ജില്ലാ രജിസ്ട്രാറുടെ അനുമതി പരിഗണിച്ച് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

3. ഇത്തരം അപേക്ഷകളിൽ കാലതാമസം കൂടാതെ നിശ്ചിത ദിവസത്തിനകം തന്നെ തീർപ്പ് കൽപ്പിക്കേണ്ടതാണ്.

(ജെയിംസ് വർഗീസ്)
പ്രിൻസിപ്പൽ സെക്രട്ടറി

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
5. എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
6. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം.
7. പൊതുജന വിവരസമ്പർക്ക വകുപ്പ്.
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നമ്പർ. 31512/ആർ.ഡി.3/13/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി: 17.10.2013

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ജനന മരണ രജിസ്ട്രേഷൻ - കുട്ടിയുടെ പേര് തിരുത്തുന്നതിനുള്ള നിർദ്ദേശത്തിന്മേൽ കൂടുതൽ വ്യക്തത വരുത്തിക്കൊണ്ട് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന :-
1. 01-02-2012-ലെ 35845/ആർഡി3/11/തസ്വഭവ നമ്പർ സർക്കുലർ.
2. 07-05-2012-ലെ 9748/ആർഡി3/12/തസ്വഭവ നമ്പർ സർക്കുലർ.
3. പഞ്ചായത്ത് ഡയറക്ടറുടെ 20-04-2013, 26-07-2013 എന്നീ തീയതികളിലെ ബി1-9545/13 നമ്പർ കത്തുകൾ.

സൂചന (1) സർക്കുലർ പ്രകാരം ജനന രജിസ്ട്രേഷൻ സമയത്തോ അതിനുശേഷം കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിനു മുമ്പായോ കുട്ടിയുടെ പേര് തെറ്റായി ജനന രജിസ്റ്ററിൽ ചേർത്തുപോയിട്ടുണ്ടെങ്കിൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷയുടെയും (പ്രായപൂർത്തിയായ കുട്ടിയുടെ കേസിൽ കുട്ടിയുടെ അപേക്ഷ), സ്കൂൾ രേഖയുടെയും അടിസ്ഥാനത്തിൽ അന്വേഷിച്ചു ബോദ്ധ്യം വന്നശേഷം സ്കൂൾ രേഖ പ്രകാരമുള്ള പേരു ചേർക്കാവുന്നതാണ്. ഇതിനായി തെറ്റായ പേരുചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലം മാതാപിതാക്കൾ നൽകേണ്ടതും, തെറ്റായ വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50/- രൂപ കോമ്പൗണ്ടിംഗ് ഫീ ഒടുക്കേണ്ടതുമാണ്. കുട്ടിയെ സ്കൂളിൽ ചേർത്ത ശേഷം ജനന രജിസ്ട്രേഷനിൽ പേരു ചേർക്കുന്ന കേസുകളിൽ സ്കൂൾ രേഖ നിർബന്ധമായും ഹാജരാക്കേണ്ടതും അതു പ്രകാരം തന്നെ പേരു ചേർക്കേണ്ടതുമാണെന്ന് മേൽപ്പറഞ്ഞ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

2. ജനന രജിസ്റ്ററുകളിലെ കുട്ടിയുടെ പേരിലെ ഇനിഷ്യൽ വികസിപ്പിച്ച് തിരുത്തലുകൾ നൽകാവുന്നതാണ്. ഇതിനായി മാതാപിതാക്കളുടെ സംയുക്ത അപേക്ഷയും (പ്രായപൂർത്തിയായ കേസുകളിൽ കുട്ടിയുടെ അപേക്ഷ) തെറ്റായ പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലവും മാതാപിതാക്കൾ നൽകേണ്ടതും തെറ്റായ വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50/- രൂപ കോമ്പൗണ്ടിംഗ് ഫീ ഒടുക്കേണ്ടതുമാണെന്ന് സൂചന (2) സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

3. സൂചന (1) ലെയും (2) ലെയും സർക്കുലറുകളിൽ സൂചിപ്പിച്ചിരിക്കുന്ന സത്യവാങ്മൂലം എന്നത് ഗസറ്റഡ് ഓഫീസർ/നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ടോ ഇല്ലെങ്കിൽ മാതാപിതാക്കൾ ജനന-മരണ രജിസ്ട്രാറുടെ മുമ്പിൽ നേരിട്ട് ഹാജരായി സത്യവാങ്മൂലം സമർപ്പിക്കേണ്ടതുണ്ടോ ഉണ്ടെങ്കിൽ എത്ര രൂപയുടെ സ്റ്റാമ്പ് പേപ്പർ ആണ് ഉപയോഗിക്കേണ്ടത് എന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ടി സർക്കുലറുകളിൽ വ്യക്തത വരുത്തിക്കൊണ്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

4. തെറ്റായി വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50 - രൂപ കോമ്പൗണ്ടിംഗ് ഫീ ഈടാക്കാൻ വ്യവസ്ഥയുള്ള സാഹചര്യത്തിൽ സ്കൂളിൽ ചേർക്കുന്നതിന് മുമ്പ് കുട്ടിയുടെ പേരിൽ തിരുത്തൽ ചേർക്കുന്നതിന് മാതാപിതാക്കളുടെ സംയുക്ത അപേക്ഷയോടൊപ്പം വെള്ളപ്പേപ്പറിൽ തെറ്റായ പേര് ചേർക്കാൻ ഇടയായ സാഹചര്യം

വ്യക്തമാക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, സ്കൂളിൽ ചേർത്ത ശേഷമുള്ള കേസുകളിൽ സ്കൂൾ രേഖയിലെ പോലെ പേരു തിരുത്തുന്നതിന് അപേക്ഷയോടൊപ്പം തെറ്റായി പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന 100/- രൂപ മുദ്രപത്രത്തിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, മാതാവ്/പിതാവ്/നിയമാനുസൃതമായ രക്ഷാകർത്താവ്/മാതാപിതാക്കൾ മരണപ്പെട്ട കേസുകളിൽ വ്യക്തി രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(ജെയിംസ് വർഗ്ഗീസ്)
പ്രിൻസിപ്പൽ സെക്രട്ടറി.

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാനഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന)
4. എല്ലാ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. എല്ലാ റിജീയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
6. എല്ലാ ജനനമരണരജിസ്ട്രാർമാർക്കും
7. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
8. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗസറ്റ് വിജ്ഞാപനം പ്രകാരം പേരു മാറ്റിയ മാതാപിതാക്കളുടെ പേര് കുട്ടിയുടെ ജനന രജിസ്ട്രേഷനോടാപ്പം ചേർത്ത് തിരുത്തൽ വരുത്തുന്നത് - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(ആർ.റ്റി) നം. 997/14/തസ്വഭവ. തിരുവനന്തപുരം, തീയതി 11-04-2014

==========

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 06-02-2014-ലെ ബി2-46957/13 നമ്പർ കത്ത്.

ഉത്തരവ്

കുട്ടി ജനിക്കുന്നതിന് മുമ്പ് ഗസറ്റ് വിജ്ഞാപന പ്രകാരം മാതാപിതാക്കളുടെ പേരിൽ മാറ്റം വരുത്തിയിട്ടുള്ള കേസുകളിൽ കുട്ടിയുടെ ജനന രജിസ്ട്രേഷനിൽ മാതാപിതാക്കളുടെ പേര് ഗസറ്റ് വിജ്ഞാപനം വഴി മാറ്റിയ പേര് ചേർത്ത് തിരുത്തൽ വരുത്തി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ ലഭിക്കുന്നതിനാൽ ഇത് സംബന്ധിച്ച് ഒരു പൊതുനിർദ്ദേശം പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശ കത്തു പ്രകാരം ചീഫ് ജനന-മരണ രജിസ്ട്രാർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കുട്ടിയുടെ ജനനത്തിനു മുമ്പ് മാതാപിതാക്കളുടെ പേര് ഗസറ്റ് വിജ്ഞാപന പ്രകാരം തിരുത്തിയിട്ടുണ്ടെങ്കിൽ കുട്ടിയുടെ ജനന രജിസ്ട്രേഷനിൽ അപ്രകാരം ഗസറ്റ് വിജ്ഞാപനം വഴി മാറ്റിയ പേര് ചേർത്ത് തിരുത്തൽ വരുത്തി സർട്ടിഫിക്കറ്റ് നൽകാവുന്നതാണെന്ന് ഇതിനാൽ സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
(കെ. കെ. രാജഗോപാലൻ നായർ)
ഡെപ്യൂട്ടി സെക്രട്ടറി.

1. പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം.
2. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർ മേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റു സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്).
3. വിവര-പൊതുജനസമ്പർക്ക വകുപ്പ് (ദൃശ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള പ്രസിദ്ധീകരണത്തിന്)
4. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Rajeem

സെക്ഷൻ ഓഫീസർ

വിവാഹരജിസ്ട്രേഷൻ

കേരള സർക്കാർ

7/ആർ.സി 3/2012/ത.സ്വ.ഭ.വ. തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്.
തിരുവനന്തപുരം, തീയതി 2-7-2012

ൻസിപ്പൽ സെക്രട്ടറി.

ായത്ത് ഡയറക്ടർ,
വനന്തപുരം.

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ്- വിവാഹ രജിസ്ട്രേഷനിൽ പാസ്പോർട്ടിലേതുപോലെ സർനെയിം ചേർത്തും ഇനിഷ്യലുകൾ വികസിപ്പിച്ചുകൊണ്ടുമുള്ള തിരുത്തലുകൾ അനുവദനീയമാണോ എന്നത് - സംബന്ധിച്ച്.

സൂചന: താങ്കളുടെ 28-4-12 തീയതിയിലെ ബി1/5627/12 നമ്പർ കത്ത്.

...

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ 13- ാം ചട്ടപ്രകാരം തദ്ദേശ രജിസ്ട്രാർക്ക് സ്വമേധയായോ, കക്ഷികൾ മുഖേനയുള്ള അപേക്ഷയിന്മേലോ ഉചിതമായ തിരുത്തലുകൾ അസ്സൽ ഉൾക്കുറിപ്പിന് യാതൊരു മാറ്റവും വരുത്താതെയും അത്തരം തിരുത്തലുകൾക്കുള്ള തെളിവ് വിവാഹ (പൊതു) രജിസ്റ്ററിന്റെ മാർജിനിൽ രേഖപ്പെടുത്തിക്കൊണ്ടും വരുത്താവുന്നതും മാർജിനിലെ ഉൾക്കുറിപ്പിൽ തിരുത്തലിന്റെയോ റദ്ദാക്കലിന്റെയോ തീയതി സഹിതം ഒപ്പുവയ്ക്കേണ്ടതും തിരുത്തലുകളുടെ വിശദവിവരങ്ങൾ തിരുത്തലുകളുടെ വിശദവിവരങ്ങൾ ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കേണ്ടതുമാണ്. പേര്, വയസ്സ്, തീയതി മുതലായ സാരവത്തായ വിശദാംശങ്ങളിലെ എല്ലാ തിരുത്തലുകളും റദ്ദാക്കലുകളും ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അനുമതിയോടെ മാത്രം ചെയ്യേണ്ടതും ബന്ധപ്പെട്ട കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതുമാണ്.

1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റിലെ 15-ാം വകുപ്പ് പ്രകാരം ...ടാർക്ക് യുക്തമെന്ന് തോന്നുന്നപക്ഷം അസ്സൽ ഉൾക്കുറിപ്പിന് മാറ്റം ...ാതെ മാർജിനിൽ ആവശ്യമായ ഭേദഗതി വരുത്തി രജിസ്ട്രാർ, തീയതി ...ിതം ഒപ്പ് വയ്ക്കേണ്ടതുമാണ്.

...മേൽ സാഹചര്യത്തിൽ 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ ...ൊതു) ചട്ടങ്ങളിലെയും 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റിലെ ...വ്യവസ്ഥകൾക്കും വിധേയമായി തിരുത്തലുകൾ വരുത്താവുന്നതാണ് എന്ന വിവരം ...അറിയിക്കുന്നു.

വിശ്വസ്തതയോടെ,
ഏ.ആർ. സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു വേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മിശ്രവിവാഹ രജിസ്ട്രേഷൻ-വ്യത്യസ്ത മത വിഭാഗങ്ങളിൽപ്പെട്ട വിവാഹ രജിസ്ട്രേഷൻ-പുതുക്കിയ നിർദ്ദേശങ്ങൾ സംബന്ധിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.3134/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 14-11-2012

പരാമർശം :-

1. സർക്കുലർ നം. 63882/ആർസി3/10/തസ്വഭവ തീയതി 28-2-11
2. ബഹു. കേരള ഹൈക്കോടതിയിലെ WP (C) 5197/12 നമ്പർ ഹർജിയിലെ 14-3-12 തീയതിയിലെ വിധിന്യായം.

ഉത്തരവ്

WP (Crl) 201/2010 മേലുള്ള ബഹു. കേരള ഹൈക്കോടതി യുടെ വിധിന്യായപ്രകാരം സംസ്ഥാനത്ത് വ്യത്യസ്ത മത വിഭാഗങ്ങളിൽപ്പെട്ടവരുടെ വിവാഹം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം പരാമർശം (1) പ്രകാരമുള്ള സർക്കുലർ മുഖേന പുറപ്പെടുവിച്ചിരുന്നു. വ്യത്യസ്ത മത വിഭാഗങ്ങളിൽപ്പെട്ടവർ തമ്മിലുള്ള വിവാഹം രജിസ്റ്റർ ചെയ്യേണ്ടത് 1954 ലെ സ്പഷ്യൽ മാര്യേജ് ആക്ടിന്റെ കീഴിലാണെന്നും ഇപ്രകാരമുള്ള വിവാഹങ്ങൾ 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾക്കു കീഴിൽ രജിസ്റ്റർ ചെയ്യുന്നത് നിയമാനുസൃതമല്ല എന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ മറ്റൊരു കേസിൽ ഈ നിർദ്ദേശം 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന് കോടതി കണ്ടെത്തുകയും 14-3-12 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയിലെ WP (C) 5197/12 നമ്പർ റിട്ട് ഹർജിയിലെ വിധിന്യായത്തിൽ പരാമർശം (1) ലെ സർക്കുലർ റദ്ദാക്കുകയും ചെയ്തിരിക്കുന്നു.

2008-ലെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ചട്ടങ്ങൾ നിലവിൽ വന്ന ശേഷം സംസ്ഥാനത്തു നടക്കുന്ന എല്ലാ വിവാഹങ്ങളും കക്ഷികളുടെ മതഭേദമന്യേ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തിന്റെ വ്യവസ്ഥ പ്രകാരം മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ട വിവാഹങ്ങൾ ഈ ചട്ടത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതല്ലാത്തതും അപ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി വിവാഹങ്ങൾ അതത് വ്യവസ്ഥകൾക്കു കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതോടൊഷം മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരം രജിസ്റ്റർ ചെയ്യുന്നത് ഹിതാനുസരണമായിട്ടുള്ള വിവാഹങ്ങൾ അപ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകളിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പക്ഷം ഈ ചട്ടങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

ചട്ടം 9 പ്രകാരമുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമത്തിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് സമർപ്പിക്കേണ്ട മെമ്മോറാണ്ടത്തിൽ വിവാഹത്തിലേർപ്പെടുന്ന ഇരു കക്ഷികളും വിവാഹത്തിനു സാക്ഷ്യം വഹിച്ച മറ്റ് രണ്ടാളുകളും ഒപ്പ് വയ്ക്കേണ്ടതാണ്. ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾക്കുകീഴിൽ നിയമിക്കപ്പെട്ട ഒരു വിവാഹ ഓഫീസറുടെ മുമ്പാകെ നടന്ന വിവാഹത്തിന്റെ സംഗതിയിൽ വിവാഹ രജിസ്റ്ററിലെയോ ഈ ആവശ്യത്തിനായി വെച്ചു പോരുന്ന മറ്റേതെങ്കിലും രജിസ്റ്ററിലേയോ വിവാഹ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഉൾക്കുറിപ്പുകളും മതാചാരപ്രകാരം നടന്ന വിവാഹത്തിന്റെ സംഗതിയിൽ ബന്ധപ്പെട്ട മതാധികാരസ്ഥാനം

നൽകുന്ന വിവാഹ സാക്ഷ്യപത്രത്തിന്റെ പകർപ്പോ ഒരു ഗസറ്റഡ് ഓഫീസറിൽ നിന്നോ പാർലമെന്റ് അംഗത്തിൽ നിന്നോ നിയമസഭ അംഗത്തിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗത്തിൽ നിന്നോ ഈ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള II -ാം നമ്പർ ഫാറത്തിലുള്ള ഒരു പ്രഖ്യാപനമോ വിവാഹം നടന്നത് തെളിയിക്കുന്നതിനുള്ള ഒരു രേഖയാകാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വ്യത്യസ്ത മത വിഭാഗങ്ങളിൽപ്പെട്ട രണ്ടു വ്യക്തികൾ തമ്മിലുള്ള വിവാഹം പൊതുനിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യാൻ കഴിയില്ല എന്ന 23-2-11-ലെ സർക്കുലറിലെ നിർദ്ദേശം സാധുവല്ലാത്തതും പൊതുനിയമത്തിലെ നിബന്ധനകൾക്ക് വിരുദ്ധവുമാണെന്ന് കോടതി വ്യക്തമാക്കി. റൂൾ 6-ലെ വ്യവസ്ഥ പ്രകാരം സംസ്ഥാനത്ത് നടക്കുന്ന എല്ലാ വിവാഹങ്ങളും നിർബന്ധമായും ഈ ചട്ടങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്യണമെന്ന ബാധ്യതയ്ക്ക് ഒരു അപവാദം നൽകൽ മാത്രമാണ് എന്നും എന്നാൽ ഈ ചട്ടങ്ങൾക്ക് കീഴിൽ ഒരു വിവാഹം രജിസ്റ്റർ ചെയ്യാതിരിക്കാനുള്ള തടസ്സവാദമായി ഉന്നയിക്കുന്ന തരത്തിൽ വ്യാഖ്യാനിക്കരുത് എന്നും ബഹു. കോടതി വ്യക്തമാക്കി. 2008-ലെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ ബഹു. സുപ്രീം കോടതിയുടെ Seema Vs Aswini kumar 2006 (1) KLT 791 (SC) എന്ന കേസിലെ വിധിന്യായപ്രകാരമാണ് രൂപീകരിച്ചിട്ടുള്ളത് എന്നതിനാൽ ഏതെങ്കിലും വിവാഹം പ്രസ്തുത ചട്ടങ്ങൾക്കു കീഴിൽ രജിസ്റ്റർ ചെയ്ത് നൽകാതിരിക്കുന്നത് ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അന്തസത്തയ്ക്ക് തന്നെ എതിരാകുമെന്നും കോടതി നിരീക്ഷിച്ചു.

ഈ സാഹചര്യത്തിൽ സർക്കാർ താഴെ പറയും പ്രകാരം നിർദ്ദേശം പുറപ്പെടുവിയ്ക്കുന്നു. സംസ്ഥാനത്ത് നടക്കുന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരമുള്ള ആധികാരിക രേഖ ഹാജരാക്കിയാൽ അപേക്ഷകരുടെ ഹിതാനുസരണം പ്രസ്തുത ചട്ടത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തു നൽകാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടി.ജെ. മാത്യു
സെക്രട്ടറി.

To

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോഷി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

© Government of Kerala
കേരള സർക്കാർ
2012

Reg. No. രജി. നമ്പർ
KL/TV(N)/12/12-14

KERALA GAZETTE
കേരള ഗസറ്റ്
EXTRAORDINARY
അസാധാരണം

PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LVII വാല്യം 57	Thiruvananthapuram, Wednesday തിരുവനന്തപുരം, ബുധൻ	19th September 2012 2012 സെപ്റ്റംബർ 19 28th Bhadra 1934 1934 ഭാദ്രം 28	No. നമ്പർ 1874

കേരള സർക്കാർ

നിയമ (ഇ) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അച്ചടിച്ചത്) നമ്പർ 13/2012/നിയമം. *തിരുവനന്തപുരം, 2012 സെപ്റ്റംബർ 14.*

2012-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2012-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ,—

(1) 9-ാം ചട്ടത്തിൽ,—

(i) (1)-ാം ഉപചട്ടത്തിൽ, "ഒരു സെറ്റ് ഫോട്ടോ" എന്ന വാക്കുകൾക്ക് പകരം, "മൂന്നു സെറ്റ് ഫോട്ടോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2012

33/3798/2012/DTP.

(ii) (2)-ാം ഉപചട്ടത്തിൽ "2010 ഡിസംബർ 31-ാം തീയതിയോ അതിനു മുമ്പോ" എന്ന അക്കങ്ങൾക്കും വാക്കുകൾക്കും പകരം, "2012 ഡിസംബർ 31-ാം തീയതിയോ അതിനുമുമ്പോ" എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

(2) 10-ാം ചട്ടത്തിൽ "2010 ഡിസംബർ 31-ാം തീയതിയോ അതിനുമുമ്പോ" എന്ന അക്കങ്ങൾക്കും വാക്കുകൾക്കും പകരം, "2012 ഡിസംബർ 31-ാം തീയതിയോ അതിനുമുമ്പോ" എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

(3) ഫാറം IV- നു പകരം, താഴെപറയുന്ന ഫാറം ചേർക്കേണ്ടതാണ്, അതായത്:—

"ഫാറം നമ്പർ IV ഫോളിയോ നമ്പർ

[ചട്ടം 11 (1) കാണുക]

കേരള സർക്കാർ

.....വകുപ്പ്

വിവാഹ സാക്ഷ്യപത്രം

[2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 11 (1) പ്രകാരം നല്കുന്നത്]

സാക്ഷ്യപത്രം നമ്പർ.....തീയതി.....

.....(തദ്ദേശ പ്രദേശം)-ലെ തദ്ദേശ രജിസ്ട്രാറിന്റെ ഓഫീസിൽ ഫാറം നമ്പർ III-ൽ സൂക്ഷിച്ചിട്ടുള്ള വിവാഹ രജിസ്റ്ററിൽ നിന്നും താഴെ പറയുന്ന വിവരങ്ങൾ എടുത്തിട്ടുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

1. വിവാഹ തീയതി :
2. വിവാഹ സ്ഥലം : (ഫാറം നമ്പർ III-ലുള്ളതുപോലെ)
3. വിവാഹത്തിലേർപ്പെട്ട കക്ഷികളുടെ വിശദവിവരം (വിവാഹ തീയതിയിൽ)

വിശദവിവരങ്ങൾ	ഭർത്താവ്	ഭാര്യ
(എ) പൂർണ്ണമായ പേര്		
(ബി) പൗരത്വം		
(സി) ജനനത്തീയതിയും വയസ്സും		
(ഡി) തൊഴിൽ		
(ഇ) സ്ഥിര മേൽവിലാസം		
(എഫ്) മാതാപിതാക്കളുടെ പേരും അല്ലെങ്കിൽ രക്ഷാകർത്താവിന്റെ പേരും ബന്ധവും		
1. പിതാവ്		
2. മാതാവ്		
3. രക്ഷാകർത്താവ്		

വിശദവിവരങ്ങൾ	ഭർത്താവ്	ഭാര്യ
ഫോട്ടോഗ്രാഫുകൾ		
ഭർത്താവിന്റെ ഫോട്ടോ പതിക്കേണ്ടതാണ്	ഭാര്യയുടെ ഫോട്ടോ പതിക്കേണ്ടതാണ്	
(ഫോട്ടോയിൽ ഓഫീസ് മുദ്ര പതിക്കേണ്ടതാണ്)		

രജിസ്ട്രേഷൻ നമ്പർ...../വർഷം

രജിസ്ട്രേഷൻ തീയതി.....

വാട്ടർ മാർക്ക്

തദ്ദേശ രജിസ്ട്രാർ,
തദ്ദേശപ്രദേശത്തിന്റെ പേര്.

എന്റെ കൈയൊപ്പും മുദ്രയോടും കൂടി.....തീയതിയിൽ നൽകിയത്.".

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സി. പി. രാമരാജ പ്രേമ പ്രസാദ്,
നിയമവകുപ്പ് സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് നടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള തീയതി 31-12-2012 വരെ ദീർഘിപ്പിക്കുന്നതിനും വിവാഹസാക്ഷ്യ പത്രത്തിൽ കേരള സർക്കാരിന്റെ എംബ്ലം, സെക്യൂരിറ്റി വാട്ടർമാർക്ക്, ഭാര്യയുടേയും ഭർത്താവിന്റെയും ഫോട്ടോ എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണെന്ന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

Law (E) Department

NOTIFICATION

G. O. (P) No. 13/2012/Law. *Dated, Thiruvananthapuram, 14th September, 2012.*

THE KERALA REGISTRATION OF MARRIAGES (COMMON) AMENDMENT RULES, 2012

1. *Short title and commencement.*—(1) These Rules may be called the Kerala Registration of Marriages (Common) Amendment Rules, 2012.

(2) They shall come into force at once.

2. *Amendment of the Rules.*—In the Kerala Registration of Marriages (Common) Rules, 2008,—

(1) in rule 9,—

(i) in sub-rule (1) for the words "one set of photos" the words, "three sets of photos" shall be substituted;

(ii) in sub-rule (2), for the words and figures "on or before 31st December, 2010", the words and figures "31st December, 2012" shall be substituted;

(2) in rule 10, for the words and figures "on or before 31st December, 2010" the words and figures "31st December, 2012" shall be substituted.

(3) for Form No. IV, the following form shall be substituted, namely:—

"Form No. IV Folio No.

[*See* Rule 11 (1)]

GOVERNMENT OF KERALA

Department of.....

CERTIFICATE OF MARRIAGE

[Issued under rule 11 (1) of the Kerala Registration of Marriages (Common) Rules, 2008]

Certificate No.....Dated.....

This is to certify that the following information has been taken from the Register of Marriages (Common) maintained in Form No. III in the Office of the Local Registrar of.....(local area).

1. Date of Marriage: .....
2. Place of Marriage: ..... (as in Form No. III)
3. Details of Parties to the Marriage (As on the date of marriage)

Details	*Husband*	*Wife*
(a) Name in Full (Capital Letters)		
(b) Nationality		
(c) Age and date of birth		
(d) Occupation		
(e) Permanent Address		
(f) Name of parents or guardian and the relationship		
(i) Father		
(ii) Mother		
(iii) Guardian		

Details	*Husband*	*Wife*
Photographs : Photograph of the husband is to be affixed Photograph of the wife is to be affixed (Office Seal covering Photographs)		

Registration No...../(Year)

Date of Registration.....

Water Mark

Local Registrar,
(Name of Local Area)

Issued under my hand and seal of this the.....day of.....".

By order of the Governor,

C. P. RAMARAJA PREMA PRASAD,
Law Secretary.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Government have decided to amend the Kerala Registration of Marriages (Common) Rules, 2008, in order to extend the date of registration of marriages solemnized before the commencement of said Rules upto 31-12-2012 and to incorporate the emblem of Government of Kerala, security water mark and the photographs of the husband and wife in the Marriage Certificate.

This notification is intended to achieve the above object.

GOVERNMENT OF KERALA

നം.35298/ആർ.സി.3/2013/ത.സ്വ.ഭ.വ. തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്, തിരുവനന്തപുരം, തീയതി 14-6-2013

സർക്കുലർ

വിഷയം:- കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ 2008- മുസ്ലീം മത വിഭാഗത്തിൽപ്പെട്ടവരുടെ വിവാഹ പ്രായം സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- 1. 29-10-2012 ലെ ഡയറക്ടർ കില-യുടെ 64/12/HD/KILA നമ്പർ കത്ത്.

2. 6-4-2013 ലെ തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 66549/ആർസി3/2012 നമ്പർ കത്ത്.

മുസ്ലീം സമുദായത്തിൽ രക്ഷിതാക്കളുടെ സമ്മതത്തോടെ പുരുഷൻമാർക്ക് 21 വയസ്സിൽ കുറവും സ്ത്രീകൾക്ക് 18 വയസ്സിൽ കുറവും പ്രായം ഉള്ള വിവാഹങ്ങൾ (16 വയസ്സിൽ കൂടുതൽ) കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണോ എന്നത് സംബന്ധിച്ച് ഡയറക്ടർ, കില സൂചന കത്ത് പ്രകാരം സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1957 ലെ മുസ്ലീം വിവാഹനിയമത്തിൽ വിവാഹ സമയം പുരുഷന്മാർക്ക് 21 വയസ്സും സ്ത്രീകൾക്ക് 18 വയസ്സും തികഞ്ഞിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത സാഹചര്യത്തിലും 2006-ലെ ശൈശവ വിവാഹ നിരോധന നിയമ പ്രകാരം 21 വയസ്സ് തികയാത്ത പുരുഷനും 18 വയസ്സ് തികയാത്ത സ്ത്രീയും തമ്മിലുള്ള വിവാഹം അസാധുവാണെന്ന് പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിലും പുരുഷന് 21 വയസ്സ് തികയാതെയും സ്ത്രീക്ക് 18 വയസ്സ് തികയാതെയും (16 വയസ്സിനു മുകളിൽ) നടന്നിട്ടുള്ള മുസ്ലീം വിവാഹങ്ങൾക്ക് കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം മതാധികാര സ്ഥാപനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അത്തരം വിവാഹങ്ങൾ നിയമപരമായി രജിസ്റ്റർ ചെയ്തു നൽകാവുന്നതാണെന്ന് കില ഡയറക്ടർക്ക് സൂചന (2) കത്ത് പ്രകാരം സ്പഷ്ടീകരണം നൽകിയിരുന്നു. ഇക്കാര്യം ചീഫ് രജിസ്ട്രാറെയും അറിയിച്ചിരുന്നു.

എന്നാൽ ഇതിനുശേഷവും മുസ്ലീം സമുദായാംഗങ്ങളുടെ ഭാഗത്ത് നിന്ന് വധുവിന് വിവാഹസമയത്ത് 18 വയസ്സ് തികയാത്ത കാരണത്താൽ പല തദ്ദേശ രജിസ്ട്രാർമാരും വിവാഹം രജിസ്റ്റർ ചെയ്ത് നൽകാത്തത് സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിൽ ലഭിച്ചു. ഈ സാഹചര്യത്തിൽ വിവാഹസമയത്ത് പുരുഷന് 21 വയസ്സ് തികയാതെയും സ്ത്രീക്ക് 18 വയസ്സ് തികയാതെയും (16 വയസ്സിന് മുകളിൽ) നടന്നിട്ടുള്ള മുസ്ലീം വിവാഹങ്ങൾ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ബന്ധപ്പെട്ട മതാധികാരസ്ഥാപനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തു നൽകാവുന്നതാണെന്ന് എല്ലാ തദ്ദേശ സ്ഥാപനങ്ങളെയും അറിയിക്കുന്നു. തദ്ദേശ സ്ഥാപനങ്ങളിലെ രജിസ്ട്രാർമാർ ഈ നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണ്.

ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

To

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കില, തിരുവനന്തപുരം

എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ്, തിരുവനന്തപുരം (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ളിസിറ്റിക്ക്)

ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പസിദ്ധീകരണത്തിന്)

കരുതൽ ഫയൽ/ഓഫീസ് കോഷി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

GOVERNMENT OF KERALA

നം: 41832/ആർ.സി.3/2013/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്
തിരുവനന്തപുരം, തീയതി: 27.06.201.3

സർക്കുലർ

വിഷയം:- കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ 2008 – വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന :- (1) 06.04.2013 –ലെ തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 66549/ആർ.സി.3/2012 നമ്പർ കത്ത്.
(2) 14.06.2013 –ലെ തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 35298/ആർ.സി.3/2013 നമ്പർ സർക്കുലർ.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 2006 ലെ സീമ Vs. അശ്വനികുമാർ എന്ന കേസ്സിലെ വിധിയുടെ അടിസ്ഥാനത്തിൽ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ 2008 –ൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എല്ലാ മതങ്ങളിലും ഉള്ള ഇൻഡ്യൻ പൗരൻമാർ നിർബന്ധമായും വിവാഹം രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിക്കുകയാണ് പ്രസ്തുത ചട്ടങ്ങളുടെ പ്രധാന ഉദ്ദേശ്യം.

മുസ്ലീം സമുദായത്തിൽപ്പെട്ടവരിൽ പുരുഷൻമാർക്ക് 21 വയസ്സിൽ കുറവും സ്ത്രീകൾക്ക് 18 വയസ്സിൽ കുറവും പ്രായം ഉള്ള വിവാഹങ്ങൾ (16 വയസ്സിൽ കൂടുതൽ) പ്രസ്തുത ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണോ എന്ന ഒരു സ്പഷ്ടീകരണം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് സർക്കാർ അതിന്റെ നിയമപരവും സാമൂഹികവും അടക്കമുള്ള വിവിധ വശങ്ങൾ പരിശോധിച്ചതിനു ശേഷം 06.04.2013 –ൽ ഒരു സ്പഷ്ടീകരണം നൽകുകയും തുടർന്ന് 14.06.2013 –ൽ ഒരു സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. വിവാഹ സമയത്ത് പുരുഷന് 21 വയസ്സ് തികയാതെയും സ്ത്രീക്ക് 18 വയസ്സ് തികയാതെയും (16 വയസ്സിനു മുകളിൽ) നടന്നിട്ടുള്ള മുസ്ലിം വിവാഹങ്ങൾ പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ബന്ധപ്പെട്ട മതാധികാര സ്ഥാപനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തു നൽകാവുന്നതാണ് എന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അറിയിച്ചുകൊണ്ടായിരുന്നു മേൽ പരാമർശിച്ച സ്പഷ്ടീകരണവും സർക്കുലറും പുറപ്പെടുവിച്ചത്.

പ്രസ്തുത സർക്കുലർ ചില തെറ്റായ സന്ദേശങ്ങൾ നൽകുന്നതായി ചില കോണുകളിൽ നിന്നും ആക്ഷേപങ്ങൾ ഉയർന്ന സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം

വീണ്ടും പരിശോധിക്കുകയും സർക്കുലർ കൊണ്ട് ഉദ്ദേശിച്ചിട്ടില്ലാത്ത ചില തെറ്റായ സന്ദേശങ്ങൾ ഒഴിവാക്കണമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

കിലയുടെ ഡയറക്ടർ ഉന്നയിച്ച സംശയത്തിന് സ്പഷ്ടീകരണം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി മാത്രമാണ് സർക്കാർ പ്രസ്തുത സ്പഷ്ടീകരണവും സർക്കുലറും പുറപ്പെടുവിച്ചിട്ടുള്ളത്. വിവാഹം രജിസ്റ്റർ ചെയ്തു എന്നതു കൊണ്ടുമാത്രം അതൊരു സാധുതയുള്ള വിവാഹത്തിന്റെ തെളിവാകുന്നതല്ലാത്തതും ഒരു വിവാഹത്തിന്റെ സാധ്യത സംബന്ധിച്ച് നിർണ്ണായകമായ ഘടകവും അല്ല എന്നും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതുമൂലം ആ വിവാഹങ്ങളിൽ ജനിക്കുന്ന കുട്ടികളുടെ സംരക്ഷണം, അവകാശം, വിവാഹിതരാകുന്ന വ്യക്തികളുടെ പ്രായം എന്നീ കാര്യങ്ങൾ സംബന്ധിച്ച് അത് മുഖ്യ തെളിവ് ആയിരിക്കുന്നതാണ് എന്നുമുള്ള സീമ Vs. അശ്വനികുമാർ എന്ന കേസ്സിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയും പ്രായപൂർത്തിയാകാതെ നടന്ന വിവാഹങ്ങളിലും അവയുടെ സാഹചര്യങ്ങൾ പരിഗണിച്ച് വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ് എന്ന് W.P.(C) No.28388/2012, W.P.(C) No.2154/2013 എന്നീ കേസ്സുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധികളും മറ്റും അവലംബിച്ചാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങളുടെ വ്യാപ്തിക്കുള്ളിൽ നിന്നുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത സർക്കുലർ ശൈശവവിവാഹം പ്രോൽസാഹിപ്പിച്ചേക്കും എന്ന ഒരു തെറ്റിദ്ധാരണ ഉളവാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിവാഹങ്ങൾ രജിസ്റ്റർ ചെയ്യപ്പെടാത്തതുമൂലം വർഷങ്ങളായി ഒരുമിച്ചു താമസിക്കുന്ന ഭാര്യാഭർത്താക്കന്മാർക്കും അവരുടെ സന്താനങ്ങൾക്കും വിവിധ തരത്തിലുള്ള വിഷമതകൾ നേരിടുന്നതായി മനസ്സിലാക്കിയതുകൊണ്ടു മാത്രമാണ് പ്രസ്തുത സ്പഷ്ടീകരണവും സർക്കുലറും പുറപ്പെടുവിച്ചിട്ടുള്ളത്. അതല്ലാതെ ശൈശവവിവാഹ നിരോധന നിയമത്തിന്റെ അന്തസത്തയ്ക്ക് എന്തെങ്കിലും ഭംഗം വരുത്തണമെന്ന് സർക്കാർ ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല. അപ്രകാരം ഒരു തെറ്റിദ്ധാരണ ചിലരിലെങ്കിലും ഉളവാക്കിയതായും സർക്കുലറിൽ വസ്തുതാപരമായ ചില പിശകുകൾ സംഭവിച്ചതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതുകൊണ്ട് ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിലേക്കായി ഒരു പുതിയ സർക്കുലർ പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചതിൻ പ്രകാരമാണ് സ്പഷ്ടീകരിച്ചുകൊണ്ട് ഈ സർക്കുലർ പുറപ്പെടുവിക്കുന്നത്.

മേൽ പരാമർശിച്ച സ്പഷ്ടീകരണവും സർക്കുലറും 2006 -ലെ ശൈശവ വിവാഹ നിരോധന നിയമത്തിന്റെ അന്തസത്തയെ ഒരു തരത്തിലും ബാധിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളവയായിരുന്നില്ല. മറിച്ച് ശൈശവവിവാഹനിരോധന നിയമത്തിന്റെ എല്ലാ വകുപ്പുകളും അക്ഷരാർത്ഥത്തിൽ തന്നെ നടപ്പിലാക്കുവാൻ സർക്കാരും മറ്റ് അധികാരസ്ഥാനങ്ങളും പ്രതിജ്ഞാബദ്ധമാണ് എന്ന് വ്യക്തമാക്കുന്നു. മാത്രമല്ല

ശൈശവ വിവാഹ നിരോധന നിയമത്തിലെ 9, 10, 11 എന്നീ വകുപ്പുകൾ പ്രകാരം ശൈശവ വിവാഹം ശിക്ഷാർഹവുമാണ്. ശൈശവ വിവാഹങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും നിയമത്തിൽ പ്രതിപാദിക്കുന്ന മറ്റ് ഉദ്യോഗസ്ഥരും തികഞ്ഞ ജാഗ്രത പുലർത്തേണ്ടതും ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതും ആണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജാഗ്രതാസമിതികളും ഇക്കാര്യത്തിൽ കൂടുതൽ ശുഷ്കാന്തി പുലർത്തേണ്ടതുണ്ട്. ഇതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥപാനങ്ങളിലെ സെക്രട്ടറിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജാഗ്രതാസമിതി അംഗങ്ങൾക്കു നൽകേണ്ടതുമാണ്.

വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് 2008 -ലെ കേരള വിവാഹ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ചില അവ്യക്തതകൾ നിലനിൽക്കുന്നതിനാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ വൈമുഖ്യം പ്രകടിപ്പിക്കുന്നു. ഇത് ഒരു സാമൂഹിക പ്രശ്നമായി നിലനിൽക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇന്നേ ദിവസം വരെ (27.06.2013) നടന്നിട്ടുള്ള എല്ലാ വിവാഹങ്ങളും പ്രസ്തുത ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.

മേൽ പരാമർശിക്കപ്പെട്ട 06.04.2013 -ലെ സ്പഷ്ടീകരണവും 14.06.2013 -ലെ സർക്കുലറും അതിലംഘിച്ചു കൊണ്ട് ഈ സർക്കുലർ പുറപ്പെടുവിക്കുന്നു.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

To

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യ-നീതി വകുപ്പ്, തിരുവനന്തപുരം
ചെയർപേഴ്സൺ, കേരള ചൈൽഡ് റൈറ്റ്സ് കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
ഡയറക്ടർ, കില, തൃശ്ശൂർ
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

© Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

KERALA GAZETTE
കേരള ഗസറ്റ്
EXTRAORDINARY
അസാധാരണം
PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. II / വാല്യം 2 — Thiruvananthapuram, Wednesday, തിരുവനന്തപുരം, ബുധൻ — 9th October 2013, 2013 ഒക്ടോബർ 9, 17th Aswina 1935, 1935 ആശ്വിനം 17 — No. / നമ്പർ 2924

GOVERNMENT OF KERALA

Law (E) Department

NOTIFICATION

G. O. (P) No. 5/2013/Law. *Dated, Thiruvananthapuram, 30th September, 2013.*

THE KERALA REGISTRATION OF MARRIAGES (COMMON) (AMENDMENT) RULES, 2013

1. *Short title and commencement.*—(1) These Rules may be called the Kerala Registration of Marriages (Common) Amendment Rules, 2013.

(2) They shall come into force at once.

2. *Amendment of the Rules.*—In the Kerala Registration of Marriages (Common) Rules, 2008,—

(1) in sub-rule (2) of rule 9, for the words and figures "31st December, 2012" the words and figures "on or before 31st December 2013" shall be substituted.

(2) in rule 10, for the words and figures "31st December, 2012" the words and figures "on or before 31st December 2013" shall be substituted.

By order of the Governor,

C. P. RAMARAJA PREMA PRASAD,
Law Secretary.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Government have decided to amend the Kerala Registration of Marriages (Common) Rules, 2008, in order to extend the date of registration of marriages solemnized before the commencement of the said Rules and marriages solemnized after 2008 and not registered till date, up to 31st December 2013.

The notification is intended to achieve the above object.

കേരള സർക്കാർ

നിയമ (ഇ) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അച്ചടിച്ചത്) നമ്പർ 5/2013/നിയമം. *തിരുവനന്തപുരം, 2013 സെപ്റ്റംബർ 30.*

2013-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2013-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ,—

(1) 9-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടത്തിൽ "2012 ഡിസംബർ 31-ാം തീയതിയോ അതിനുമുമ്പോ" എന്ന അക്കങ്ങൾക്കും വാക്കുകൾക്കും പകരം, "2013 ഡിസംബർ 31-ാം തീയതിയോ അതിനുമുമ്പോ" എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

(2) 10-ാം ചട്ടത്തിൽ "2012 ഡിസംബർ 31-ാം തീയതിയോ അതിനുമുമ്പോ" എന്ന അക്കങ്ങൾക്കും വാക്കുകൾക്കും പകരം, "2013 ഡിസംബർ 31-ാം തീയതിയോ അതിനുമുമ്പോ" എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. പി. രാമരാജ പ്രേമ പ്രസാദ്,
നിയമവകുപ്പ് സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് നടന്ന വിവാഹങ്ങളും 2008-നുശേഷം നടന്നതും നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമായ വിവാഹങ്ങളും രജിസ്റ്റർ ചെയ്യുന്നതിനുള്ള തീയതി 2013 ഡിസംബർ 31 വരെ ദീർഘിപ്പിക്കുന്നതിലേക്കായി പ്രസ്തുത ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

KERALA GAZETTE
കേരള ഗസറ്റ്
EXTRAORDINARY
അസാധാരണം
PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. II / വാല്യം 2 | Thiruvananthapuram, Saturday / തിരുവനന്തപുരം, ശനി | 19th October 2013 / 2013 ഒക്ടോബർ 19 / 27th Aswina 1935 / 1935 ആശ്വിനം 27 | No. / നമ്പർ 2999

GOVERNMENT OF KERALA

Law (E) Department

NOTIFICATION

G. O. (P) No. 6/2013/Law. *Dated, Thiruvananthapuram, 9th October, 2013.*

THE KERALA REGISTRATION OF MARRIAGES (COMMON) AMENDMENT RULES, 2013

1. *Short title and commencement.*—(1) These Rules may be called the Kerala Registration of Marriages (Common) Amendment Rules, 2013.

(2) They shall come into force at once.

2. *Amendment of the Rules.*—In the Kerala Registration of Marriages (Common) Rules, 2008, after sub-rule (3) of rule 11, the following sub-rule shall be added, namely:—

"(4) The Marriage Certificate having barcode and photograph downloaded from the Website shall be a recognized document.".

By order of the Governor,

C. P. RAMARAJA PREMA PRASAD,
Law Secretary.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Government have decided to amend the Kerala Registration of Marriages (Compulsory Registration) Rules, 2008, for considering the Marriage Certificate having the seal and photograph downloaded from the website as a recognized document.

This notification is intended to achieve the above object.

കേരള സർക്കാർ

നിയമ (ഇ) വകുപ്പ്

വിജ്ഞാപനം

നം. പ്ര. (അച്ചടിച്ചത്) നമ്പർ 6/2013/നിയമം. *തിരുവനന്തപുരം, 2013 ഒക്ടോബർ 9.*

2013-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2013-ലെ കേരള വിവാഹം രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ 11-ാം ചട്ടത്തിന്റെ (3)-ാം ഉപചട്ടത്തിനുശേഷം താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"(4) വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന ബാർക്കോഡും ഫോട്ടോയും ഉള്ള വിവാഹ സർട്ടിഫിക്കറ്റ് അംഗീകൃത രേഖയായിരിക്കുന്നതാണ്.".

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. പി. രാമരാജ പ്രേമ പ്രസാദ്,

നിയമവകുപ്പ് സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന ബാർക്കോഡും ഫോട്ടോയും ഉള്ള വിവാഹ സർട്ടിഫിക്കറ്റ് അംഗീകൃത രേഖയായി കണക്കാക്കണമെന്നും, മേൽപ്പറഞ്ഞ ആവശ്യത്തിലേക്കായി 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്നും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

കേരള സർക്കാർ

നിയമ (ഇ) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടിച്ചത്)നമ്പർ.57/2014/നിയമം. തിരുവനന്തപുരം, 2014 ഏപ്രിൽ 16
1936 ചൈത്രം 26

2014-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.-(1) ഈ ചട്ടങ്ങൾക്ക് 2014-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ എന്ന് പേർ പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി. - 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ , -

(1) 9-ാം ചട്ടത്തിൽ (4)-ാം ഉപചട്ടത്തിൽ "ഒരു വർഷക്കാലാവധി" എന്ന വാക്കുകൾക്കു പകരം "അഞ്ച് വർഷക്കാലാവധി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) 10-ാം ചട്ടത്തിലെ ശീർഷകത്തിൽ, "ഒരു വർഷത്തിനുശേഷമുള്ള" എന്ന വാക്കുകൾക്കു പകരം "അഞ്ച് വർഷത്തിനുശേഷമുള്ള" എന്ന വാക്കുകളും, അതേയുടർന്നുള്ള പ്രാവർത്തിക ഭാഗത്തിൽ ,"ഒരു വർഷത്തിനകം" എന്ന വാക്കുകൾക്കു പകരം "അഞ്ച് വർഷത്തിനകം" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സി. പി. രാമരാജ പ്രേമ പ്രസാദ്,
നിയമ സെക്രട്ടറി

വിശദീകരണകുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന സമയ പരിധിക്കുള്ളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് പൊതു ജനങ്ങൾ, പ്രത്യേകിച്ച് പ്രവാസി മലയാളികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഗണിച്ച് പ്രസ്തുത ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം നടന്നിട്ടുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി ഒരു വർഷം എന്നത് അഞ്ചു വർഷം എന്ന് ഭേദഗതി വരുത്തുന്നതിന് കേരള സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

Law (E) Department

NOTIFICATION

G. O. (P) No. 57/2014/Law. *Dated, Thiruvananthapuram,* *16th April, 2014.* / *26th Chaithra, 1936.*

THE KERALA REGISTRATION OF MARRIAGES (COMMON) AMENDMENT RULES, 2014

1. *Short title and commencement.*—(1) These rules may be called the Kerala Registration of Marriages (Common) Amendment Rules, 2014.

(2) They shall come into force at once.

2. *Amendment of the Rules.*—In the Kerala Registration of Marriages (Common) Rules, 2008,—

(1) in sub-rule (4) of rule 9, for the words "one year" the words "five years" shall be substituted.

(2) in rule 10, in the marginal heading and in the operative part thereafter, for the words "one year" the words "five years" shall be substituted in both the places where they occur.

By order of the Governor,

C. P. RAMARAJA PREMA PRASAD,
Law Secretary,

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Considering the difficulties faced by the public, particularly the "pravasis" of Kerala, in registering the marriages within the time limit provided in the Kerala Registration of Marriages (Common) Rules, 2008 the Government of Kerala have decided to amend the said Rules, in order to extend the period of registration of marriages solemnized after the commencement of the said Rules to five years.

The notification is intended to achieve the above object.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്. 2014.

ധനമാനേജ്മെന്റ്

കേരള സർക്കാർ

സംഗ്രഹം

സ.ഉ.(ആർ.ടി)നം.986/2013/തസ്വഭവ തിരുവനന്തപുരം, തീയതി : 11.04.2013

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.02.2013-ലെ ഡിബി2/1330/2013/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്ത്

ഉത്തരവ്

വാഹനങ്ങൾ ഒഴികെയുള്ള, കാലപ്പഴക്കം കൊണ്ട് ഉപയോഗശൂന്യമാകുന്ന യന്ത്രസാമഗ്രികൾ, നടപടിക്രമങ്ങൾ പാലിച്ച് ലേലം ചെയ്ത് വിൽക്കുന്നതിനുള്ള അധികാരം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുതന്നെ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി.വത്സല
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

} അനന്തര നടപടികൾക്കായി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വരൾച്ചാ ബാധിത ദുരിതാശ്വാസ പ്രവർത്തനങ്ങൾ - ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും 2013 - 14 സാമ്പത്തിക വർഷത്തിലും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാരണ) നം. **1014**/2013/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 16.04.2013.

പരാമർശം:-

1. സ.ഉ.(സാധാ.) നം. 807/2012/ത.സ്വ.ഭ.വ. തീയതി: 20.03.2012.
2. സ.ഉ.(സാധാ.) നം. 218/2013/ത.സ്വ.ഭ.വ. തീയതി: 28.01.2013.

ഉത്തരവ്

സംസ്ഥാന റവന്യൂ വകുപ്പ് വരൾച്ച ബാധിതമെന്നു പ്രഖ്യാപിക്കുന്ന / പ്രഖ്യാപിച്ചിട്ടുള്ള പ്രദേശം ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും സംസ്ഥാന / കേന്ദ്ര സർക്കാരിന്റെ മറ്റു വകുപ്പുകളോ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്ന മറ്റു ഏജൻസികളോ നടപ്പിലാക്കാത്ത വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഗ്രാമ പഞ്ചായത്തുകൾക്ക് പരമാവധി അഞ്ച് ലക്ഷം രൂപയും നഗരസഭകൾക്ക് പരമാവധി പത്ത് ലക്ഷം രൂപയും മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് പരമാവധി ഇരുപത്തഞ്ച് ലക്ഷം രൂപയും 2012-13 സാമ്പത്തിക വർഷം ചെലവ് ചെയ്യുന്നതിന് പരാമർശം രണ്ടിലെ ഉത്തരവുനുസരിച്ച് അനുവദിച്ചിരുന്നു.

2. **പ്രസ്തുത പരമാവധി തുകയിൽ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവാക്കിയ തുക കഴിച്ചുള്ള തുകക്ക്** 2013 ഏപ്രിൽ ഒന്നു മുതൽ ജൂൺ മുപ്പത് വരെയുള്ള കാലയളവിലും തനത് നിധിയിൽ നിന്നോ പരമ്പരാഗത ചുമതലകൾ, ആസ്തികളുടെ / റോഡിതര ആസ്തികളുടെ സംരക്ഷണം, വികസനവും അഭിവൃദ്ധിപ്പെടുത്തലും തുടങ്ങിയവക്കായുള്ള നിധികളിൽ നിന്നോ പഞ്ചായത്ത്

കമ്മിറ്റി / നഗരസഭാ കൗൺസിലിന്റെ തീരുമാന പ്രകാരം വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

പ്രസ്തുത ധനവിനിയോഗത്തിലൂടെ നടത്തുന്ന എല്ലാത്തരം പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡുകളിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതും വരൾച്ചക്കുശേഷം ചേരുന്ന ഗ്രാമസഭ / വാർഡു സഭകളിൽ സമർപ്പിച്ചു ചർച്ച ചെയ്യപ്പെടേണ്ടതുമാണ്.

ഇത്തരത്തിൽ ചിലവാക്കുന്ന തുകക്ക് പിന്നീട് ജില്ലാ ആസൂത്രണ സമിതിയുടെ (ആവശ്യമായ പദ്ധതി തയ്യാറാക്കി നൽകി) സാധൂകരണം വാങ്ങേണ്ടതാണ്. കൂടാതെ റവന്യൂ വകുപ്പ് കണ്ടെത്തുന്ന രൂക്ഷമായ വരൾച്ച നേരിടുന്ന പ്രദേശങ്ങളിൽ റവന്യൂ വകുപ്പ് ജലവിതരണം നടത്തുന്നില്ലെങ്കിൽ കുടിവെള്ളം ടാങ്കർ ലോറികളിൽ എത്തിക്കുന്ന നടപടികളിൽ ജലവിതരണം നടത്തുന്ന റൂട്ടുകളുടെ വിശദവിവരം പഞ്ചായത്ത് / നഗരസഭാ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്. വരൾച്ചക്കുശേഷം ചേരുന്ന ഗ്രാമസഭയിൽ / വാർഡ്സഭയിൽ അതതു വാർഡിലെ / ഡിവിഷനിലെ ജലവിതരണത്തെ സംബന്ധിച്ച വിവരങ്ങൾ സമർപ്പിച്ചു ചർച്ച ചെയ്യേണ്ടതാണ്. ജലവിതരണം നടത്തുന്ന ടാങ്കർ ലോറികളുടെ ട്രിപ്പ് ഷീറ്റുകൾ ബന്ധപ്പെട്ട വാർഡ് പ്രതിനിധിയും എ.ഡി.എസ്. ചെയർപേഴ്സണും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്.)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (എല്ലാ നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും പകർപ്പ് നൽകേണ്ടതാണ്).
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (ഈ ഉത്തരവിനനുസൃതമായ മാറ്റങ്ങൾ **''സാംഖ്യ''**യിൽ വരുത്തുന്നതിനും വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിലേയ്ക്കുമായി)
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
ജലവിഭവ വകുപ്പ് / റവന്യൂ വകുപ്പ് / പൊതുമരാമത്ത് വകുപ്പ് / ധനകാര്യ വകുപ്പ് / സഹകരണ വകുപ്പ്.
സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്. (എല്ലാ മാധ്യമങ്ങളിലും വാർത്തയായി നൽകുന്നതിന്)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാ സാമ്പത്തികവർഷവും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാരണ) നം. 1209/2013/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 06.05.2013.

പരാമർശം:- 1) 21.01.2012-ലെ സ.ഉ.(സാധാ.) നം. 246/2012/ത.സ്വ.ഭ.വ.
2) 23.06.2012-ലെ സ.ഉ.(സാധാ.) നം. 1709/2012/ത.സ്വ.ഭ.വ.
3) 23.08.2012-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.18 നമ്പർ തീരുമാനം.
4) 23.01.2013-ലെ വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.1.18 നമ്പർ തീരുമാനം.
5) 06.02.2013-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.1.3 നമ്പർ തീരുമാനം.
6) കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത് നമ്പർ 1906/എ4/2013/കെ.എസ്.എസ്.എം. തീയതി: 22.04.2013.

ഉത്തരവ്

സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പ്രധാന പദ്ധതികളായ ആശ്വാസ കിരണം, ക്യാൻസർ സുരക്ഷ, താലോലം, ശ്രുതിതരംഗം, സ്നേഹപൂർവ്വം, തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിന് സർക്കാരിൽ നിന്നും അനുവദിച്ച് ലഭിക്കുന്ന തുക അപര്യാപ്തമാണ്. സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തുന്ന ടി പദ്ധതികളുടെ പ്രയോജനം അർഹരായ മുഴുവൻ പേർക്കും ലഭ്യമാക്കുന്നതിന് സമൂഹത്തിലെ സുമനസ്സുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഫണ്ട് സ്വരൂപിക്കാറുണ്ട്.

2. സൂചന ഒന്നിലെ ഉത്തരവ് പ്രകാരം 2011-12 വർഷത്തിൽ ജില്ലാ പഞ്ചായത്ത് / കോർപ്പറേഷനുകളിൽ നിന്നും 10 ലക്ഷം രൂപ വീതവും ബ്ലോക്ക് പഞ്ചായത്ത് /

മുനിസിപ്പാലിറ്റികളിൽ നിന്നും 5 ലക്ഷം രൂപ വീതവും ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് 1 ലക്ഷം രൂപ വീതവും കേരള സാമൂഹ്യ സുരക്ഷാ മിഷന് സംഭാവനയായി നൽകുന്നതിന് അനുമതി നൽകിയിരുന്നു. 2012-13 വർഷത്തിൽ പ്രസ്തുത സംഭാവനയുടെ നിരക്ക് യഥാക്രമം 25 ലക്ഷം രൂപ, 10 ലക്ഷം രൂപ, 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ച്കൊണ്ട് സർക്കാർ സൂചന രണ്ടിൽ ഉത്തരവാകുകയും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന ലഭിക്കുകയുമുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവനയായി ലഭിച്ച തുക കൂടി വിനിയോഗിച്ച് ടി പദ്ധതി ആനുകൂല്യങ്ങൾ പരമാവധി ഗുണഭോക്താക്കൾക്ക് നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

3. മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളെ അനാഥരായി ഓർഫണേജുകളിൽ അടയ്ക്കപ്പെടാതെ സ്വഭവനങ്ങിൽ അഥവാ ബന്ധുഭവനങ്ങളിൽ താമസിച്ച് വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിന് പ്രതിമാസ ധനസഹായം അനുവദിക്കുന്ന സ്നേഹപൂർവ്വം പദ്ധതി കഴിഞ്ഞ വർഷത്തിൽ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് പ്രചോദനമായത് പ്രധാനമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സംഭാവനയാണ്. കിഡ്നിക്ക് തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിലേർപ്പെടുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന സമാശ്വാസം പദ്ധതിയ്ക്കും നടപ്പു വർഷം രൂപം നൽകി കഴിഞ്ഞു. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനും അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കു വേണ്ടി കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനും തുടർന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്വവും സംഭാവനയും അത്യാവശ്യമാണ്.

4. അതിനാൽ 2013-14 സാമ്പത്തിക വർഷത്തിലും തുടർന്നുള്ള വർഷങ്ങളിലും മിഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു വേണ്ടി സൂചന രണ്ടിലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതിൽ കുറയാത്ത തുക സംഭാവനയായി അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നതാണ് പരാമർശം ആറിലെ കത്തിലെ അഭ്യർത്ഥന.

5.സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം അഞ്ചിലെ തീരുമാന പ്രകാരം അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാമിഷന്റെ ആഭിമുഖ്യത്തിൽ അവശത അനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനായി ജില്ലാ പഞ്ചായത്ത് / കോർപ്പറേഷൻ 25 ലക്ഷം രൂപ .(ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം)

ബ്ലോക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റി 10 ലക്ഷം രൂപ (പത്ത് ലക്ഷം രൂപ മാത്രം) ഗ്രാമ പഞ്ചായത്തുകൾ 5 ലക്ഷം രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) എന്ന പരമാവധി നിരക്കിൽ എല്ലാ സാമ്പത്തിക വർഷവും തനത് / പ്ലാൻ ഫണ്ടിൽ നിന്നും അവയുടെ കമ്മിറ്റി / കൗൺസിൽ തീരുമാനത്തിന് വിധേയമായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേമെന്റ് ഗേറ്റ്വേയിലേക്ക് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

6. കേരള സാമൂഹ്യ സുരക്ഷാ മിഷൻ സംഭാവന നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്.)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകേണ്ടതാണ്).
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്.)
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും **"സാംബ"** സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിനും)
തദ്ദേശസ്വയംഭരണ (ഡി.എ.) / (എസ്.ആർ.ജി.) വകുപ്പ്.
ധനകാര്യ (എസ്.എഫ്.സി) വകുപ്പ്.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

നം.18955/ആർ.സി1/2013/ത.സ്വ.ഭ.വ തദ്ദേശ സ്വയം ഭ രണ (ആ ർ.സി) വകുപ്പ്
തിരുവനന്തപുരം തീയതി : 30.05.2013

പരിപത്രം

വിഷയം ത.സ്വ.ഭ.വ-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഫണ്ടു ലഭ്യത ഉറപ്പു വരുത്തി മാത്രമേ സ്ഥലമെടുപ്പ് നടത്താവൂ എന്ന പൊതു നിർദ്ദേശം നല്കുന്നത് സംബന്ധിച്ച്

സൂചന പാലക്കാട് നഗരസഭാ സെക്രട്ടറിയുടെ 12.03.2013 ലെ പി1.1153/93/പി.ഡി.എ/പി.ഡബ്ല്യൂ6 നമ്പർ കത്ത്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ/വികസന അതോറിറ്റികൾ വിവിധ ആവശ്യങ്ങൾക്കായി സ്ഥലമേറ്റെടുപ്പ് നടത്തുമ്പോൾ ആയതിന് ആവശ്യമായ ഫണ്ട് ലഭ്യമാണ് എന്ന് ഉറപ്പാക്കാത്തതു കാരണം സർക്കാരിന് പിന്നീട് വൻ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കേണ്ടതായി വരുന്നു. ആയതിനാൽ മേലിൽ ഫണ്ടു ലഭ്യത ഉറപ്പുവരുത്തി മാത്രമേ നടപടികളുമായി മുന്നോട്ടുപോകാൻ പാടുള്ളൂ എന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

1) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4) എല്ലാ വികസന അതോറിറ്റി സെക്രട്ടറിമാർക്കും
5) എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
6) എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാ ർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7) എല്ലാ നഗരസഭ/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
8) ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
9) ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്
10) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്: പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം. 29536/എഫ്.എം1/2013/ത.സ്വ.ഭ.വ

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്,
തിരുവനന്തപുരം, തീയതിഃ 30.05.2013.

സർക്കുലർ

വിഷയംഃ- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷിക ധനകാര്യ. സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചനഃ-
1. 23.02.2012-ലെ ജി.ഒ.(ആർ.റ്റി) 67/12/പ്ലാനിംഗ് നമ്പർ കത്ത്.
2. ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പിന്റെ 25.04.2013-ലെ 6222/ബി1/2013/പ്ലാനിംഗ് നമ്പർ അനൗദ്യോഗിക കുറിപ്പ്.

23.02.2012-ലെ ജി.ഒ.(ആർ.റ്റി) 67/12/പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അക്കൗണ്ട് അനാലിസിസ് ചെയ്യുന്നതിലേയ്ക്കായി അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2009-10 മുതൽ 2011-12 വരെയുള്ള വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും **ജൂൺ പതിനഞ്ചിനകം** ഡയറക്ടർ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാസ്റ്റിക്സിന് നൽകേണ്ടതാണ്. നഗരകാര്യ ഡയറക്ടർ, ഗ്രാമ വികസന കമ്മിഷണർ, പഞ്ചായത്ത് ഡയറക്ടർ എന്നിവർ ഇക്കാര്യം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
} ബന്ധപ്പെട്ട എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതിന്റെ പകർപ്പ് നൽകേണ്ടതാണ്.

ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാസ്റ്റിക്സ്,
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർ / സെക്രട്ടറിമാരും.
എല്ലാ കോർപ്പറേഷൻ മേയർ / സെക്രട്ടറിമാർ.
സ്റ്റാക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ
സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഭാരത അന്താരാഷ്ട്ര വ്യാപാര മേള 2013 - മേളയിൽ പങ്കെടുക്കുന്നതിനും ആവശ്യമായ തുക ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും വഹിക്കുന്നതിനും പഞ്ചായത്തു വകുപ്പിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ(സാധാ) നം. 2353/2013/തസ്വഭവ **തിരുവനന്തപുരം, തീയതി, 23.09.2013**

പരാമർശം: പഞ്ചായത്ത് ഡയറക്ടറുടെ 02.09.2013തീയതിയിലെ ജി2-32000/13നമ്പർ കത്ത്.

ഉത്തരവ്

പരാമർശത്തിലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്ന സാഹചര്യത്തിൽ 2013 നവംബർ മാസത്തിൽ ന്യൂഡൽഹിയിൽ നടക്കുന്ന ഭാരത അന്താരാഷ്ട്ര വ്യാപാര മേളയിൽ പങ്കെടുക്കുന്നതിനും ആയതിന് ആവശ്യമായ തുക എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും തനത് ഫണ്ടിൽ നിന്നും 1000 രൂപ നിരക്കിൽ നൽകുന്നതിനും എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും യഥേഷ്ടാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
അനിത ദാമോദരൻ
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും *(പഞ്ചായത്ത് ഡയറക്ടർ മുഖേന)*
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. പബ്ലിക് റിലേഷൻസ് വകുപ്പ്.
8. കരുതൽ ഫയൽ
9. ഓഫീസ് കോപ്പി

പകർപ്പ്: പഞ്ചായത്തും സാമൂഹ്യക്ഷേമ വകുപ്പും മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Local Self Government Department - Implementation of e-Tendering in Local Self Government Department - Opening of Zero Balance Account and procurement of Digital Signature Certificate - Sanction accorded - Orders issued.

==========

LOCAL SELF GOVERNMENT (DC) DEPARTMENT

G.O.(MS)No.318/2013/LSGD. Dated, Thiruvananthapuram, 28.09.2013

==========

Read:- 1) G.O.(P)No. 15/2013/Fin. Dated, 7.1.2013.
2) G.O.(MS)No. 232/2013/LSGD Dated, 25.6.2013.
3) Letter No.DB1/7942/04/CE/LSGD dated 4/7/2013, 31/7/2013 from Chief Engineer, LSGD.
4) Govt. Letter No. 29665/DC3/13/LSGD dated 27.8.2013.

ORDER

As per the reference read as 2nd paper above orders have been issued for implementing the scheme of e-tendering in Local Self Govt. Department. The Chief Engineer, LSGD as per letters read as 3rd paper above has now requested to accord sanction for opening a zero balance account for online transaction of EMD and Tender schedule fee and for providing DSC to officers for undertaking e-tendering of public works in Local Self Government Department.

2) Government have examined the matter in detail and are pleased to accord sanction for opening Zero Balance Account for the purpose, on condition that the account shall be used only for E-procurement. The account will be opened by the District Panchayat Executive Engineers in 14 districts and the Engineering heads (AE/AEE/EE) in 60 Municipalities and Superintending Engineers in 5 Corporations. The Assistant Engineers of Grama Panchayats and Assistant Executive Engineers of Block Panchayats shall use the Zero Balance Account opened by the District Panchayat Executive Engineer of the respective District for e-procurement.

3) Sanction is also accorded for obtaining Digital Signature Certificate (DSC) by all the officers who require DSC for e-procurement in Local Self Government Department.

4) Government have also examined the complaints relating to tender for public works in LSGIs and found that the present system of e-tender in LSGD for all tenders worth Rs.25 Lakhs and above is inadequate for ensuring transparency in this regard. Government are therefore, pleased to issue orders for the implementation of e-tender system in LSGD for all tenders worth Rs.5 lakhs and above.

5) The Govt. Order read as 2nd paper above stands modified to the above extent.

6) The Chief Engineer, LSGD will take all necessary steps to implement the scheme in Local Self Government Department without delay.

By order of the Governor,
James Varghese
Principal Secretary to Government.

To
The Director of Urban Affairs, Thiruvananthapuram.
The Director of Panchayats, Thiruvananthapuram.
The Commissioner, Rural Development, Thiruvananthapuram.
The Chief Engineer, Local Self Government Department
The Principal Accountant General (Audit)/(A&E)/(LBA&A), Kerala,Thiruvananthapuram.
The Planning & Economic Affairs Department
The Local Self Government (FM) Department
The Public Works Department
The Law Department
The Information Technology Department
The Information Kerala Mission, Thiruvananthapuram, Kerala.
The National Informatics Centre, Vellayambalam, Thiruvananthapuram, Kerala.
The Finance Department.
The Information & Public Relations Department
Stock File/ Office Copy.

Forwarded/ By order,
Section Officer.

കേരള സർക്കാർ

നം.79529/ഡിഎ2/13/തസ്വഭവ

തദ്ദേശ സ്വയംഭരണ(ഡി എ)വകുപ്പ്,
തിരുവനന്തപുരം, തീയതി : 03.01.2014.

സർക്കുലർ

വിഷയം : - തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകളുടെ വാർഷിക കണക്കുകളുടെ ഓപ്പണിംഗ് ബാലൻസിൽ തിരുത്തൽ വരുത്തുന്നത് - അനുമതി - സംബന്ധിച്ച്

സൂചന : - 23.12.2013-ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിന്റെ ഇനം 2.2 നമ്പർ തീരുമാനം

സൂചന തീരുമാനത്തിന്റെയടിസ്ഥാനത്തിൽ, ഗ്രാമപഞ്ചായത്തുകളുടെ വാർഷിക കണക്കുകളുടെ ഓപ്പണിംഗ് ബാലൻസിൽ തിരുത്തൽ വരുത്തുന്നത് സംബന്ധിച്ചുള്ള ആവശ്യങ്ങൾ, ട്രഷറി കണക്കുകളുമായി ഒത്തുനോക്കി പെർഫോർമൻസ് ഓഡിറ്റിംഗ് യൂണിറ്റ് സീനിയർ സൂപ്രണ്ടുമാർ സർട്ടിഫൈ ചെയ്യുന്നത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ അംഗീകരിച്ച ശേഷം, ഒറ്റത്തവണത്തേയ്ക്ക് മാത്രമായി മാറ്റം വരുത്തുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു. ആയതിനുള്ള **അവസാനതീയതി 2014 ജനുവരി 15** ആയിരിക്കുന്നതാണ്.

സി.വത്സല
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വേനൽമഴ - 2014 / മേയ്, ജൂൺ - ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാരണ) നം. 1113/2014/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതിഃ 09.05.2014.

ഉത്തരവ്

സംസ്ഥാനത്ത് അനുഭവപ്പെട്ട് തുടങ്ങിയിരിക്കുന്ന മഴക്കാല ദുരിതങ്ങൾ നേരിടുന്നതിനുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ അടിയന്തിരമായി എല്ലാ ഗ്രാമ പഞ്ചായത്തുകളും കൈക്കൊള്ളേണ്ടതാണ്.

സർക്കാർ വകുപ്പുകളും സർക്കാർ ഇതര ഏജൻസികളും നടത്തുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തുകൾ ഏകോപിക്കേണ്ടതാണ്. ഇതിനായി സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും ജില്ല / താലൂക്ക് / വില്ലേജ് / പഞ്ചായത്ത് തല സംവിധാനങ്ങൾ തുടങ്ങി ഈ രംഗത്ത് പ്രവർത്തിക്കുന്ന ഏവരുമായി കൂടിയാലോചിച്ച് ഗ്രാമ പഞ്ചായത്ത്തല ദുരിതാശ്വാസ ഏകോപന സമിതികൾ രൂപീകരിച്ച് പ്രസ്തുത പ്രവർത്തനങ്ങൾ ചിട്ടയായും പരാതിരഹിതമായും അടിയന്തിരമായി നടക്കുന്നു എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.

ഈ പ്രവർത്തനങ്ങൾക്കായി ഓരോ ഗ്രാമ പഞ്ചായത്തിനും അവരുടെ തനത് ഫണ്ടിൽ നിന്നും പരമാവധി 50,000/- (അമ്പതിനായിരം രൂപ മാത്രം) വരെ 2014 മേയ്, ജൂൺ മാസങ്ങളിൽ ചെലവഴിക്കാൻ യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

ചെലവിന്റെ വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയിലും ഗ്രാമ സഭകളിലും അവതരിപ്പിച്ച് സാധൂകരണം വാങ്ങിയിരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നൽകേണ്ടതാണ്)
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ദുരന്തനിവാരണ (റവന്യൂ) വകുപ്പ്.
ഡയറക്ടർ, ആരോഗ്യ വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം. (എല്ലാ മാധ്യമങ്ങളിലും പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

പകർപ്പ്:
ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
അഡിഷണൽ സെക്രട്ടറി ടു ചീഫ് സെക്രട്ടറി.
തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രടറി / സെക്രടറി യുടെ പി.എ.ക്ക്.

ഓഡിറ്റ്

കേരള സർക്കാർ

നം.8821/എസി2/09/തസ്വഭവ. തദ്ദേശ സ്വയംഭരണ (എസി) വകുപ്പ്
തിരുവനന്തപുരം, തീയതി:1.9.2012.

സർക്കുലർ

വിഷയം:- തസ്വഭവ - ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വസ്തുനിഷ്ഠമായ മറുപടി സമർപ്പിയ്ക്കുന്നത് - -സംബന്ധിച്ച്.

സൂചന: - നിയമസഭാസമിതിയുടെ 16.8.12-ലെ യോഗം - സംബന്ധിച്ച്.

കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16.8.12-ൽ യോഗം ചേരുകയും കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് പരിശോധന നടത്തുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ സമർപ്പിയ്ക്കപ്പെട്ട മറുപടി വസ്തു നിഷ്ഠമായിരുന്നില്ലെന്ന് സമിതി അഭിപ്രായപ്പെടുകയും ഇതിന്മേൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. മാത്രമല്ല, സമയബന്ധിതമായി മറുപടി ലഭ്യമാക്കിയിരുന്നില്ല എന്നും അഭിപ്രായപ്പെട്ടു.

ഈ സാഹചര്യത്തിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വ്യക്തവും, വസ്തു നിഷ്ഠവുമായ മറുപടി സമയബന്ധിതമായി തയ്യാറാക്കി സർക്കാരിൽ സമർപ്പിയ്ക്കേണ്ടതാണെന്ന് ഇതിനാൽ കർശന നിർദ്ദേശം നല്കുന്നു. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വ്യക്തവും, വസ്തുനിഷ്ഠവുമായ മറുപടി സമയബന്ധിതമായി സമർപ്പിയ്ക്കുന്നുണ്ടെന്നുള്ളത് വകുപ്പധ്യക്ഷൻമാർ ശ്രദ്ധിയ്ക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു

ടി.ജെ.മാത്യു,
സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർമാർക്കും.
എല്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തുകൾക്കും
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
ഐ ആന്റ് പി.ആർ.ഡി.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

നം. 32632/എബി2/12/തസ്വഭവ. തദ്ദേശ സ്വയം ഭരണ (എബി) വകുപ്പ്,
തിരുവനന്തപുരം: തീയതി: 26/08/2013

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പുകൾ സംബന്ധിച്ച അപാകതകളെക്കുറിച്ചുള്ള ഓഡിറ്റ് ഖണ്ഡികകൾ

സൂചന:- ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14) - 30/07/2013-ലെ യോഗ തീരുമാനം

.....

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പുകൾ സംബന്ധിച്ച അപാകതകൾ, ഓഡിറ്റ് റിപ്പോർട്ടുകൾ മുഖേനയോ അല്ലാതെയോ സർക്കാരിന്റെ ശ്രദ്ധയിൽ വന്നാലുടൻ തന്നെ അപാകതകൾക്ക് കാരണക്കാരായവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടിലെ ഓരോ ഖണ്ഡികയ്ക്കുള്ള മറുപടിയിൽ സർക്കാർ സ്വീകരിച്ച അച്ചടക്ക നടപടിയെക്കുറിച്ചുള്ള ഒരു ഖണ്ഡിക കൂടി ഉൾപ്പെടുത്തിയിരിക്കേണ്ടതുമാണ്.

എ. ജവഹറാബീവി,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ IKM (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ് തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പൊതുമരാമത്ത്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ/ നെറ്റ് വർക്കിംഗ് ജോലികൾ പ്രാദേശികമായി ക്വട്ടേഷൻ ക്ഷണിച്ച് പൂർത്തിയാക്കുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ. (സാധാ) നം. 1066/2012/തസ്വഭവ. തിരുവനന്തപുരം, തിയതി, 04.04.2012

പരാമർശം:- 1. സ.ഉ. (സാധാ) നം. 1928/10/തസ്വഭവ തിയതി, 11.06.2010.

2. സ.ഉ. (സാധാ) നം. 822/11/തസ്വഭവ തിയതി, 19.03..2011.

3. സ.ഉ. (സാധാ) നം. 1282/11/തസ്വഭവ തിയതി, 29.05.2011.

4. ഇൻഫർമേഷൻ കേരള മിഷൻ, എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 24.01.2012 ലെ IKM/ P & W - 696/2011 - 12 നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് ആവശ്യമായ ഇലക്ട്രിക്കൽ/ നെറ്റ് വർക്കിംഗ് ജോലികൾ 31.12.2010 ന് മുമ്പ് ചെയ്തു തീർക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ തെരഞ്ഞെടുത്ത കോൺട്രാക്ടർമാരുടെ ലിസ്റ്റിന് പരാമർശം (1) ലെ ഉത്തരവു പ്രകാരം സർക്കാർ അംഗീകാരം നൽകിയിരുന്നു. സൂചന (2) ലെ ഉത്തരവു പ്രകാരം 31.03.2011 വരെയും സൂചന (3) ലെ ഉത്തരവു പ്രകാരം 31.12.2011 വരെയും ടി ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ചിരുന്നു. ടി ലിസ്റ്റിന്റെ കാലാവധി 31.12.2012 വരെ ദീർഘിപ്പിക്കണമെന്ന് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ പരാമർശം (4) ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ/ നെറ്റ് വർക്കിംഗ് ജോലികൾക്കായി തെരഞ്ഞെടുത്ത കോൺട്രാക്ടർമാരുടെ സേവനം അവസാനിപ്പിച്ചു കൊണ്ടും ഇനിയും പൂർത്തികരിച്ചിട്ടില്ലാത്ത ജോലികൾ പ്രാദേശികമായി ക്വട്ടേഷൻ ക്ഷണിച്ച് ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹായത്തോടെ പൂർത്തികരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എം. ഷാഹുൽ ഹമീദ്
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തസ്വഭവ - പി.എം.ജി.എസ്.വൈ- മുടങ്ങിക്കിടക്കുന്ന റോഡുകളുടെ ടെണ്ടർ പ്രീമിയം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- - - -

മുകളിൽ പറഞ്ഞ 304 റോഡുകൾക്കുമായി കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക 286.5 കോടി രൂപയാണ്. മുടങ്ങിക്കിടക്കുന്ന 33 റോഡുകൾക്ക് 2010 SoR അനുസരിച്ചു ടെൻഡർ ചെയ്യുവാൻ വേണ്ട അധിക തുക 41.66 കോടി രൂപയാണ്. ടെൻഡർ ലഭിച്ചതും എഗ്രിമെന്റ് വയ്ക്കുവാനുള്ളതുമായ 24 റോഡുകൾക്ക് പരമാവധി 35% ടെൻഡർ പ്രീമിയം നല്കുവാനാവശ്യമായ തുക 12.85 കോടി രൂപയാണ്. ഫേസ് II മുതൽ ഫേസ് VII വരെയുള്ള 247 റോഡുകൾക്കും മുടങ്ങിക്കിടക്കുന്ന 33 റോഡുകൾക്കും കൂടി നെഗോഷ്യേറ്റ് ചെയ്തു പരമാവധി 35% ടെൻഡർ പ്രീമിയം നല്കുവാനാവശ്യമായ തുക 114.31 (5.82 + 108.49) കോടി രൂപയാണ്.

സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പരാമർശിക്കും പ്രകാരമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഫേസ് II മുതൽ ഫേസ് VII വരെ മുടങ്ങിക്കിടക്കുന്ന 33 റോഡുകൾക്കും 2010 SoR അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുക.
2) ടെണ്ടർ ലഭിച്ച 24 റോഡുകൾക്കും, ടെണ്ടർ ചെയ്യുവാനുള്ള 33 റോഡുകൾക്കും, റീടെണ്ടർ ചെയ്ത 247 റോഡുകൾക്കും പരമാവധി 35% തുക ടെണ്ടർ പ്രീമിയം (പരമാവധി അധിക തുക 127.16 കോടി രൂപ) നൽകി വർക്ക് അവാർഡ് ചെയ്യുക.
3) 15.03.2012 ലെ CE/R&B/2012/TVM ഇനം (7) ലെ തീരുമാനപ്രകാരം പൊതുമരാമത്തു വകുപ്പിന് നൽകിയ 42% അധിക ടെണ്ടർ പ്രീമിയം പി.എം.ജി.എസ്.വൈ യ്ക്കും ബാധകമാക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മെമ്പർ സെക്രട്ടറി, കെ.എസ്.ആർ.ആർ.ഡി.എ, തിരുവനന്തപുരം.
3. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം.
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
5. പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, തിരുവനന്തപുരം.
6. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും
7. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
8. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
9. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
10. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
11. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
12. പൊതുഭരണ (എസ്.സി) വകുപ്പ്
13. കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പൊതുമരാമത്ത് പ്രവൃത്തികൾ - ഗുണഭോക്തൃ സമിതികൾ മുഖേന നിർവഹണം നടത്താവുന്ന പ്രവൃത്തികളുടെ അടങ്കൽ തുക - പരിധി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(എം.എസ്)178/12 / തസ്വഭവ തിരുവനന്തപുരം , തീയതി , 27.06.2012

പരാമർശം :- 1. 16 / 01 / 08 - ലെ സ.ഉ.(എം.എസ്) 17/ 08 /തസ്വഭവ നമ്പർ ഉത്തരവ്.
2. 20.07.2010-ലെ 46662/ഡിഎ1/2010/ തസ്വഭവ നമ്പർ സർക്കുലർ
3. 23.05.2012-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 3.51 നമ്പർ തീരുമാനം.

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്താവുന്ന മരാമത്ത് പ്രവൃത്തികളുടെ അടങ്കൽ തുക 50,000/- രൂപയിൽ നിന്നും 5 ലക്ഷം (അഞ്ച് ലക്ഷം) രൂപയായി വർദ്ധിപ്പിച്ച് കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നിർമ്മാണ സാമഗ്രികൾക്ക് വില കുത്തനേ ഉയരുകയും, എസ്റ്റിമേറ്റ് റേറ്റ് പല തവണ റിവൈസ് ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്താവുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ അടങ്കൽ തുക വർദ്ധിപ്പിക്കണമെന്ന് ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (3)ലെ വികേന്ദ്രീകൃതാസൂതണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്താവുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ അടങ്കൽ തുക നിലവിലുള്ള 5,00,000/- (അഞ്ച് ലക്ഷം) രൂപയിൽ നിന്നും 15,00,000/- (പതിനഞ്ച് ലക്ഷം) രൂപയായി വർദ്ധിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ബിറ്റുമിൻ ഡിപ്പാർട്ട്മെന്റൽ മെറ്റീരിയൽ ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി - 15 ലക്ഷം രൂപ വരെ അടങ്കലുളള പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങി നൽകുന്നതിനുളള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ)നം.1573/12/തസ്വഭവ തിരുവനന്തപുരം, തീയതി.08.08.12

പരാമർശം:-(1) സ.ഉ(സാധാ)നമ്പർ 391/2012/തസ്വഭവ തീയതി 07.02.12

(2)മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് ചെയർമാന്റെ (ആരോഗ്യം, വിദ്യാഭ്യാസം) കത്ത്.

(3)28.03.12-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി ഐറ്റം 3.61 നമ്പർ തീരുമാനം

(4)തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.04.12-ലെ ഡിബി4/305/2012/സിഇ/തസ്വഭവ കത്ത്.

(5) 23.05.2012-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഐറ്റം നമ്പർ 3.37 തീരുമാനം.

ഉത്തരവ്

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ 15 ലക്ഷം രൂപ വരെ അടങ്കൽ തുകയുളള ടാറിംഗ് പണികൾക്ക് ബിറ്റുമിൻ വാങ്ങി നൽകുന്നതിന് പരാമർശം (1) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. 2011-12-ലെ റോഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്തുളളതിനേക്കാൾ ടാർ വില അധികരിച്ചതിനാൽ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറാകുന്നില്ലെന്നും, ആയതിനാൽ അധിക വില നൽകുന്നതിന് പഞ്ചായത്തുകൾക്ക് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (3)ലെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയരുടെ ശുപാർശയുടെ അടിസ്ഥാനത്തിലും പരാമർശം (4) ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരവും ബിറ്റുമിൻ ഡിപ്പാർട്ട്മെന്റൽ മെറ്റീരിയൽ ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി, പ്രവൃത്തിയുടെ അടങ്കൽ തുക 15 ലക്ഷം രൂപ വരെയുളളവയ്ക്ക് ആവശ്യമായ ബിറ്റുമിൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടുവാങ്ങി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ഷെഡ്യൂൾ നിരക്ക് 2012-മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-പുതുക്കിയ ഷെഡ്യൂൾ നിരക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ)നം. 2921/12/തസ്വഭവ തിരുവനന്തപുരം, തീയതി.19/10/2012

പരാമർശം:-(1) 1/10/2011 ലെ സ.ഉ(സാധാ)നം.2284/11/തസ്വഭവ

(2) 28/09/2012 ലെ സ.ഉ(എം.എസ്)നം.68/2012/പി.ഡബ്ല്യൂ.ഡി

(3) 08/10/2012 ലെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ പി.ബി.5/1901/08/സി.ഇ/തസ്വഭവ നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) പ്രകാരം പുതുക്കി നിശ്ചയിച്ച 2010 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മരാമത്തു പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. പരാമർശം (2) ലെ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പ് 01.10.2012 മുതൽ പ്രാബല്യം നൽകി 2012 ലെ ഷെഡ്യൂൾ നിരക്ക് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരമാർശം (3) ലെ കത്തു പ്രകാരം പൊതുമരാമത്തു വകുപ്പിന്റെ പരാമർശം (2) ലെ ഉത്തരവ് 01/10/2012 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുംബാധകമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ പൊതുമരാമത്തു വകുപ്പ് പുറപ്പെടുവിച്ച ''ഷെഡ്യൂൾ ഓഫ് റേറ്റ് 2012'' തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും 01/10/2012 മുതൽ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2010 റിവൈസ്ഡ് ഷെഡ്യൂൾ നിരക്ക് പ്രകാരം സാങ്കേതിക അനുമതി ലഭിച്ച് ടെണ്ടർ നടന്നു വരുന്ന പ്രവൃത്തികൾക്ക് 2012 റിവൈസ്ഡ് ഷെഡ്യൂൾ നിരക്ക് ബാധകമായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ടി.ജെ.മാത്യു
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർ പേഴ്സൺമാർക്കും
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - എഞ്ചിനീയർമാർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ താത്കാലികമായി കരാർ വ്യവസ്ഥയിൽ എഞ്ചിനീയർമാരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ലിയു) വകുപ്പ്

സ.ഉ. (സാധ) നം.3181/12/തസ്വഭവ. തീയ്യതി, തിരുവനന്തപുരം, 19-11-2012.

പരാമർശം: 15-11-2012-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിന്റെ നടപടിക്കുറിപ്പുകളിലെ ഇനം. നം. 2.1.3.

ഉത്തരവ്

പരാമർശം പ്രകാരം 15-11-2012-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി ഐറ്റം നം. 2.1.3. പ്രകാരം എഞ്ചിനീയർമാർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പി.എസ്സ്.സി. ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കുന്നത്വരെ താത്ക്കാലികമായി എഞ്ചിനീയർമാരെ കരാർ വ്യവസ്ഥയിൽ നിയമിക്കാനും, തനത് ഫണ്ടിൽനിന്നോ, ജനറൽ പർപ്പസ് ഫണ്ടിൽനിന്നോ വേതനം നൽകാനും തീരുമാനിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ എഞ്ചിനീയർമാർ ഇല്ലാത്ത ഗ്രാമപഞ്ചാത്തുകളിൽ പി.എസ്സ്.സി. ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കുന്നതുവരെ താത്കാലികമായി എഞ്ചിനീയർമാരെ കരാർ വ്യവസ്ഥയിൽ നിയമിക്കാനും തനത് ഫണ്ടിൽനിന്നോ, ജനറൽ പർപ്പസ് ഫണ്ടിൽനിന്നോ വേതനം നൽകാനും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജെ. സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റുമാർക്കും
വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി.
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്
(19-11-2012-ലെ 67633/ഡി.എ.1/12/തസ്വഭവ. നമ്പർ കുറിപ്പ് പ്രകാരം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തൃശ്ശൂർ.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: ബഹു: പഞ്ചായത്തു വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പഞ്ചായത്തു വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - എഞ്ചിനീയർമാർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ താത്കാലികമായി കരാർ വ്യവസ്ഥയിൽ നിയമിച്ച എഞ്ചിനീയർമാർക്ക് വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ലിയു) വകുപ്പ്

സ.ഉ. (സാധ) നം.3199/12/തസ്വഭവ. തീയ്യതി, തിരുവനന്തപുരം, 20-11-2012.

പരാമർശം: 1. 07-08-2009-ലെ സ.ഉ (എം.എസ്) നം. 157/2009/തസ്വഭവ
2. 15-11-2012-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയിടെ 2.1.3. നം. തീരുമാനം
3. 19-11-2012-ലെ സ.ഉ (സാധാ) നം. 3181/2012/തസ്വഭവ

ഉത്തരവ്

പരാമർശം 3-ലെ ഉത്തരവ് പകാരം എഞ്ചിനീയർമാർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പി.എസ്സ്.സി. ലിസ്റ്റിൽ നിന്നുളളവരെ നിയമിക്കുന്നതുവരെ കരാർ വ്യവസ്ഥയിൽ താത്ക്കാലികമായി എഞ്ചിനീയർമാരെ നിയമിക്കാൻ അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ അതിൽ ഇവർക്കുള്ള വേതനം എത്രയെന്ന് സൂചിപ്പിച്ചിട്ടില്ലായിരുന്നു. ആയതിനാൽ പരാമർശം 1-ലെ ഉത്തരവിൽ പ്രതിപാദിക്കുന്ന 15000/- രൂപ ഇവർക്കും ബാധകമാക്കികൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജെ. സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റുമാർക്കും
വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി.
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്
(19-11-2012-ലെ 67633/ഡി.എ.1/12/തസ്വഭവ. നമ്പർ കുറിപ്പ് പ്രകാരം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തൃശ്ശൂർ.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: ബഹു: പഞ്ചായത്തു വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പഞ്ചായത്തു വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം. 68228/എഫ്.എം1/2012/ത.സ്വ.ഭ.വ. തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്,
തിരുവനന്തപുരം, തീയതി: 28.11.2012.

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗം – വിശദീകരണം – സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 15.11.2012-ലെ യോഗ തീരുമാനം ഇനം 3.14.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് സൂചന രണ്ടിലെ തീരുമാന പ്രകാരം ചുവടെ വിവരിക്കുന്ന വിശദീകരണം പുറപ്പെടുവിക്കുന്നു.

റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത്. അറ്റകുറ്റപണികളിൽപ്പെടുത്തി ഏറ്റെടുക്കാവുന്ന പണികളെക്കുറിച്ച് വിശദമായ ഉത്തരവുകൾ നിലവിലുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ആ തദ്ദേശഭരണ സ്ഥാപനത്തിന്റെ കൈമാറിയ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് നിർമ്മാണ പ്രവൃത്തികൾക്കും ഉപയോഗിക്കേണ്ടത്.

റ്റി.ജെ.മാത്യൂ,
സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
} ബന്ധപ്പെട്ട എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതിന്റെ പകർപ്പ് നൽകേണ്ടതാണ്.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി / കളക്ടർമാർക്കും.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്ട്രക്ചറൽ ഡിസൈൻ ഉൾപ്പെടെയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി കേരള സംസ്ഥാന ഹൗസിംഗ് ബോർഡിനെ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(സാധാ.)നം.3315/2012/തസ്വഭവ തിരുവനന്തപുരം, തീയതി : 01.12.2012.

-പരാമർശം:1.22.03.2008 ലെ ജി.ഒ.(എം.എസ്)നം.**89/2008**/ തസ്വഭവ.

2. കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് സെക്രട്ടറിയുടെ 20.06.12-ലെ **T67/2012/C/HB** നമ്പർ കത്ത്.

3 .വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ സമിതിയുടെ 28.11.2012-ലെ യോഗതീരുമാനം 3.7

ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സ്ട്രക്ചറൽ ഡിസൈൻ ഉൾപ്പെടെയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി കേരള സംസ്ഥാന ഹൗസിംഗ് ബോർഡിനെ അംഗീകരിക്കണമെന്ന് പരാമർശം (2) പ്രകാരം ഹൗസിംഗ് ബോർഡ് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പരാമർശം (3) പ്രകാരമുള്ള കോ ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സ്ട്രക്ചറൽ ഡിസൈൻ ഉൾപ്പെടെയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി കേരള സംസ്ഥാന ഹൗസിംഗ് ബോർഡിനെ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശ (1) ഉത്തരവിലെ വ്യവസ്ഥകൾ ഹൗസിംഗ് ബോർഡിനും ബാധകമായിരിക്കും.

ഉത്തരവിൻ പ്രകാരം

വി.എസ്.സെന്തിൽ,
പ്രിൻസിപ്പൽ സെക്രട്ടറി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ

സെക്രട്ടറി, കേരള സംസ്ഥാന ഹൗസിംഗ് ബോർഡ്.
പഞ്ചായത്ത് ഡയറക്ടർ,
നഗരകാര്യ ഡയറക്ടർ,
ഗ്രാമവികസന കമ്മിഷണർ,
} എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും അറിയിക്കേണ്ടതാണ്.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള.
ഡയറക്ടർ,ലോക്കൽ ഫണ്ട് ആഡിറ്റ്,
ഡയറക്ടർ, ഐ.കെ.എം.(സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

GOVERNMENT OF KERALA

No.57898/EW2/12/LSGD. Local Self Government (EW) Department,
Thiruvananthapuram, Dated, 15-12-2012.

CIRCULAR

Sub:- LSGD - Engineering Wing – Office procedure for LSGD Officers – Reg
Ref:- Circular No. 53526/EW3/10/LSGD dated 16-10-2012.

As per the circular referred above Government have issued guidelines for monitoring attendance in the LSGD (EW) Offices in Kerala. Now based on the Inspection conducted at Vanimel Grama Panchayat in Kozhikode District and the issues reported from some Engineering Wing Offices and Municipal Offices, Government have decided to issue the following further guidelines for the smooth functioning of the LSGD offices. All these guidelines have to be strictly practised.

1. Overseers, Assistant Engineers and Assistant Executive Engineers should submit their monthly work report clearly by specifying their every day's field duty, place of visit, time of visit with date, to the Chief Engineer, LSGD as the Head of Department, in the first week of next month. Chief Engineer should verify the consolidated monthly work report from subordinates every month. This report is to be kept as record in the office of the Chief Engineer for submitting to Government, if requested in any case for examination.

2. Field duty of Overseer/Assistant Engineer/Assistant Executive Engineer/ Executive Engineer/Superintendent Engineer etc. should be reported to the President of Grama/Block/District Panchayat every morning. Regarding Municipality and Corporation, report should be submitted to the Chairman /Mayor of the Municipality or Corporation as the case may be, everyday morning. Chief Engineer LSGD is hereby directed to give instructions to the Engineering staff in this regard. President/Chairman/Mayor may take steps to display the daily attendance /duty of field officers of Engineering Wing through the concerned Secretaries on a notice board in front of the office so that the public may transparently understand whether the officers are on field duty and if so the place of their duty.

3. Registers are not maintained in Engineering Wing offices showing the movement of files through that office. Hence it is impossible to verify the date of receipt and date of report given on each files. This will collapse the seniority on issuing reports. Chief Engineer should direct subordinates to maintain such registers.

4. Office key of Engineering Wing offices also to be kept in Office of the Panchayat/Municipality/Corporation. Office key should not be kept under the personal custody of an officer, by locking the office during working hours even though due to the reason of field duty.

5. The Clerk of Panchayat, who is handling the files of building permits should be in the office of the Engineering Wing so as to ensure that the office is not closed during office time.

6. Engineering Wing Offices at Grama /Block/District Panchayats/Municipality/ Corporation are functioning as 'Self Government Departments' running parallel to the administration of Panchayats/Municipality/Corporation. Hue and cry is heard from some places on brewing discords between EW and other LSG staff. Hence a committee consisting of President/Chairman/Mayor, Standing Committee Chair Persons, Secretary and Engineers of concerned LSG Offices is to be formed for coordinating the effective function of the offices.

7. Tendency of marking office duty in the attendance register and going for personal purposes by some officers of Engineering Wing is to be curbed. Officers of Engineering Wing are hereby directed to maintain personal register or any other registers showing their movement. Their presence at work sites in field/ office will be inspected. Officers from Administrative Department will conduct surprise check and inspections at the Engineering Wing offices periodically so as to ensure that the officers are on duty and complying the directions in the circular.

8. Engineers of every Grama/Block/District Panchayat/Municipality/Corporation is hereby authorised as the Public Information Officer under RTI Act 2005 in the office of the Engineering Wing in the concerned LSGD Office and the supervisory officers of concerned LSG institutions are authorised as the Appellate Authority and such notice also to be pasted in front of every Engineering Wing office.

T.J. MATHEW,
Secretary to Government

To

1. The Chief Engineer, LSGD, Thiruvananthapuram.
2. The Director of Panchayat, Thiruvananthapuram.
3. The Director of Urban Affairs, Thiruvananthapuram.
4. The Commissioner of Rural Development, Thiruvananthapuram.
5. All Secretaries of Local Self Government Offices.
6. All Presidents of District /Block/Grama Panchayats.
7. All Mayors/Chairpersons (Corporations/Municipalities) (including standing committees)
8. The LSG (EPB/EU) Department.
9. The Web & New Media, I & PRD.
10. The Stock File/Office copy.

Forwarded/By Order

Section Officer

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി - പൊതുമരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകേണ്ട ഉദ്യോഗസ്ഥരെ നിയമിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(എം.എസ്)നം. 342/12/തസ്വഭവ തിരുവനന്തപുരം, തീയതി.22.12.2012.

പരാമർശം:-(1) സ.ഉ (എം.എസ്)നമ്പർ 225/2012/തസ്വഭവ തീയതി 18.08.2012

(2)സ.ഉ(എം.എസ്)നമ്പർ 285/2012/തസ്വഭവ തീയതി 05.11.12

(3)തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചീനിയറുടെ 16.11.2012-ലെ ഡിബി-1/1559/2010/സിഇ/തസ്വഭവ നമ്പർ കത്ത്.

(4)13.12.2012-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഐറ്റം നമ്പർ 3.7

ഉത്തരവ്

സൂചന (2) ലെ ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്തുകളുടേയും കോർപ്പറേഷനുകളുടെയും പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. സൂചന (3) ലെ കത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചീനിയർ ആവശ്യപ്പെട്ടതിൻ പ്രകാരം സൂചന (4) ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിന് താഴെപ്പറയുന്നു ഉദ്യോഗസ്ഥരെ നിയമിച്ച് ഉത്തരവാകുന്നു.

1) ഗ്രാമപഞ്ചായത്തുക്കൾ	അതാത് ബ്ളോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ
2) അസിസ്റ്റന്റ് എഞ്ചീനിയർ മുനിസിപ്പൽ എഞ്ചീനിയർമാരായ മുനിസിപ്പാലിറ്റികൾ	ഏറ്റവും അടുത്തുള്ള ബ്ളോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനിയർ
3) ബ്ളോക്ക് പഞ്ചായത്തുകളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ മുനിസിപ്പൽ എഞ്ചീനിയർമാരായ മുനിസിപ്പാലിറ്റികളും	അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചീനിയർ

4) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലാ പഞ്ചായത്തുകൾ ടി ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചീനിയർ മുനിസിപ്പൽ എഞ്ചീനിയർമാരായ മുനിസിപ്പാലിറ്റികൾ	സൂപ്രണ്ടിംഗ് എഞ്ചീനിയർ (ദക്ഷിണ മേഖല), ടി തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം
5) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലാ പഞ്ചായത്തുകൾ, ടി ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചീനിയർ മുനിസിപ്പൽ എഞ്ചീനിയർമാരായ മുനിസിപ്പാലിറ്റികൾ	സൂപ്രണ്ടിംഗ് എഞ്ചീനിയർ (ഉത്തരമേഖല) തദ്ദേശസ്വയംഭരണ വകുപ്പ് കോഴിക്കോട്
6) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷൻ	ചീഫ് എഞ്ചീനിയർ തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
വി.എസ്.സെന്തിൽ
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺമാർക്കും
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണം-ബ്ളോക്ക്പഞ്ചായത്ത് ഏറ്റെടുക്കുന്ന റോഡുകളുടെ വീതി സംബന്ധിച്ച് പി.എം.ജി.എസ്.വൈ മാനദണ്ഡങ്ങൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(എം.എസ്)നം.344/12/തസ്വഭവ തിരുവനന്തപുരം, തീയതി.26.12. 2012

പരാമർശം:-(1)18/8/12 ലെ സ.ഉ(എം.എസ്)225/12/തസ്വഭവ

(2) 13/12/12 ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഐറ്റം നമ്പർ 3.20.

ഉത്തരവ്

സൂചന (1) ഉത്തരവിന്റെ അനുബന്ധം (1) 15 (V) പ്രകാരം ബ്ളോക്ക് പഞ്ചായത്തുകൾക്ക് തീരപ്രദേശങ്ങളിലും പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും 6 മീറ്റർ വീതിയുളള റോഡുകളും മറ്റിടങ്ങളിൽ 8 മീറ്റർ വീതിയുളള റോഡുകളും മെച്ചപ്പെടുത്തുന്നതിനായി പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ സൂചന 2 ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം ബ്ളോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന റോഡുകളുടെ വീതിയെ സംബന്ധിച്ച് പി.എം.ജി.എസ്.വൈ മാനദണ്ഡങ്ങൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

വി.എസ്.സെന്തിൽ
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
7. എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറിമാർക്കും
8. പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
9. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
10. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

GOVERNMENT OF KERALA

Abstract

Finance Department – Enhancement of Delegation of powers to Chief Engineer to issue Technical Sanction in PWD – Orders issued.

FINANCE [EXPENDITURE-B] DEPARTMENT

G.O.[P]No.43/13/Fin. Dated, Thiruvananthapuram: 22-1-2013.

Read : 1. G.O.[P]No. 656/2003/Fin. dated 10-12-2003.
2. Minutes of the meeting held by Chief Secretary on 26-10-2004.

ORDER

1. As per Government Order read first above, the power of Chief Engineer to issue technical sanction was limited to ₹ 2 crore. For according Technical Sanction above ₹ 2 crore upto ₹ 5 crore, a team of Chief Engineers is the competent authority and for according Technical Sanction above ₹ 5 crore, the Committee consisting of Chief Engineer, Secretary [Irrigation] and Secretary [Finance] is the authority.

2. In the meeting of Chief Secretary held on 26-10-2004 to discuss the issues relating to Administrative Sanction and allied matter of PWD, it was decided inter alia that Chief Engineer is the competent authority to issue technical sanction.

3. Government have examined the matter in detail and are pleased to order as follows:

[i]. The powers of Chief Engineer to issue Technical Sanction is enhanced from ₹ 2 crore to ₹ 5 crore and for according Technical Sanction above ₹ 5

crore upto ₹ 10 crore Chief Engineer's Committee shall be the competent authority.

[ii]. Technical Sanction exceeding ₹ 10 crores will be cleared by the Committee consisting of Secretary [PWD] as Chairman and Chief Technical Examiner and Chief Engineer [Design] as members.

BY ORDER OF THE GOVERNOR

RAJESH KUMAR SINHA
SECRETARY[FINANCE-EXPENDITURE].

To

The Principal Accountant General [Audit] Kerala, Thiruvananthapuram.
The Accountant General [A&E] Kerala , Thiruvananthapuram.
The Chief Engineer [R&B], Administration, Thiruvananthapuram, Superintending Engineer[Electrical], Executive Engineer [Electronics].
All Departments and Sections of Secretariat .
The General Administration [SC] Department.
The Public Works Department.
All Secretaries, Additional Secretaries, Joint Secretaries, Deputy Secretaries, Under Secretaries to Government.
The Secretary to Governor.
The Private Secretary to the Chief Minister and other Ministers.
The Private Secretary to the Speaker/Deputy Speaker, Legislative Assembly, Thiruvananthapuram.
The Private Secretary to the Leader of Opposition.
The Additional Secretary to the Chief Secretary.
The Private Secretary to the Government Chief Whip.
The Nodal Officer, www.finance.kerala.gov.in.
Stock file/Office copy.

FORWARDED/BY ORDER

SECTION OFFICER.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നിർമ്മിതി കേന്ദ്രങ്ങൾ പോലുള്ള ഏജൻസികളെ മരാമത്ത് പണികൾ ഏൽപ്പിച്ചിരുന്നത് - നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(സാധാ)നം.244/2013/തസ്വഭവ തിരുവനന്തപുരം, തീയതി :30.01.2013.

പരാമർശം:-23.01.13 ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2.1.16 നമ്പർ തീരുമാനം.

ഉത്തരവ്

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗം നിലവിലില്ലാതിരുന്ന കാലയളവിൽ നിർമ്മിതി കേന്ദ്രങ്ങൾ പോലുള്ള ഏജൻസികളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പണികൾ ഏൽപ്പിച്ചിരുന്നു. ഇപ്പോൾ തദ്ദേശസ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗം ശക്തമായിരിക്കുന്ന സാഹചര്യത്തിൽ നിർമ്മിതി കേന്ദ്രത്തിന്റെ തനതായ ടെക്നോളജി ഉപയോഗിച്ചുള്ള പ്രവൃത്തികൾ മാത്രം നിർമ്മിതി കേന്ദ്രത്തിനെ ഏൽപ്പിച്ചാൽ മതിയെന്ന് പരാമർശത്തിലെ തീരുമാനപ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

സി.വൽസല,
ജോയിന്റ് സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും
5. എല്ലാ മുൻസിപ്പൽ ചെയർപേഴ്സൺമാർക്കും , സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
8. സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
9. മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ളാനിംഗ് ബോർഡ് , തിരുവനന്തപുരം
10. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – നഗരസഭകളിലെ പ്രവൃത്തികളുടെ രൂപകൽപനയും വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കുമ്പോൾ കൊടുക്കേണ്ട കൺസൽട്ടൻസി ഫീസ് -അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം: 421/13/തസ്വഭവ തിരുവനന്തപുരം, തീയതി: 15/02/2013.

പരാമർശം:– 1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.11.2011–ലെ ഡി.ബി.4/8877/2011/സി.ഇ/തസ്വഭവ നമ്പർ കത്ത്

2. 04.07.2012–ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 3.2 നമ്പർ തീരുമാനം.

ഉത്തരവ്

11.11.1974–ലെ ജി.ഒ.(ആർ.റ്റി)1304/74/പി.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവ് പ്രകാരം 3.5% തുക ആർക്കിടെക്ചറൽ ഡ്രായിംഗ്, സ്ട്രക്ചറൽ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ളതിനാൽ അതിന്റെ $^{2}/_{3}$ ഭാഗമായ 2.33%–ൽ കുറവായ തുക തദ്ദേശ സ്വയംഭരണ വകുപ്പിൽ നൽകാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം ഒന്ന് പ്രകാരം അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ നഗരസഭകളിലെ പ്രവൃത്തികൾക്ക് സ്വകാര്യ ആർക്കിടെക്ചർമാരുടെ സേവനം ഉപയോഗപ്പെടുത്തി രൂപകൽപനയും (ആർക്കിടെക്ചറൽ–സ്ട്രക്ചറൽ ഡിസൈനും കരട് പ്ളാനും) വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കുമ്പോൾ അതിന് കൊടുക്കേണ്ട കൺസൾട്ടൻസി ഫീസ് നിലവിലെ നിയമപ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള നിരക്കായ 3.5%ന്റെ $^{2}/_{3}$ ഭാഗമായ 2.33%–ൽ പരിമിതപ്പെടുത്തി നൽകുന്നതിന് നഗരസഭകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
സി. വൽസല
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണം -ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന റോഡുകളുടെ വീതി സ്പഷ്ടീകരണം നൽകിയും ജില്ലാ പഞ്ചായത്തുകൾക്ക് ബാധകമാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(എം.എസ്)നം.77/2013/തസ്വഭവ. തിരുവനന്തപുരം, തീയതി, 04.03.2013.

പരാമർശം:-1. 26.12.2012 ലെ ജി.ഒ(എം.എസ്.)നം.344/12/തസ്വഭവ.

2. 06/02/2013-ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ ഇനം നമ്പർ 3.29 തീരുമാനം.

ഉത്തരവ്

ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന റോഡുകളുടെ വീതിയെ സംബന്ധിച്ച് പി.എം.ജി.എസ്.വൈ മാനദണ്ഡങ്ങൾ ബാധകമാക്കി പരാമർശ (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശ (2) ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം പി.എം.ജി.എസ്.വൈ പദ്ധതിയിൽ റോഡുകൾക്ക് വീതി 6 മീറ്റർ എന്ന് സ്പഷ്ടീകരണം നൽകിയും പരാമർശ (1) ഉത്തരവിലെ വ്യവസ്ഥ ജില്ലാ പഞ്ചായത്തുകൾക്ക് കൂടി ബാധകമാക്കിയും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
സി.വൽസല
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും
5. എല്ലാ മുൻസിപ്പൽ ചെയർപേഴ്സൺമാർക്കും , സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7. എല്ലാ ജില്ലാ കലക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി സെക്രട്ടറി മാർക്കും
8. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
9. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
10. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

കേരള സർക്കാർ

നം.1047/ഡിഎ1/13/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡി എ)വകുപ്പ്,
തിരുവനന്തപുരം, തീയതി.04.03.13

സർക്കുലർ

വിഷയം : ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്തു നടത്തുന്ന പൊതുമരാമത്തു പ്രവൃത്തികൾ - പഞ്ചായത്ത്‌രാജ് ആക്ടിലെ വ്യവസ്ഥകൾ പാലിക്കണമെന്ന നിർദേശം - സംബന്ധിച്ച്

സൂചന : 1997-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ 13-ാം ചട്ടം

ഗുണഭോക്തൃ സമിതികൾ പൊതുമരാമത്തു പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട പഞ്ചായത്ത് രാജ് ആക്ടിലെ നിലവിലുള്ള വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകുന്നു.

സി.വത്സല
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

പകർപ്പ് : തദ്ദേശ സ്വയംഭരണ (എസി) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർമാർ എന്നിവരുടെ - എസ്റ്റിമേറ്റ് തയ്യാറാക്കൽ/ സാങ്കേതികാനുമതി/ മെഷർമെന്റ്/ചെക്ക് മെഷർമെന്റ് - അധികാരപരിധി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ).145/13/തസ്വഭവ തിരുവനന്തപുരം, തീയതി, 06.04.2013

പരാമർശം:- 1. 16.09.2008 ലെ സ.ഉ(കൈ)നം.256/08/തസ്വഭവ
2. 26.12.2012-ൽ കൂടിയ സംസ്ഥാനതൊഴിലുറപ്പ് കൗൺസിലിന്റെ 13-ാമത് മിനിട്ട്സ്.
3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 06.03.2013-ലെ 25358/ഇ.ജി.എസ്.എ./12/സി.ആർ.ഡി.(1) നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) പ്രകാരം നിലവിലുള്ള ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ എന്നിവരുടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിലെ പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിന് നിലവിൽ നിജപ്പെടുത്തിയിട്ടുള്ള അധികാരപരിധി ചുവടെ ചേർത്തിരിക്കും വിധത്തിൽ പുതുക്കി നിശ്ചയിക്കണമെന്ന് സൂചന(2)ലെ തീരുമാനപ്രകാരം സൂചന (3)ൽ മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

ക്രമ നം.	അധികാരി	നിലവിലെ അധികാരം				അധികാരം പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം			
		എസ്റ്റിമേറ്റ് തയ്യാറാക്കൽ	സാങ്കേതിക അനുമതി	മെഷർമെന്റ്	ചെക്ക് മെഷർമെന്റ്	എസ്റ്റിമേറ്റ് തയ്യാറാക്കൽ	സാങ്കേതിക അനുമതി	മെഷർമെന്റ്	ചെക്ക് മെഷർമെന്റ്
1	ഓവർസിയർ	150000	-	150000	-	300000	-	300000	-
2	എഞ്ചിനീയർ	പരിധിയില്ല	150000	പരിധിയില്ല	150000	പരിധിയില്ല	300000	പരിധിയില്ല	300000

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, മിഷൻ ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ എന്നിവരുടെ

എസ്റ്റിമേറ്റ് തയ്യാറാക്കൽ/ സാങ്കേതികാനുമതി/ മെഷർമെന്റ്/ചെക്ക് മെഷർമെന്റ് അധികാരപരിധി മുകളിൽ ചേർത്തിരിക്കും പ്രകാരം പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജി.ശിവപ്രസാദ്,

അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി, തിരുവനന്തപുരം.
3. എല്ലാ ജില്ലാകളക്ടർ/ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും.
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ്മാർക്കും, (ഗ്രാമവികസന കമ്മീഷണർ മുഖേന)
6. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ്മാർക്കും, (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
8. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
9. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾക്ക് 'സുഗമ' സോഫ്റ്റ്വെയർ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ. (സാധാ) നം. 1498/2013/തസ്വഭവ. തിരുവനന്തപുരം, തിയതി, 10.06.2013.

പരാമർശം:- 1. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 24.01.2012 ലെ ഐ.കെ.എം/4591/08 നമ്പർ കത്ത്.

2. നഗരകാര്യ ഡയറക്ടറുടെ 19.04.2012 ലെ ഡിസി2-3342/12 നമ്പർ കത്ത്.

3. പഞ്ചായത്ത് ഡയറക്ടറുടെ 19.06.2012 ലെ ജെ5-5202/12 നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ രൂപകൽപ്പന ചെയ്ത 'സുഗമ' സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള ഒരു നിർദ്ദേശം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ പരാമർശം (1) കത്തിലൂടെ സമർപ്പിച്ചിരുന്നു. ടി നിർദ്ദേശം അംഗീകരിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറും പരാമർശം (2), (3) കത്തുകളിലൂടെ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2014-15 സാമ്പത്തിക വർഷം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾക്ക് ഇൻഫർമേഷൻ കേരള മിഷൻ രൂപകൽപ്പന ചെയ്ത 'സുഗമ' സോഫ്റ്റ്വെയർ ഉപയോഗിച്ച് മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കാവൂ എന്ന് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ബി. സുരേന്ദ്രൻ പിള്ള
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി-സുഗമ സോഫ്റ്റ്വെയർ ഉപയോഗം സ്പഷ്ടീകരണം-ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(സാധാ)നം.1539/2013/തസ്വഭവ. തിരുവനന്തപുരം, തീയതി, 12.06.2013.

പരാമർശം:-30.10.12 ലെ സ.ഉ.(എം.എസ്)277/13/തസ്വഭവ നമ്പർ ഉത്തരവ്.

ഉത്തരവ്

പരാമർശ ഉത്തരവു പ്രകാരം 2013-14 വർഷം മുതൽ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് സുഗമ സോഫ്റ്റ്വെയർ ഉപയോഗിച്ചു മാത്രമേ തയ്യാറാക്കാൻ പാടുള്ളു. എന്നാൽ സുഗമ സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിലുള്ള പരിചയക്കുറവുമൂലം പദ്ധതികൾ തയ്യാറാക്കുന്നതിന് കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 2013-14 വർഷത്തെ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് സുഗമ സോഫ്റ്റ്വെയർ ഉപയോഗിച്ച് തയ്യാറാക്കണമെന്ന് നിർബന്ധമില്ലെന്നും എന്നാൽ 2014-15 വർഷം മുതൽ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് സുഗമ സോഫ്റ്റ്വെയർ ഉപയോഗിച്ചു മാത്രമേ തയ്യാറാക്കാൻ പാടുള്ളു എന്നും സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
സി.വൽസല
ജോയിന്റ് സെക്രട്ടറി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും
5. എല്ലാ മുൻസിപ്പൽ ചെയർപേഴ്സൺമാർക്കും , സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7. എല്ലാ ജില്ലാ കലക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി സെക്രട്ടറി മാർക്കും
8. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
9. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
10. മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ളാനിംഗ് ബോർഡ്

GOVERNMENT OF KERALA

Abstract

Local Self Government Department - Implementation of e-Tendering in Local Self Government Department - Commencement of implementation of tenders above Rs.25 Lakhs - Orders issued.

==========

LOCAL SELF GOVERNMENT (DC) DEPARTMENT

G.O.(MS)No.232/2013/LSGD. Dated, Thiruvananthapuram, 25.06.2013

==========

Read:- 1) G.O.(P)No. 15/2013/Fin. Dated, 7.1.2013.
2) Letter No.DB1/7942/04/CE/LSGD dated 16.5.2013 from Chief Engineer, LSGD.

ORDER

Implementation of e-Tendering in Local Self Government Department(LSGD) with the co-ordination of IKM and NIC. The Chief Engineer, LSGD in the letter read as 2nd paper above has pointed out that all works in LSGD are to be e-tendered irrespective of the probable approximate cost (PAC) of the work. The tender schedule can be generated from 'Sugama' application (software) provided by NIC at free of cost and open an SBT Account in the name of tendering authority for transaction of EMD (Earnest Money Deposit).

Government have examined the matter in detail and pleased to issue order for the implementation of e-tender system in LSGD for all tenders worth Rs.25 lakhs and above. All department officers should take necessary steps to procure the Digital Signature Certificate (DSC) from NIC.

By order of the Governor,
James Varghese
Principal Secretary to Government.

To
The Director of Urban Affairs, Thiruvananthapuram.
The Director of Panchayats, Thiruvananthapuram.
The Commissioner, Rural Development, Thiruvananthapuram.
The Chief Engineer, Local Self Government Department
The Principal Accountant General (Audit)/(A&E)/(LBA&A), Kerala,Thiruvananthapuram.
The Planning & Economic Affairs Department
The Local Self Government (FM) Department
The Public Works Department
The Law Department
The Information Technology Department
The Information Kerala Mission, Kerala.
The National Informatics Centre, Kerala.
The Finance Department.
The Information & Public Relations Department
Stock File/ Office Copy.

Forwarded/ By order,
Section Officer.

കേരള സർക്കാർ

നം.40230/ഡിഎ1/13/തസ്വഭവ

തദ്ദേശ സ്വയംഭരണ(ഡി എ)വകുപ്പ്,
തിരുവനന്തപുരം, തീയതി : 09.07.2013

സർക്കുലർ

വിഷയം : - പ്രാഥമിക പരിസ്ഥിതി സംരക്ഷണം- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ കുളങ്ങളുടെ സംരക്ഷണം - മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

പാരിസ്ഥിതിക ഭഞ്ജനം വരുത്തി വച്ച കെടുതികൾ ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്ന മേഖലയാണ് ജലസ്രോതസ്സുകൾ. അതിനു പരിഹാരമായും, 2013 അന്താരാഷ്ട്ര ജലസഹകരണ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായും 2013-14-ലെ പ്രാഥമിക പരിസ്ഥിതി സംരക്ഷണ പദ്ധതിയായി കുളങ്ങളുടെ സംരക്ഷണം ഏറ്റെടുക്കൽ നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ഈ പദ്ധതിഫലപ്രദമായി നടപ്പാക്കണമെന്ന് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകുന്നു.

കുളങ്ങളുടെ സംരക്ഷണം സംബന്ധിച്ച് ചുവടെ വിവരിക്കുന്ന പ്രകാരം സമഗ്ര മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

മാർഗ്ഗ നിർദ്ദേശങ്ങൾ

സംസ്ഥാനത്തിനു പ്രകൃതി കനിഞ്ഞനുഗ്രഹിച്ചു നൽകിയ വരദാനങ്ങളിലൊന്നാണ് കുളങ്ങൾ. കുടിയ്ക്കാനും, കുളിക്കാനും, കൃഷിക്കും, മൃഗസംരക്ഷണത്തിനും സംസ്ഥാനത്തിന്റെ തനതായ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനും തികച്ചും പ്രത്യേകമായ സ്ഥാനമാണ് കുളങ്ങൾ വഹിക്കുന്നുണ്ട്. എന്നാൽ വിവിധ കാരണങ്ങളാൽ കഴിഞ്ഞ കുറേ വർഷങ്ങളായി അവയിൽ മിക്കവയും ഉപേക്ഷിക്കപ്പെട്ട നിലയിലോ, ചപ്പുചവറുകളുടെ സംഭരണികളായോ, നിലകൊള്ളുകയാണ്. അനവധിയെണ്ണം നികത്തപ്പെട്ടുകഴിഞ്ഞു. ഇന്നനുഭവപ്പെടുന്ന രൂക്ഷമായ ജലക്ഷാമത്തിന് ഒരു പരിധിവരെ ഇത്തരം കുളങ്ങളും, പ്രകൃതിദത്ത ജലസംഭരണികളും പ്രയോജനപ്പെടുത്തേണ്ടത് അടിയന്തര ആവശ്യമായിരിക്കയാണ്. ജനങ്ങളുടെ വിവിധ ആവശ്യങ്ങൾക്കെന്നതുപോലെ പ്രാദേശിക പാരിസ്ഥിതിക സംരക്ഷണത്തിനും ഇത് അത്യന്താപേക്ഷിതമായിരിക്കുന്നു. ഭൂഗർഭജലത്തിന്റെ അമിതശോഷണം ഒഴിവാക്കാനും, ഭൂഗർഭജലലഭ്യത വർദ്ധിപ്പിക്കാനും കുളം സംരക്ഷണം ഉപകരിക്കുന്നതാണ്.

2. **പദ്ധതി**

സംസ്ഥാനത്ത് ഉപേക്ഷിക്കപ്പെട്ടതായോ, ദുരുപയോഗം ചെയ്യുന്നതായോ, പാരിസ്ഥിതികശോഷണം സംഭവിച്ചതായോ, നികത്തപ്പെടാത്തതായോ ആയി അവശേഷിക്കുന്ന കുളങ്ങൾ അടിയന്തര പ്രാധാന്യത്തോടെ പുനരുജ്ജീവിപ്പിച്ച് സുസ്ഥിരമായ രീതിയിൽ സംരക്ഷിക്കപ്പെടേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയ്ക്ക് 2013-2014

സാമ്പത്തിക വർഷത്തിൽ ലഭ്യമാകുന്ന പദ്ധതിവിഹിതം ഉപയോഗപ്പെടുത്തി ഏതെങ്കിലും ഒരു കുളം/പ്രധാന ജലസ്രോതസ്സ് എങ്കിലും നവീകരിച്ച്, ഉപയോഗപ്രദമാക്കി സംരക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർബ്ബന്ധിത പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണ്.

3. കുളങ്ങൾ തെരഞ്ഞെടുക്കുന്നത്.

1. കുടിവെള്ളത്തിനും, അതോടൊപ്പം ജലസേചനത്തിനും സാദ്ധ്യമാകുന്ന വലിയ കുളങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്.
2. കുടിവെള്ളസ്രോതസ്സ്, ജലസേചനസൗകര്യം, മഴവെള്ളം/ഊറ്റുവെള്ളം സംഭരണം, ടൂറിസം സാദ്ധ്യത, ജൈവവൈവിദ്ധ്യ സംരക്ഷണം, മൽസ്യം വളർത്തൽ, മൃഗങ്ങൾക്കുവേണ്ട ജലം എന്നിവയിലേതെങ്കിലുമോ/എല്ലാമോ സാദ്ധ്യമാകുന്ന കുളങ്ങളാണ് തെരഞ്ഞെടുക്കേണ്ടത്.
3. കുളങ്ങളിലേക്ക് സ്വാഭാവിക നീരൊഴുക്കിനും, കുളങ്ങളിൽ നിന്ന് അധിക ജലം ഒഴുകിപ്പോകാനും സൗകര്യമുള്ളവയ്ക്ക് മുൻഗണന നൽകാവുന്നതാണ്.
4. തെരഞ്ഞടുക്കപ്പെടുന്ന കുളങ്ങൾക്ക് കുറഞ്ഞത് 20 സെന്റ് വിസ്തീർണ്ണം (ജലവിസ്തൃതി) ഉണ്ടായിരിക്കേണ്ടതാണ്.
5. അടുത്തടുത്തായോ, ഒരേ പ്രദേശത്തോ ഉള്ള ഒന്നിലധികം കുളങ്ങൾ (അതായത് പാടശേഖരങ്ങൾ, തീരപ്രദേശങ്ങൾ എന്നിവിടങ്ങളിലുള്ളവ, നദീസാമീപ്യവും ബന്ധവും ഉള്ള കുളത്തിന്റെ സമീപസ്ഥ കുളങ്ങൾ എന്നിവ) ജലപരപ്പ് 20 സെന്റിൽ കുറവാണെങ്കിലും ഒരുമിച്ചെടുത്ത് പുനരുജ്ജീവിപ്പിക്കാവുന്നതാണ്.
6. കുളം സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപന ഉടമസ്ഥതയിലുള്ളതായിരിക്കണം.
7. മറ്റേതെങ്കിലും പദ്ധതിപ്രകാരം നേരത്തെ സംരക്ഷണ ജോലികൾ അപൂർണ്ണമായി ചെയ്തിട്ടുള്ളതും, അവശേഷിക്കുന്ന ജോലികൾ തടസ്സം കൂടാതെ ചെയ്ത് പൂർണ്ണമാക്കാനും, സംരക്ഷിക്കാനും സാധിക്കുന്ന മേൽപ്പറഞ്ഞ തരത്തിലുള്ള കുളങ്ങളും തെരഞ്ഞെടുക്കാവുന്നതാണ്.
8. രണ്ട് ഗ്രാമ പഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്ന കുളങ്ങൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പുനരുജ്ജീവിപ്പിക്കാവുന്നതാണ്
9. നദികൾ, കായലുകൾ എന്നിവ ഒഴികെ പൊതു ആവശ്യത്തിനുപകരിക്കാനാവുന്ന അന്യ ജലസ്രോതസ്സുകളും (ഉദാ: നദികളെ പാടങ്ങളും, ചാലുകളുമായി ബന്ധിപ്പിക്കുന്ന പ്രധാന തോടുകൾ, അരുവികൾ, സ്ഥിരമായ ഊറ്റുറവകൾ എന്നിവ) ഈ പദ്ധതിയിൽ ഉൾപ്പെടുത്താം.
10.

4. സംരക്ഷണ നടപടികൾ

1) തെരഞ്ഞടുക്കപ്പെട്ട കുളങ്ങളിൽ/ജലസ്രോതസ്സുകളിൽ സംയോജിത സംരക്ഷണ നടപടികളാണ് സ്വീകരിക്കേണ്ടത്.
2) പ്രധാനമായും ചെളിവാരിമാറ്റൽ, കുളങ്ങളുമായി ബന്ധപ്പെട്ട ചാലുകളുടെയും തോടുകളുടെയും സംരക്ഷണം, ബണ്ട് (ചിറ) സ്ലൂയിസ് എന്നിവയുടെ നിർമ്മാണം, പുനർനിർമ്മാണം, അറ്റകുറ്റപ്പണികൾ, കുളത്തിന്റെ പരിസര സംരക്ഷണം, മണ്ണൊലിപ്പ് തടയൽ, വെള്ളത്തിന്റെ ഗുണനിലവാരം അഭിവൃദ്ധിപ്പെടുത്തൽ, സൗന്ദര്യവൽക്കരണം, ജൈവവേലി, ജൈവരീതിയിൽ വശങ്ങളുടെയും ബണ്ടുകളുടെയും സംരക്ഷണം, വിനോദോപാധികൾ എന്നിവ ഈ ഇനത്തിൽ ഉൾപ്പെടുത്താവുന്നതാണ്.
3) പഞ്ചായത്തുകളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പണിക്കുള്ള മാനദണ്ഡങ്ങൾ കുളങ്ങളുമായി ബന്ധപ്പെട്ട ജോലികൾക്കും ബാധകമാക്കാവുന്നതാണ്. എന്നാൽ ഉപഭോക്തൃ സമിതികൾ, താമസക്കാരുടെ സംഘടനകൾ, പരിസ്ഥിതി സംഘടനകൾ

എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തിനു നേരിട്ടും ഇത്തരം പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

4) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തിയും കുളം സംരക്ഷണ നടപടികൾ പൂർണ്ണമായോ, ഭാഗീകമായോ നടപ്പാക്കാവുന്നതാണ്.
5) സർക്കാരിന്റെ മറ്റുവകുപ്പുകൾ ഏറ്റെടുത്തിട്ടുള്ള കുളം സംരക്ഷണ പദ്ധതികളൊടൊപ്പം അനുബന്ധ സംരക്ഷണ പദ്ധതികൾ (ഉദാഃ മത്സ്യം വളർത്തൽ, സൗന്ദര്യവൽക്കരണം, ജൈവവേലി, തോടുകളുടെ പുനരുദ്ധാരണം) നടപ്പാക്കാവുന്നതാണ്.
6) പഞ്ചായത്തിലെ ജൈവവൈവിദ്ധ്യമാനേജ്മെന്റ് കമ്മറ്റി, സ്കൂളുകളിലെ ദേശീയ ഹരിത സേന, കോളേജുകളിലെ ഭൂമിത്രസേന തുടങ്ങി സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന പരിസ്ഥിതി സന്നദ്ധ സംഘടനകളെയും ഈ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാക്കേണ്ടതാണ്.
7) ആഫ്രിക്കൻപായൽ, കുളവാഴ മുതലായവയും ആവാസവ്യവസ്ഥയ്ക്ക് ഗുണകരമല്ലാത്ത മറ്റ് ജലസസ്യങ്ങളും പൂർണ്ണമായി മാറ്റേണ്ടതാണ്. കുളത്തിലേക്ക് ചാഞ്ഞുകിടക്കുന്നതോ, ഇലകൾ പൊഴിയുന്നതോ ആയ വൃക്ഷശിഖരങ്ങളും മുറിച്ചു മാറ്റേണ്ടതാണ്.
8) ചുറ്റുപാടുമുള്ള പാടങ്ങൾ, കൃഷിസ്ഥലങ്ങൾ, എന്നിവിടങ്ങളിൽ നിന്ന് രാസവളങ്ങളുടെയും, കീടനാശിനികളുടെയും അവശിഷ്ടം കുളത്തിൽ ഒലിച്ചിറങ്ങുന്നത് തടയാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. യാതൊരു കാരണവശാലും മലിനജലം കുളത്തിൽ എത്തുവാൻ പാടില്ല.
9) കുളങ്ങളുടെ പരിസര സൗന്ദര്യവൽക്കരണം, മരങ്ങൾ വച്ചുപിടിപ്പിക്കൽ, ജൈവവേലി എന്നിവ ഓരോന്നിനും അനുരൂപമായ വിധത്തിൽ കഴിയുന്നതും പ്രാദേശിക വൃക്ഷ ലതാദികൾ ഉപയോഗിച്ച് ചെയ്യേണ്ടതാണ്.
10) കുട്ടികൾക്ക് കുളിക്കാൻ സാദ്ധ്യമായ വലിയ കുളങ്ങളിൽ ഇറങ്ങുന്ന ഭാഗങ്ങളിൽ ആഴം കുറവായും, അടിത്തട്ട് ഉറപ്പുള്ളതായും (ചെളിയില്ലാതെ) സംരക്ഷിക്കേണ്ടതാണ്.
11) ക്രമാതീതമായി ജലനിരപ്പ് ഉയർത്തുന്ന സ്രോതസ്സുകൾ ഉള്ള കുളങ്ങളിൽ അധിക ജലം ഒഴിഞ്ഞുപോകാൻ സംവിധാനം ഉണ്ടാക്കേണ്ടതാണ്.
12) കുളങ്ങളിൽ നിക്ഷേപിക്കുന്ന മത്സ്യങ്ങൾ കഴിവതും നാടൻ ഇനങ്ങൾ ആയിരിക്കേണ്ടതാണ്. വാണിജ്യാടിസ്ഥാനത്തിൽ മത്സ്യകൃഷി നടത്താൻ സാദ്ധ്യമായ കുളങ്ങളിൽ മറ്റ് മത്സ്യങ്ങളെയും വളർത്താവുന്നതാണ്.
13) കുളത്തിൽ നിന്നു കോരിമാറ്റിയ മണ്ണും ചെളിയും സംരക്ഷണ ജോലികൾക്ക് ആവശ്യമില്ലാത്തതോ, ഉപയോഗയോഗ്യമല്ലാത്തതോ ആയ സാഹചര്യങ്ങളിൽ അത് കുളത്തിനടുത്ത് നിക്ഷേപിക്കാവുന്നതല്ല.
14) കല്ലുകെട്ട് ആവശ്യമില്ലാത്ത ഭാഗങ്ങളിൽ അനുയോജ്യമായ സസ്യങ്ങൾ വച്ചുപിടിപ്പിക്കേണ്ടതാണ്. കരയിടിയാനോ, സമീപ വിളകൾക്കോ, പുരയിടങ്ങൾക്കോ നാശം ഉണ്ടാകാനോ സാദ്ധ്യതയുണ്ടെങ്കിൽ മാത്രം കല്ലുകൊണ്ട് വശങ്ങൾ കെട്ടിയാൽ മതിയാകുന്നതാണ്. കുളം അതിന്റെ സ്വാഭാവിക അവസ്ഥയിൽ, സംരക്ഷിക്കപ്പെടുകയാണ് വേണ്ടത്.
15) കുളത്തിന്റെ വശങ്ങൾ ചരിവു കൂട്ടി ചെയ്യാൻ സാദ്ധ്യമായിടത്ത്, ജൈവ രീതി അവലംബിക്കേണ്ടതാണ്. ആഴമുള്ള കുളങ്ങൾക്ക് കര സംരക്ഷണത്തിന് ചെറുമതിലോ, ഇരുമ്പ് വേലിയോ നിർമ്മിക്കാവുന്നതാണ്.
16)

5. ഫണ്ട്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ നിർബ്ബന്ധിത പദ്ധതികളുടെ ഗണത്തിൽ ഉൾപ്പെടുത്തിയാണ് കുളങ്ങളുടെ സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടത്. തരംതിരിവും, നടപടിക്രമങ്ങളും 15.06.2012 ലെ സർക്കാർ ഉത്തരവ് (എംഎസ്.)968/12/തസ്വഭവ എന്ന

സർക്കാർ ഉത്തരവിൽ (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി 2012-17) 3(2), 4(5), 9(എ)(i) എന്നീ ഖണ്ഡികയിൽ ഉത്തരവായിരിക്കുന്ന പ്രകാരമായിരിക്കേണ്ടതാണ്.

6. മേൽനോട്ടം

ഈ പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് അദ്ധ്യക്ഷനായി ഒരു പ്രത്യേക സമിതി രൂപീകരിക്കേണ്ടതാണ്. ഇതിൽ ജൈവവൈവിദ്ധ്യ മാനേജ്മെന്റ് കമ്മിറ്റിയുടെ ഒരു പ്രതിനിധി, പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് സർക്കാർ വകുപ്പുകളുടെ പ്രതിനിധികൾ, വാർഡ് അംഗം, ഭൂമിത്രസേനാ ക്ലബ് ഉള്ള സ്ഥലങ്ങളിൽ അതിന്റെ ചാർജ്ജുള്ള അദ്ധ്യാപകൻ, പ്രാദേശിക പരിസ്ഥിതി സംഘടനകളുടെ ഒരു പ്രതിനിധി, ഗ്രാമപഞ്ചായത്തിൽ ജനകീയ ജൈവവൈവിദ്ധ്യ രജിസ്റ്റർ (PBR) തയ്യാറാക്കുന്ന പദ്ധതിയുടെ പഞ്ചായത്ത് കോ-ഓർഡിനേറ്റർ, എന്നിവരും, പഞ്ചായത്ത് പ്രസിഡന്റിന് ഉൾപ്പെടുത്താവുന്ന മറ്റ് അംഗങ്ങളും അടങ്ങുന്ന, എന്നാൽ പത്തിലധികം അംഗങ്ങളില്ലാത്ത ഒരു മേൽനോട്ട സമിതി രൂപീകരിക്കേണ്ടതാണ്. സമിതിയുടെ കൺവീനർ, ബി.എം.സി. സെക്രട്ടറി കൂടി ആയ പഞ്ചായത്ത് സെക്രട്ടറി ആയിരിക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധിയായിരിക്കും മേൽനോട്ട സമിതിയുടെയും കാലാവധി.

7. മറ്റു വകുപ്പുകളുമായുള്ള സഹകരണം

ജല വിഭവ വകുപ്പ്, മൈനർ ഇറിഗേഷൻ വകുപ്പ്, മണ്ണു സംരക്ഷണ വകുപ്പ് ഇങ്ങനെ പല വകുപ്പുകൾ കുളങ്ങളുടെ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഒരേ കുളം തന്നെ പല വകുപ്പുകൾ ഏറ്റെടുക്കാൻ സാദ്ധ്യതയുണ്ട്. അതിനാൽ പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന കുളങ്ങളുടെ ലിസ്റ്റ് ഇറിഗേഷൻ വകുപ്പിന്റെ ജില്ലാതല ഓഫീസർക്ക് നൽകേണ്ടതാണ്. മാത്രമല്ല, മറ്റു വകുപ്പുകൾ പഞ്ചായത്തു കുളങ്ങൾ തിരഞ്ഞെടുക്കുന്നതിനു മുൻപ് ബന്ധപ്പെട്ട പഞ്ചായത്തിന്റെ അനുവാദം വാങ്ങേണ്ടതാണ്. മാത്രമല്ല, പഞ്ചായത്തിലെ കുളങ്ങളുടെയും ജലസംഭരണികളുടെയും ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്ററിൽ ഏറ്റെടുത്തു നടത്തുന്ന കുളങ്ങളുടെയും മറ്റു വകുപ്പുകൾക്ക് അനുവാദം നൽകുന്നതിന്റെയും വിശദവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

ജയിംസ് വർഗീസ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
ജലവിഭവ വകുപ്പ്
മൈനർ ഇറിഗേഷൻ വകുപ്പ്
മണ്ണ് സംരക്ഷണ വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം. 54044/ഡിസി3/2013/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്
തിരുവനന്തപുരം, 9.9.2013

സർക്കുലർ

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ്- സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണം - മിനിമം ഗ്യാരന്റി ഉറപ്പു വരുത്തുന്നത് -സംബന്ധിച്ച്

സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണത്തിലെ മിനിമം ഗ്യാരന്റി ഉറപ്പു വരുത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :-

1. സംസ്ഥാനത്തെ റോഡ് നിർമ്മാണ പ്രവൃത്തി കഴിഞ്ഞ് റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ അതേ കരാറുകാരന്റെ ചെലവിൽ തന്നെ കേടുപാടുകൾ തീർക്കുന്നതിനുള്ള പണികൾ ചെയ്യേണ്ടതാണ്. കരാറുകാരൻ വിസമ്മതം പ്രകടിപ്പിക്കുകയാണെങ്കിൽ ടിയാനെ കരിംപട്ടികയിൽ ഉൾപ്പെടുത്തി ഭാവിയിൽ കരാറുപണിയിൽ നിന്നും മാറ്റി നിർത്തേണ്ടതാണ്.

2. ഇത്തരത്തിലുള്ള നിർമ്മാണവൈകല്യത്തിന് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യവും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും കർശന നടപടികൾ അവർക്കെതിരെ സ്വീകരിക്കേണ്ടതുമാണ്.

3. ഭാവിയിൽ റോഡുപണികളുമായി ബന്ധപ്പെട്ട എല്ലാ കരാറുകളിലും പെർഫോർമൻസ് ഗ്യാരന്റി ഉറപ്പ് വരുത്തുവാൻ ആവശ്യമായ നിബന്ധനകൾ കരാറുകളിൽ തന്നെ ഉൾപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജെയിംസ് വർഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Local Self Government Department - Implementation of e-Tendering in Local Self Government Department - Opening of Zero Balance Account and procurement of Digital Signature Certificate - Sanction accorded - Orders issued.

==========

LOCAL SELF GOVERNMENT (DC) DEPARTMENT

G.O.(MS)No.318/2013/LSGD. Dated, Thiruvananthapuram, 28.09.2013

==========

Read:- 1) G.O.(P)No. 15/2013/Fin. Dated, 7.1.2013.
2) G.O.(MS)No. 232/2013/LSGD Dated, 25.6.2013.
3) Letter No.DB1/7942/04/CE/LSGD dated 4/7/2013, 31/7/2013 from Chief Engineer, LSGD.
4) Govt. Letter No. 29665/DC3/13/LSGD dated 27.8.2013.

ORDER

As per the reference read as 2nd paper above orders have been issued for implementing the scheme of e-tendering in Local Self Govt. Department. The Chief Engineer, LSGD as per letters read as 3rd paper above has now requested to accord sanction for opening a zero balance account for online transaction of EMD and Tender schedule fee and for providing DSC to officers for undertaking e-tendering of public works in Local Self Government Department.

2) Government have examined the matter in detail and are pleased to accord sanction for opening Zero Balance Account for the purpose, on condition that the account shall be used only for E-procurement. The account will be opened by the District Panchayat Executive Engineers in 14 districts and the Engineering heads (AE/AEE/EE) in 60 Municipalities and Superintending Engineers in 5 Corporations. The Assistant Engineers of Grama Panchayats and Assistant Executive Engineers of Block Panchayats shall use the Zero Balance Account opened by the District Panchayat Executive Engineer of the respective District for e-procurement.

3) Sanction is also accorded for obtaining Digital Signature Certificate (DSC) by all the officers who require DSC for e-procurement in Local Self Government Department.

4) Government have also examined the complaints relating to tender for public works in LSGIs and found that the present system of e-tender in LSGD for all tenders worth Rs.25 Lakhs and above is inadequate for ensuring transparency in this regard. Government are therefore, pleased to issue orders for the implementation of e-tender system in LSGD for all tenders worth Rs.5 lakhs and above.

5) The Govt. Order read as 2nd paper above stands modified to the above extent.

6) The Chief Engineer, LSGD will take all necessary steps to implement the scheme in Local Self Government Department without delay.

By order of the Governor,
James Varghese
Principal Secretary to Government.

To
The Director of Urban Affairs, Thiruvananthapuram.
The Director of Panchayats, Thiruvananthapuram.
The Commissioner, Rural Development, Thiruvananthapuram.
The Chief Engineer, Local Self Government Department
The Principal Accountant General (Audit)/(A&E)/(LBA&A), Kerala,Thiruvananthapuram.
The Planning & Economic Affairs Department
The Local Self Government (FM) Department
The Public Works Department
The Law Department
The Information Technology Department
The Information Kerala Mission, Thiruvananthapuram, Kerala.
The National Informatics Centre, Vellayambalam, Thiruvananthapuram, Kerala.
The Finance Department.
The Information & Public Relations Department
Stock File/ Office Copy.

Forwarded/ By order,
Section Officer.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിനു വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച 'സങ്കേതം' സോഫ്റ്റ്വെയർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിന്യസിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

സ.ഉ. (സാധാ) നം. 2465/2013/തസ്വഭവ. തിരുവനന്തപുരം, തിയതി, 04.10.2013.

പരാമർശം:- 1. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 21.03.2013 ലെ IKM/LoBE & QA/KPBR/02/2011 നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 06.06.2013 ലെ ജി 4-13856/2013 നമ്പർ കത്ത്.

3. നഗരകാര്യ ഡയറക്ടറുടെ 27.05.2013 ലെ ഡിസി 5-8011/13 നമ്പർ കത്ത്.

ഉത്തരവ്

ഇ-ഫയലിംഗിലൂടെയും നേരിട്ടും കെട്ടിട നിർമ്മാണ അനുമതിക്കായി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ മുൻഗണനാക്രമം പാലിച്ചുകൊണ്ട് സുതാര്യമായും, കാര്യക്ഷമതയോടും, നിയമാനുസൃത നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയും, സമയബന്ധിതമായി അനുമതി നൽകുന്നതിന് ഉതകുംവിധം ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ള 'സങ്കേതം' സോഫ്റ്റ്വെയർ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും വിന്യസിച്ച് നടപ്പാക്കുന്നതിന് ഉത്തരവാകണമെന്ന് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ പരാമർശം (1) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

'സങ്കേതം' ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ച് നടപ്പിലാക്കുന്നത് ഗുണകരമായിരിക്കുമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) കത്തിലൂടെ ശുപാർശ ചെയ്തു. സങ്കേതം സോഫ്റ്റ്വെയറിന്റെ പ്രവർത്തനം മനസ്സിലാക്കുന്നതിനും, പോരായ്മകൾ ഉണ്ടെങ്കിൽ നിർദ്ദേശിക്കുന്നതിനും നഗരസഭാ സെക്രട്ടറിമാർ, എഞ്ചിനീയർമാർ, ഓവർസിയർമാർ എന്നിവർക്ക് ട്രെയിനിംഗ് നൽകിയ ശേഷം പ്രയോഗത്തിൽ വരുത്താവുന്നതാണെന്ന് പരാമർശം (3) കത്തിലൂടെ നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിനു വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച 'സങ്കേതം' സോഫ്റ്റ്വെയർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിന്യസിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശം നൽകി ഇതിനാൽ ഉത്തരവാകുന്നു. പ്രസ്തുത സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേണ്ട പരിശീലനം ഇൻഫർമേഷൻ കേരള മിഷൻ നൽകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

കെ.ആർ. കൃപാനന്ദൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ) ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.1942/ഡി.സി.2/2013/തസ്വഭവ തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
തിരുവനന്തപുരം, തീയതി:.13.12.2013

സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ GIS മാപ്പ് തയ്യാറാക്കുന്നത് -സംബന്ധിച്ച്

സൂചന: വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.10.2013ലെ 2:7 നമ്പർ തീരുമാനം.

. . . .

കേന്ദ്ര സർക്കാരിന്റെ പഞ്ചായത്ത്രാജ് മന്ത്രാലയം രാജ്യത്തെ പഞ്ചായത്തുകളുടെ GIS മാപ്പ് തയ്യാറാക്കുന്നതിന് ഒരു ബൃഹത് പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്നും, ആയതിനാൽ ടി പദ്ധതി പൂർത്തിയാകുന്നതുവരെയോ, കേരള സർക്കാരിന്റെ വിവിധ വകുപ്പുകൾ ചേർന്ന് ഒരു സംയോജിത നയതീരുമാനം എടുക്കുന്നതുവരെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ GIS മാപ്പിനു വേണ്ടി പ്രോജക്ട് തയ്യാറാക്കുകയോ, തുക ചെലവഴിക്കുകയോ ചെയ്യരുതെന്ന് സൂചനപ്രകാരം കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ പദ്ധതി പൂർത്തിയാകുന്നതുവരേയോ, കേരള സർക്കാരിന്റെ വിവിധ വകുപ്പുകൾ ചേർന്ന് ഒരു സംയോജിത നയതീരുമാനം എടുക്കുന്നതുവരെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ, തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ വരുന്ന മറ്റ് സ്ഥാപനങ്ങളോ GIS മാപ്പിനു വേണ്ടി പദ്ധതി തയ്യാറാക്കുകയോ, തുക ചെലവഴിക്കുകയോ ചെയ്യരുതെന്ന് ഇതിനാൽ നിർദ്ദേശം നൽകുന്നു. GIS മാപ്പിനുള്ള എല്ലാ പ്രൊപ്പോസലുകളും തദ്ദേശസ്വയംഭരണ വകുപ്പും, ഐ.ടി.വകുപ്പും പരിശോധിക്കേണ്ടതാണെന്നും നിർദ്ദേശം നൽകുന്നു.

ജെയിംസ് വർഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

നഗരകാര്യഡയറക്ടർ,തിരുവനന്തപുരം (എല്ലാ നഗരസഭകൾക്കും/ മുനിസിപ്പാലിറ്റികൾക്കും നിർദ്ദേശം നൽകുവാൻ)
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം (എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകുവാൻ)
കമ്മിഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം(എല്ലാ ബ്ളോക്ക്പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകുവാൻ)

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തസ്വഭവ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

ഐ.ടി വകുപ്പ്

ഡി.ആർ.ഡി.എ

സെക്രട്ടറി/ TRIDA/GCDA, Kochi/Kollam Development Authority/ Thrissur Development Authority/Kozhikode Development Authority/GIDA, Kochi തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യു വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്

ഉത്തരവിൻപ്രകാരം അയക്കുന്നത്,

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

No.75667/RC2/2013/LSGD

Local Self Government (RC) dept.
Thiruvananthapuram,
Dated, 02/01/2014

CIRCULAR

Sub :- LSGD Setting up of hoardings on trees for advertisements - Instructions issued to Local Self Government Institutions – Circular revised-Reg :-

Ref :- 1. Circular No. 28576/ RC2/2011/LSGD dated 15/07/2011.
2. Judgment dated 02/12/2013 in the WP(C) 14591/2011.

The Government have issued instructions to the Local Self Government Institutions to the effect that "while according permission for the erection of hoardings and bill boards for advertisement that no damage , injury or harm shall be made /happened to the trees when trees are used for advertisement" vide circular read as Ist paper above. The Hon"ble High Court of Kerala initiated suo-moto proceedings [WP(C) No. 14591/2011] on a petition from the students of St. Augustine"s Girls Higher Secondary School , Muvattupuzha against erection of Hoarding on trees using iron nails. The Hon"ble High Court of Kerala vide judgment cited has directed the Government *that the local authorities or any other statutory authorities should not be permitted to affix or display any hoarding/advertisement on the trees either by using nails or any other form*

In view of the direction of the Hon"ble High Court of Kerala *Local Self Government Institutions are instructed that permisiion shall not be issued for affixing or dispaying hoarding or advertisement on trees either by using nails or any other form as the trees are to be protected and the trees on public places are not intenteded to be used as display structures. The Local Self Government Institutions shall ensure that all the hoardings and advertisement boards which are nailed into trees are removed immediately.and those who contravene the condition will be liable for penalty.*

The instructions issued in the circular cited is revised to the above extent.

JAMES VARGHESE
Principal Secretary

To

The Advocate General, Ernakulam.
The Director of Urban Affairs, Thiruvananthapuram.
The Director of panchayat, Thiruvananthapuram.
All the Secretaries, Corporation/ Muncipalities/Panchayats(Through the Director of panchayat/director of urban Affairs).
The Director , Information Keral Mission, Thiruvnanthapuram.
The Information & Public Relation Dept. (for publlication in website)
The information Kerala Mission (for publication in website)
The Principal Accountant General (Local Fund Bodies Audit & Accounts) , Thiruvananthapuram.
The Director, Local fund Audit, Thiruvananthapuram.
The Envoronment department.
The Stock file /office copy.

Forwarded By Order

Section Officer

ഭരണഭാഷ-മാതൃഭാഷ

നം.എൽ.എഫ്.21878/എം.എൽ.1/2013 (2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം.
തീയതി : 08.01.2014
ഫോൺ: 0471-2303640
e-mail: **localfundauditdlfa@yahoo.in**

സർക്കുലർ നമ്പർ 3/ 2014

വിഷയം: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ പരിശോധനയിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ - സംബന്ധിച്ച്.

സൂചന: എൽ.എസ്.ജി.ഡി. എഞ്ചിനീയേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറിയുടെ 20.11.2013 തീയതിയിലെ കത്ത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റിന്റെ ഭാഗമായി നിർമാണ പ്രവൃത്തികൾ നേരിട്ട് പരിശോധിക്കുമ്പോൾ ചില ഓഡിറ്റ് ഓഫീസർമാർ എഞ്ചിനീയർമാരുടെ അസാന്നിദ്ധ്യത്തിൽ അളവുകൾ എടുത്ത് ഓഡിറ്റ് പരാമർശങ്ങൾ നടത്താറുണ്ടെന്ന് എൽ.എസ്.ജി.ഡി. എഞ്ചിനീയേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറിയുടെ 20.11.2013 ലെ കത്തിൽ പരാതിപ്പെട്ടിട്ടുണ്ട്. കൂടാതെ ഒരു കെട്ടിടത്തിന്റെയോ പാലത്തിന്റെയോ ഡിസൈൻ സംബന്ധിച്ച് ഒരു എഞ്ചിനീയർ എടുക്കുന്ന സാങ്കേതിക തീരുമാനങ്ങളെ വേറൊരു എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റുമായി താരതമ്യം ചെയ്ത് ബാദ്ധ്യത നിർണ്ണയിക്കാറുണ്ടെന്നും അസോസിയേഷൻ പരാതിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നിർവഹണം നടത്തിയ നിർമാണ പ്രവൃത്തികളുടെ പരിശോധന എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ മുൻകൂട്ടി അറിയിച്ചും അവരുടെ സാന്നിദ്ധ്യത്തിലും മാത്രമേ നടത്താൻ പാടുള്ളൂ.
2. ഒരു കെട്ടിടത്തിന്റെയോ പാലത്തിന്റെയോ ഡിസൈൻ സംബന്ധിച്ച് ഒരു എഞ്ചിനീയർ എടുക്കുന്ന സാങ്കേതിക തീരുമാനങ്ങളെ വേറൊരു എഞ്ചിനീയർ തയ്യാറാക്കിയ ഡിസൈനുമായോ എസ്റ്റിമേറ്റുമായോ താരതമ്യം ചെയ്ത് ബാദ്ധ്യത നിശ്ചയിക്കുന്ന കാര്യത്തിൽ വേണ്ടത്ര അവധാനതയും സുതാര്യതയും പുലർത്തേണ്ടതാണ്.

സർക്കുലർ കൈപ്പറ്റിയ വിവരം മടക്കത്തപാലിൽ അറിയിക്കേണ്ടതാണ്.

ഡയറക്ടർ (ഇൻചാർജ്)

പകർപ്പ്:
1. എല്ലാ സബ് ഓഫീസുകൾക്കും
2. ജോയിന്റ് ഡയറക്ടർമാർ (ഡയറക്ടറേറ്റ്)
3. ഡെപ്യൂട്ടി ഡയറക്ടർമാർ (ഡയറക്ടറേറ്റ്)

ഡി.സി.എൽ/18.01.14

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പണികൾ - വാറ്റ് വിഹിതം ഒടുക്കുന്നതിന് മാത്രമായി താൽക്കാലിക ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാരണ) നം.**83**/2014/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതിഃ 08.01.2014.

പരാമർശംഃ- വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 07.08.2013-ലെ ഡി.പി.7/1137/13 നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന വാറ്റ് നികുതി വിഹിതം ഇ-പെയ്മെന്റ് വഴി ഒടുക്കേണ്ടി വരുമ്പോൾ ട്രഷറികളിൽ GRAS.K എന്ന സംവിധാനം നിലവിൽ വരുന്നതുവരെ മാത്രം ഇപ്പോൾ സെക്രട്ടറിയുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ / സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അക്കൗണ്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത ബാങ്കുകളുടെ ഏറ്റവും അടുത്ത ശാഖയിൽ വാറ്റ് (വാല്യൂ ആഡഡ് ടാക്സ്) ഒടുക്കുന്നതിനായി മാത്രം ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറ്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വിഭാഗം, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.(42772/ഡെവ.2/13/ധന. തീയതിഃ 09.12.2013 പ്രകാരം)
നികുതി വകുപ്പ്.
ഡയറക്ടർ, വാണിജ്യ നികുതി വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഹാർബർ എഞ്ചിനീയറിംഗ് വിംഗിനെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കൺസൾട്ടന്റായും നിർവ്വഹണ ഏജൻസിയായും അംഗീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (**ഡിഎ**) വകുപ്പ്

സ.ഉ(സാധാ)നം.**281**/2014/തസ്വഭവ. തിരുവനന്തപുരം, തീയതി, **30.01.2014.**

പരാമർശം:-(1) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.01.14 ലെ 1003/D6/14/CE നമ്പർ കത്ത്.

(2) 22.01.14 ലെ സി.സി. തീരുമാനം ഇനം.നമ്പർ 3.30.

ഉത്തരവ്

പരാമർശം (2) ലെ സി.സി തീരുമാന പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വിംഗിനെ തീരദേശ സംബന്ധവും മത്സ്യമേഖലയുമായി ബന്ധപ്പെട്ടതുമായ നിർമ്മാണ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കൺസൾട്ടന്റായും പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
സി.വൽസല
ഗവ.ജോയിന്റ് സെക്രട്ടറി.

1)പഞ്ചായത്ത് ഡയറക്ടർ
2)നഗരകാര്യ ഡയറക്ടർ
3)ഗ്രാമവികസന കമ്മിഷണർ
4)ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ
5)ചീഫ് എഞ്ചിനീയർ, തുറമുഖ വകുപ്പ്, കമലേശ്വരം, മണക്കാട് പി.ഒ.
6)ഡയറക്ടർ, ഐ.കെ.എം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന റോഡ് പണി - ടാറിന്റെ വില നൽകുന്നതിന് അനുവാദം നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(സാധാ)നം.789/2014/തസ്വഭവ. തിരുവനന്തപുരം, തീയതി, 18.03.2014.

പരാമർശം:- 05.03.2014 ലെ സി.സി. തീരുമാനം ഇനം.നമ്പർ 2.9

ഉത്തരവ്

പരാമർശത്തിലെ സി.സി തീരുമാന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന റോഡ് പണിക്ക് ടാറിന്റെ വില ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് അനുസരിച്ച് നൽകുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ജെസ്സി ജോർജ്ജ്,
അണ്ടർ സെക്രട്ടറി.

1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
2)പഞ്ചായത്ത് ഡയറക്ടർ
3)നഗരകാര്യ ഡയറക്ടർ
4)ഗ്രാമവികസന കമ്മിഷണർ
5)എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
6)ഡയറക്ടർ, ഐ.കെ.എം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പണികൾ - വാറ്റ് വിഹിതം ഒടുക്കുന്നതിന് മാത്രമായി താൽക്കാലിക ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാരണ) നം. **1529**/2014/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 18.06.2014.

പരാമർശം:-

1. 08.01.2014-ലെ സ.ഉ.(സാധാ.) 83/2014/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.
2. തദ്ദേശസ്വയംഭരണ വിഭാഗം, ചീഫ് എഞ്ചിനീയറുടെ 22.01.2014-ലെ ഡി.ബി1/7165/2012/സി.ഇ./ എൽ.എസ്.ജി.ഡി. നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന വാറ്റ് നികുതി വിഹിതം ഇ-പെയ്മെന്റ് വഴി ഒടുക്കേണ്ടി വരുമ്പോൾ ട്രഷറികളിൽ GRAS.K എന്ന സംവിധാനം നിലവിൽ വരുന്നതു വരെ മാത്രം ഇപ്പോൾ സെക്രട്ടറിയുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ / സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അക്കൗണ്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത ബാങ്കുകളുടെ ഏറ്റവും അടുത്ത ശാഖയിൽ വാറ്റ് (വാല്യൂ ആഡഡ് ടാക്സ്) ഒടുക്കുന്നതിനായി മാത്രം ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

ടി ഉത്തരവിൽ 'സെക്രട്ടറിയുടെ പേരിൽ' എന്നതിനോടൊപ്പം 'തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേധാവി' എന്ന് കൂടി ചേർത്ത് പരാമർശം (1) ലെ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വിഭാഗം, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (28055/ഡെവ.2/14/ധന. തീയതി: 31.03.2014.)
നികുതി വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗവും മിനിസ്റ്റീരിയൽ വിഭാഗവും തമ്മിൽ ഏകോപനം സാദ്ധ്യമാക്കുന്നതിനായി സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 1547/2014/തസ്വഭവ തിരുവനന്തപുരം, തീയതി: 19.06.2014.

പരാമർശം:- 18.06.2014 തീയതിയിലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ **2.2** നമ്പർ തീരുമാനം

ഉത്തരവ്

പരാമർശ തീരുമാന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗവും മിനിസ്റ്റീരിയൽ വിഭാഗവും തമ്മിൽ ശരിയായ ഏകോപനം സാദ്ധ്യമാക്കുന്നതിനായി ജില്ലകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറായി, തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ) എന്നിവരുൾപ്പെടുന്ന സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

എല്ലാ തിങ്കളാഴ്ചകളിലും സമിതി കൂടി പദ്ധതി രൂപീകരണ പുരോഗതി വിലയിരുത്തി റിപ്പോർട്ട് അന്നു തന്നെ പഞ്ചായത്ത് ഡയറക്ടർക്കും, സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർക്കും ഇ-മെയിലായി നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി.വത്സല
ഗവ. ജോയിന്റ് സെക്രട്ടറി

ജില്ലാ പ്ലാനിംഗ് ഓഫീസർ (എല്ലാ ജില്ലകളിലേയും)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (എല്ലാ ജില്ലകളിലേയും)
അസിസ്റ്റന്റ് ഡെപ്യൂട്ടി കമ്മീഷണർ (ജനറൽ)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ആസ്തി സംരക്ഷണം

ASSETS TRANSFERRED TO LOCAL GOVERNMENTS-UTILIZATION OF INCOME FROM LAND-ORDERS ISSUED.

Assets transferred to Local Governments-Utilization of income from land-Orders issued.

LOCAL SELF GOVERNMENT (DP) DEPARTMENT

G.O.(Rt) No. 677/2003/LSGD Thiruvananthapuram,dated 27/02/2003

ORDER

As part of decentralization various public assets have been transferred to Local governments. These assets like Schools, Hospitals, Agricultural farms, Roads etc. have land which have be used productively by Local Governments, even though local governments do not have the right to alienate such land or use it for purposes unrelated to the original purpose of the assets.

Local government have pointed out they are willing to invest in the land and develop it productively if the existing stipulation that the revenue from such assets be credited to Government accounts is modified and the Local Governments are allowed to credit such income to the Panchayat fund or Municipal fund as the case may be.

Government have examined the matter in detail and are pleased to order that the income occurring from the assets like Schools, hospitals, farms etc. which are under the control of Local Governments should be transferred as own income of the Local Government concerned.

കേരള സർക്കാർ

നം.50412/ഡിബി2/11/തസ്വഭവ തദ്ദേശസ്വയംഭരണ (ഡിബി)വകുപ്പ്
തിരുവനന്തപുരം, തീയതി : 23/5/2012

സർക്കുലർ

വിഷയം:-തദ്ദേശസ്വയംഭരണവകുപ്പ്: - ആസ്തികളുടെ കണക്കെടുപ്പും ഗ്രാന്റ് വിനിയോഗവും -ആസ്തി രജിസ്റ്റർ ശരിയായ രീതിയിൽ പൂർത്തിയാക്കുന്നത് - സംബന്ധിച്ച്.

സൂചന:-1. സർക്കുലർ നം.55178/എഫ്എം3/08/തസ്വഭവ തീയതി 24/8/08.
2. സർക്കുലർ നം. 58608/ഡിബി2/09/തസ്വഭവ തീയതി 13/1/2010.
3. 13/10/11-ലെ ഇതേ നമ്പർ സർക്കുലർ.
4. സ.ഉ (സാധാ)നം.59/2012/തസ്വഭവ തീയതി: 6/1/2012.

സംസ്ഥാന സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്ത് കിട്ടിയവ ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനും ആയതിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സൂചന സർക്കുലറുകൾ പ്രകാരവും സർക്കാർ ഉത്തരവ് പ്രകാരവും പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം കുറ്റമറ്റ രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാർ ചെയ്ത്, ആയതിന്റെ ഇ-കോപ്പി ഇൻഫർമേഷൻ കേരള മിഷന് ലഭ്യമാക്കി, വിവരം സർക്കാരിനെ അറിയിക്കേണ്ട അവസാന തീയതി 2012 ജനുവരി 25 ആയി നിജപ്പെടുത്തിയിരുന്നു.

2. എന്നിരുന്നാലും നാളിതുവരെയായി പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ സൂചന സർക്കുലറുകളിലെ നിർദ്ദേശാനുസരണം 31/5/2012-ന് മുൻപ്, ആസ്തി രജിസ്റ്റർ കൃത്യമായി തയ്യാർ ചെയ്ത് ആയതിന്റെ ഇ-കോപ്പി ഇൻഫർമേഷൻ കേരള മിഷന് കൈമാറി വിവരം വകുപ്പ് മേധാവികൾക്ക് ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം ലഭ്യമാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് 2012 ജൂൺ മാസം മുതൽ റിലീസ് ചെയ്യുന്നതല്ലെന്ന് ഉത്തരവാകുന്നു.

ജെയിംസ് വർഗ്ഗീസ്
അഡീ.പ്രിൻസിപ്പൽ സെക്രട്ടറി.

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
3. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻ മാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
9. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
12. മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
13. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
14. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
15. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം
16. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
17. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
18. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
19. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
20. എല്ലാപഞ്ചായത്ത് ബ്ലോക്ക് ഡയറക്ടർമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
21. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
22. എല്ലാ നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
23 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
24. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
25. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
26. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
28. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
29. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം
30. അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം
31. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
32. ഓഫീസ് കോപ്പി/കരുതൽഫയൽ

ഉത്തരവിൻ പ്രകാരം

Rashad M.S.

സെക്ഷൻ ഓഫീസർ

പകർപ്പ്: 1. തദ്ദേശസ്വയംഭരണ (പഞ്ചായത്ത്) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. തദ്ദേശസ്വയംഭരണ (നഗരകാര്യം) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. തദ്ദേശസ്വയംഭരണ (ഗ്രാമവികസനം) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
5. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
6. സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്
7. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ഡി/ഡി.സി/എഫ്.എം സെക്ഷനുകൾക്ക്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിൽ സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗുമായി യോജിപ്പിച്ച് പ്രവർത്തിക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ (കൈ)നം: 212/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 06/8/2012

പരാമർശം:- 1. സ.ഉ(എം.എസ്) നം.363/2005/തസ്വഭവ തീയതി: 2/12/2005

2. സർക്കുലർ നമ്പർ 58608/ഡിബി2/2009/തസ്വഭവ തീയതി: 13/1/2010.

3. സ.ഉ (സാധാ) നം.59/2012/തസ്വഭവ തീയതി: 6/1/2012.

4. സർക്കുലർ നമ്പർ 50412/ഡിബി2/11/തസ്വഭവ തീയതി: 23/5/2012.

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംബന്ധമായി കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചു പരിപാലിക്കേണ്ടതിന്റെ ആവശ്യം മുൻനിർത്തി 2005-ൽ സർക്കാർ എം.ജി.പിയുടെ ഭാഗമായി അത്തരം രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

2. 2005-06-ൽ ഇപ്രകാരം തയ്യാറാക്കിയ രജിസ്റ്ററുകൾ കില, കുടുംബശ്രീ എന്നിവയുടെ സഹായത്തോടെ സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റി. എന്നാൽ ഈ പ്രവർത്തനങ്ങൾ കൊണ്ട് ആസ്തികളുടെ പൂർണ്ണമായ സംസ്ഥാനതല ക്രോഡീകരണം വിവിധ കാരണങ്ങളാൽ സാധ്യമായില്ല.

3. ഈ സാഹചര്യത്തിൽ പരാമർശം (2)-ലെ സർക്കുലർ പ്രകാരം ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൽ ആയി പരിപാലിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഫാറങ്ങളും സർക്കാർ പുറപ്പെടുവിക്കുകയും കില, ഐ.കെ.എം ഇവയുടെ നേതൃത്വത്തിൽ നിലവിലുള്ള രജിസ്റ്ററുകളിലെ അപാകതകൾ പരിഹരിക്കുന്നതിന് വിവിധതലങ്ങളിൽ പരിശീലനം നൽകുകയും ചെയ്തു.

4. പരാമർശം (3)-ലെ സർക്കുലർ പ്രകാരം ആസ്തി രജിസ്റ്ററുകൾ അപാകതകൾ പരിഹരിച്ച് ഡിജിറ്റൽ രൂപത്തിൽ ഐ.കെ.എം-ൽ എത്തിക്കണമെന്ന് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചു. പരാമർശം (4)-ലെ സർക്കുലർ പ്രകാരം ആസ്തി രജിസ്റ്റർ പുതുക്കി ഐ.കെ.എം-ന് നൽകുന്നതിനുള്ള തീയതി 31/5/2012-ആയി നിശ്ചയിച്ചു നൽകിയിരുന്നു.

5. 31/3/2011- വരെയുള്ള ആസ്തികൾ രേഖപ്പെടുത്തണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും അപ്രകാരം പല തദ്ദേശഭരണ സ്ഥാപനങ്ങളും രേഖപ്പെടുത്തിയതായി കാണുന്നില്ല. മാത്രമല്ല ഇനിയും പല തദ്ദേശഭരണ സ്ഥാപനങ്ങളും റോഡുകളുടെ നീളം, ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിസ്തൃതി, സർവ്വേ നമ്പർ തുടങ്ങിയവയുടെ അളവുകൾ, നിർദ്ദേശിച്ച യൂണിറ്റിൽ ആക്കി തെറ്റു തിരുത്തിയിട്ടുമില്ല. അതുകൊണ്ടുതന്നെ വിവരം സംസ്ഥാന തലത്തിൽ ക്രോഡീകരിച്ചു ശരിയായ ചിത്രം ലഭിക്കുന്നില്ല.

6. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയ ഡബിൾ എൻട്രി സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് പൂർത്തിയാക്കണമെങ്കിൽ ആസ്തികൾ ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ വിവരം ആവശ്യമാണ്. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ള 'സ.ചിത്ര' ആസ്തി സോഫ്റ്റ്വെയർ ആപ്ലിക്കേഷനിൽ ആസ്തിയുടെ മൂല്യം സംബന്ധമായ വിവരങ്ങൾ രേഖപ്പെടു

ത്തുന്നതിനുള്ള സൗകര്യം ഉൾപ്പെടുത്തിയെങ്കിലും, വിശദമായ നിർദ്ദേശങ്ങളുടെ അഭാവത്തിൽ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

7. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

8. 31/3/2012-വരെ ആർജ്ജിച്ചിട്ടുള്ള ആസ്തികൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 'സചിത്ര' സോഫ്റ്റ്വെയർ മുഖേന രേഖപ്പെടുത്തേണ്ടതാണ്. അതോടൊപ്പം തന്നെ നേരത്തെ രേഖപ്പെടുത്തിയ റോഡുകളുടെ നീളം, ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിസ്തൃതി തുടങ്ങിയ ആസ്തി സംബന്ധമായ അളവുകൾ നിർദ്ദേശിച്ച യൂണിറ്റുകളിലാക്കി, തെറ്റുകളുണ്ടെങ്കിൽ തിരുത്തി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

9. ആസ്തികൾ ആർജ്ജിക്കുന്നതിനു ചെലവായ തുക രേഖപ്പെടുത്തേണ്ടത് അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതും കേന്ദ്ര സർക്കാർ രൂപം നൽകിയ നാഷണൽ മുനിസിപ്പൽ അക്കൗണ്ട്സ് മാന്വലിനെ അവലംബിച്ച് തയ്യാറാക്കിയ 2007-ലെ കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ളതുമായ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ആണ്. ഇതുപ്രകാരം ആസ്തികൾ നിർമ്മിക്കുന്നതിനോ വാങ്ങുന്നതിനോ ചെലവായ തുകയാണ് ആസ്തിയുടെ വിലയായി രേഖപ്പെടുത്തേണ്ടത്. ഇതിനായി ചെലവായ തുക സംബന്ധിച്ച വിവരം വൗച്ചറുകളിൽ നിന്നോ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ നിന്നോ ലഭിക്കുന്നതാണ്. ഇപ്രകാരം ചെലവായ തുക സംബന്ധിച്ച വിവരം ലഭ്യമല്ലെങ്കിൽ താഴെപ്പറയുന്ന രീതിയിൽ തുക കണക്കാക്കാവുന്നതാണ്.

(i) ആസ്തി ആർജ്ജിച്ച വർഷത്തെ പൊതുമരാമത്ത് ഷെഡ്യൂൾ നിരക്കുകൾ പ്രകാരം ആസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുക.

(ii) മേൽപ്രകാരം മുൻവർഷങ്ങളിലെ നിരക്കുകൾ ലഭ്യമല്ലെങ്കിൽ ഇപ്പോൾ നിലവിലുള്ള പൊതുമരാമത്ത് ഷെഡ്യൂൾ നിരക്കുകൾ പ്രകാരമോ പൊതുമരാമത്ത് ഷെഡ്യൂൾ നിരക്കുകൾ ലഭ്യമല്ലാത്ത ഇനങ്ങളുടെ കാര്യത്തിൽ അവയുടെ ഇപ്പോഴത്തെ മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിലോ, ആസ്തി ആർജ്ജിക്കുന്നതിനോ വാങ്ങുന്നതിനോ ചെലവായ തുക ആദ്യം കണക്കാക്കുക, തുടർന്ന് മൊത്ത വ്യാപാര വില സൂചിക പ്രകാരമുള്ള ഇൻഡക്സിന്റെ അടിസ്ഥാനത്തിൽ തുകയെ ഡിഫ്ളേറ്റ് (Deflate) ചെയ്ത് ആസ്തി ആർജ്ജിച്ച വർഷത്തെ ചെലവിനു തുല്യമായ തുകയിൽ എത്തിച്ചേരുക. ഇതിനായി 1952-53 വർഷം മുതൽ 2010-11 വർഷം വരെയുള്ള മൊത്ത വ്യാപാര വില സൂചിക അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.

10. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കാതെ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നു കൈമാറിക്കിട്ടിയതോ, മറ്റു വ്യക്തികളിൽ നിന്നോ, സ്ഥാപനങ്ങളിൽ നിന്നോ ദാനമായി കിട്ടിയതോ ആയ ഓരോ ആസ്തിയും ആർജ്ജിക്കാൻ ചെലവായ തുക ഒരു രൂപയായി കണക്കാക്കേണ്ടതാണ്.

11. ആസ്തികളുടെ തേയ്മാനം സംബന്ധിച്ച് 2007-ലെ കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വലിൽ നിർദ്ദേശിച്ച നിരക്കുകൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കി ഉത്തരവാകുന്നു. അവ ഈ ഉത്തരവിന്റെ അനുബന്ധം 2- ആയി ചേർത്തിരിക്കുന്നു.

12. ഓരോ ആസ്തിയും സംബന്ധിച്ച് അത് ആർജ്ജിച്ച വർഷം, ആർജ്ജിക്കുന്നതിനു ചെലവായ തുക, ആസ്തി ഏതു വിഭാഗത്തിൽപ്പെടുന്നു എന്നിവ മാത്രം രേഖപ്പെടുത്തിയാൽ മതിയാകും. തേയ്മാനം കണക്കാക്കേണ്ടതില്ല. കാരണം തേയ്മാനം 'സചിത്ര' സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വഴി ഓട്ടോമേറ്റ് ചെയ്ത് കണക്കാക്കുന്നതാണ്.

13. 'സചിത്ര' സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വഴി തേയ് മാനം കണക്കാക്കാനുള്ള നടപടികൾ ഐ.കെ.എം സമയബന്ധിതമായി കൈക്കൊള്ളേണ്ടതാണ്.

14. ആസ്തികളുടെ പൂർണ്ണ വിവരം സെക്രട്ടറിയുടെ മേൽനോട്ടത്തിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയുള്ള എഞ്ചിനീയർമാർ/ഓവർസീയർമാർ രേഖപ്പെടുത്തേണ്ടതാണ്. ഈ പ്രവർത്തനങ്ങൾ 2012-സെപ്റ്റംബർ 30-നകം പൂർത്തിയാക്കി വിവരം പഞ്ചായത്ത് ഡയറക്ടർ (ഗ്രാമപഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും) /ഗ്രാമവികസന കമ്മീഷണർ (ബ്ലോക്ക് പഞ്ചായത്തുകൾ)/നഗരകാര്യ ഡയറക്ടർ (നഗരസഭകൾ) എന്നിവർക്കും , ചീഫ് എഞ്ചിനീയർക്കും (തദ്ദേശഭരണ വകുപ്പ്) റിപ്പോർട്ട് ചെയ്യേണ്ടതാണ്.

15. ഈ പ്രവർത്തനങ്ങൾക്ക് തനതു ഫണ്ടിൽ നിന്നോ, വികസന ഫണ്ടിൽ നിന്നോ 10,000/-(പതിനായിരം) രൂപ വരെ ചെലവഴിക്കാവുന്നതാണ്.

16. തയ്യാറാക്കിയ ഡേറ്റാബേസുകൾ തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ ജില്ലാതല ശിൽപ്പശാലകൾ സംഘടിപ്പിച്ച് പരിശോധനയ്ക്ക് വിധേയമാക്കി കുറ്റമറ്റതാക്കേണ്ടതാണ്. പ്രസ്തുത ശിൽപ്പശാലകൾക്ക് ആവശ്യമായ സാങ്കേതിക സഹായം ഇൻഫർമേഷൻ കേരള മിഷൻ നിർവ്വഹിക്കേണ്ടതും, ഭരണപരമായ നിർദ്ദേശങ്ങൾ പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ എന്നിവർ നൽകേണ്ടതുമാണ്. ജില്ലാതല ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിന്റെ ഉത്തരവാദിത്തവും ചെലവും കില നിർവ്വഹിക്കേണ്ടതാണ്.

17. ശിൽപ്പശാലകളിൽ പരിശോധിച്ച് കുറ്റമറ്റതാക്കിയ ഡേറ്റാബേസ് ബന്ധപ്പെട്ട ഭരണ സമിതിയ്ക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതും, ഒക്ടോബർ 31-നകം ഐ.കെ.എം-ന് നൽകേണ്ടതുമാണ്. ആസ്തി രജിസ്റ്ററുകളുടെ വിവരങ്ങൾ തദ്ദേശഭരണ വകുപ്പിന്റെയും സ്ഥാപനങ്ങളുടെയും വെബ്സൈറ്റിൽ ലഭ്യമാക്കുന്നതോടൊപ്പം, ഡേറ്റാബേസ് ക്രോഡീകരിച്ച് ആവശ്യമായ റിപ്പോർട്ടുകൾ സർക്കാരിന്റെ നിർദ്ദേശാനുസരണം ഐ.കെ.എം നൽകേണ്ടതാണ്.

18. സാംഖ്യ, സുലേഖ, സൂചിക തുടങ്ങിയ സോഫ്റ്റ് വെയറുകളുമായി ഏകോപിച്ചായിരിക്കണം സചിത്ര സോഫ്റ്റ്വെയർ പ്രവർത്തിക്കേണ്ടത്. ഇതു വഴി ആസ്തി രജിസ്റ്ററുകൾ ഇലക്ട്രോണിക് ആയി തൽസമയം പുതുക്കപ്പെടുന്നതാണ്.

19. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജില്ലാതല സംസ്ഥാനതല പ്രതിമാസ യോഗങ്ങളിൽ ഈ പ്രവർത്തനം അവലോകനം ചെയ്യേണ്ടതും, പ്രതിമാസ സംഗ്രഹീത പുരോഗതി റിപ്പോർട്ടുകൾ പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ എന്നിവർ സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

20. ഇലക്ട്രോണിക്കായി ആസ്തി രജിസ്റ്ററുകൾ കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ കൂട്ടിച്ചേർത്ത് കുറ്റമറ്റതാക്കി പുതുക്കേണ്ട ചുമതല തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർക്കായിരിക്കും. ഓരോ വർഷവും മെയ് 15-നകം മുൻ വർഷത്തെ ആസ്തികളിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണസമിതിയ്ക്ക് സമർപ്പിച്ച് സമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പൂർണ്ണമാക്കി വെബ് അധിഷ്ഠിതമായി ഡേറ്റാബേസ് ഐ.കെ.എം-ന് നൽകേണ്ടതാണ്. ഇതിനുള്ള വെബ് അധിഷ്ഠിത സോഫ്റ്റ്വെയർ ഐ.കെ.എം വികസിപ്പിക്കേണ്ടതാണ്.

21. സംസ്ഥാനതലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും, മറ്റു മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി താഴെപ്പറയുന്നവർ ഉൾപ്പെട്ട മോണിറ്ററിംഗ് സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി	ചെയർപേഴ്സൺ
2. ശ്രീ.എസ്.ദിവാകരൻ പിള്ള, സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ആഫീസർ	മെമ്പർ
3. പഞ്ചായത്ത് ഡയറക്ടർ	മെമ്പർ
4. ഗ്രാമവികസന കമ്മീഷണർ	മെമ്പർ

5. നഗരകാര്യ ഡയറക്ടർ	മെമ്പർ
6. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്	കൺവീനർ
7. എക്സിക്യൂട്ടീവ് ചെയർമാൻ& ഡയറക്ടർ, ഐ.കെ.എം	മെമ്പർ
8. ഡയറക്ടർ, കില	മെമ്പർ
9. ശ്രീ.ഉദയഭാനു കണ്ടേത്ത്, കൺസൾട്ടന്റ്, ഐ.കെ.എം	മെമ്പർ
10. ശ്രീ.പി.സുരേന്ദ്രൻപിള്ള, കൺസൾട്ടന്റ്, ഐ.കെ.എം	മെമ്പർ

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ടി.കെ. മനോജ് കുമാർ

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ. (എസ്.ജി.എസ്.എ) തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ.ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
6. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
7. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
8. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
9. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
   (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
10. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
    (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
11. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
12. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന
    കമ്മീഷണർ മുഖാന്തിരം)
13. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
    (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
14. എല്ലാതദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
    (ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തിരം)
15. ഇൻഫർമേഷൻ പബ്ലിക്ക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
16. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
17. ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
18. എക്സിക്യൂട്ടീവ് ചെയർമാൻ &ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
19. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

അനുബന്ധം - 1

മൊത്ത വ്യാപാര വില സൂചിക

സാമ്പത്തിക വർഷം	സൂചിക
1952-53	100.00
1953-54	104.6
1954-55	97.5
1955-56	92.4
1956-57	105.3
1957-58	108.4
1958-59	112.8
1959-60	117.1
1960-61	124.8
1961-62	125.1
1962-63	129.9
1963-64	137.9
1964-65	153.0
1965-66	164.6
1966-67	187.5
1967-68	209.3
1968-69	206.9
1969-70	214.7
1970-71	226.6
1971-72	239.2
1972-73	263.3
1973-74	316.5
1974-75	396.2
1975-76	391.9
1976-77	400.1
1977-78	420.9
1978-79	420.9
1979-80	493.0
1980-81	582.9
1981-82	637.3
1982-83	668.5
1983-84	718.9
1984-85	765.4
1985-86	799.2
1986-87	845.7
1987-88	914.5
1988-89	982.7
1989-90	1056.0

1

1990-91	1164.4
1991-92	1324.3
1992-93	1457.5
1993-94	1579.2
1994-95	1778.2
1995-96	1920.3
1996-97	2008.8
1997-98	2097.2
1998-99	2222.0
1999-00	2294.6
2000-01	2458.9
2001-02	2547.3
2002-03	2634.2
2003-04	2777.9
2004-05	2957.9
2005-06	3087.4
2006-07	3295.1
2007-08	3448.9
2008-09	3697.4
2009-10	3868.9
2010-11	4238.6

കുറിപ്പ്

1. അടിസ്ഥാനവർഷം–1952–53=100

2. മറ്റു അടിസ്ഥാന വർഷങ്ങളിലേക്ക് സൂചിക മാറുന്നതിനുള്ള ലിങ്കിംഗ് ഫാക്ടർ

വർഷം	ഏതു അടിസ്ഥാന വർഷത്തിലാണ് മൊത്ത വില സൂചിക നിലവിലുള്ളത്	1952–53 അടിസ്ഥാന വർഷത്തേക്കുള്ള ലിങ്കിംഗ് ഫാക്ടർ
1962-63 to 1970-71	1961-62	1.251
1971-72 to 1981-82	1970-71	2.265
1982-83 to 1993-94	1981-82	6.373
1994-95 to 2005-06	1993-94	15.792
2006-07 to 2010-11	2004-05	23.579

അനുബന്ധം –2

ആസ്തികളുടെ തേയ്മാനം സംബന്ധിച്ച് 2007–ലെ കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വലിൽ നിർദ്ദേശിച്ച നിരക്കുകൾ

Sl. No.	Description of Assets	Details of Assets that are to be included	Estimated Life (in years)	Depreciation Rate
1	Land	Parks, Burial Grounds, Play grounds Roads etc. and any vacant site on which no construction available and kept as vacant site. This includes the open space donated by the layout promoters, to the council by transfer deeds.		
2	Building-Class I Civil Structures (Structure with R.C. roof)	Office Buildings, School Buildings, Public conveniences, Hospitals, Dispensaries, Clinics, Maternity & Child Welfare centers, Swimming pool, Market place, Slaughter houses, Stadia, Shopping complexes, Zoo, Bus stand, Town hall, Community hall, Lodging Houses, Cinema theatre, Staff quarters etc.	50	2.00%
3	Building-Class II Civil Structures (Structure with roof other than R.C. or without roof)	Nutritious meal centers, Compound walls	15	6.67%
4	Subways and Cause ways	Cause ways, vehicular subways, pedestrian over bridges	15	6.67%
5	Bridges and Flyovers	Bridges and Flyovers	40	2.50%
6	Storm water Drains-open Drains& Culverts	Storm water Drains-open Drains& Culverts	15	6.67%
7	Heavy Vehicles	Lorry, Tractor, Tipper, Bus, etc.	10	10.00%
8	Light Vehicles	Jeeps, Cars, Power Tillers, Motorcycles, Mini lorry, Auto rickshaw etc.	10	10.00%
9	Other Vehicles	Single driven RC, Double Driven RC, Cart etc (RC-Rubbish cart), Bi-cycles, Tri-cycles	5	20.00%

Sl. No.	Description of Assets	Details of Assets that are to be included	Estimated Life (in years)	Depreciation Rate
10	Furniture, Fixtures, Office Equipments etc.	Steel chairs, Steel Tables, Wooden chairs, Wooden tables Steel racks, Wooden racks, Steel cupboards, Typewriters, Duplicators, Xerox machines, Communication Equipments, Calculators, Air Conditioners, Water coolers, Refrigerators, Fans, Electrical fittings, Other Office equipments, Radios, TVs, Stools, Public address systems, Wireless equipments etc.	10	10.00%
11	Plant/Machinery& Equipment (excluding office equipment)	Road rollers, Bulldozers, Mechanical sweeper, Pay Loader, Submersible pumps, Mixing mortars, other Civil Engineering equipments. Medical equipment in Hospitals, Dispensaries & Maternity centers, School equipments, power health equipments, Tower clocks, electrical equipments including generators, Motor pumps, other Plant & Machinery etc.	10	10.00%
12	Roads&Pavements Concrete (including barrucades)		10	10.00%
13	Bituminus road over Jhama metal/Stone metal		3	33.00
14	Road with Jhama metal onley		2	50.00%
15	Roads & Pavements black (including amenities)		6	16.67%
16	Roads & Pavements asphalt & WBM		3	33.33%
17	Roads & Pavements concrete, black topped sub grade		50	2.00%
18	Pavements with Birck & Brick Paved Road		50	2.00%

Sl. No.	Description of Assets	Details of Assets that are to be included	Estimated Life (in years)	Depreciation Rate
19	Amenities of parks and play grounds		5	20.00%
20	Light Post		10	10.00%
21	Electrical installation Transformers, Cables	HT&LT	20	5.00%
22	Electrical Installations	Mercury Vapour, Sodium Vapour	10	10.00%
		Tube Light	3	33.33%
23	Computers	Computer Machinery, peripherals like printers, mouse etc.	5	20.00%
24	Carts	Single & Double Bullock carts	3	33.33%
25	Wheel Barrow		20	50.00%
26	Water Supply pipe line	M.S/G.I/C.I/D.I	40	2.50%
		Asbestos/Plastic	10	10.00%
27	Pumps and Motor		10	10.00%
28	Water Reservoir		40	2.50%
29	a) Deep Tubewell		10	10.00%
	b) Hand Tubewell		5	20.00%
30	Water Supply Source and Transmission System	1. Reservoir	33	3.03%
		2. OHT/GLR	33	3.03%
		3. Ground Water Wells/Deep bore wells	20	5.00%
		4. Channels	40	2.50%
		5. Conduits	50	2.00%
31	Water Distribution System	1. Upto 200 m.m	40	2.50%
		2. Above 200 m.m	60	1.67%
		1. M.S Steel Tanks	5	20.00%
		2. India Mark II Pumps	5	20.00%
		3. Hand Pumps	5	20.00%
		4. Public Fountains	5	20.00%
32	Sewerage Collection & Transmission System	Sewerage Lines	30	3.33%

33	Plant and Machinery	a) Water Supply 1. Mechanical Filters 2. Filter Beds 3. Head works, Well points 4. Generator of Booster Station b) Sewerage 1. Pumping Machinery 2. Treatment Plants	10	10.00%
34	Laboratory Equipments	All equipments in the Laboratories maintained for the Water Supply and Sewerage system	10	10.00

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിൽ പൂർണ്ണവും കുറ്റമറ്റതും ആക്കി തീർക്കുന്നതിനുള്ള കർമ്മപരിപാടി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ (കൈ)നം. 255/2013/തസ്വഭവ തിരുവനന്തപുരം, തീയതി: 18/07/2013.

==========

പരാമർശം:-1) സ.ഉ (കൈ)നം.212/2012/തസ്വഭവ, തീയതി: 06.08.2012.

2) സ.ഉ (സാധാ)നം.423/2013/തസ്വഭവ, തീയതി: 15. 02.2013.

ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തിരജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിൽ പൂർണ്ണമാക്കി, ശിൽപശാലകളിൽ പരിശോധിച്ച് കുറ്റമറ്റതാക്കിയ ഡേറ്റാബേസ് ബന്ധപ്പെട്ട ഭരണസമിതിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതും, 2012 ഒക്ടോബർ 31-നകം ഐ.കെ.എം-ന് നൽകേണ്ടതുമാണെന്ന് പരാമർശം ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. പരാമർശം 2 ഉത്തരവ് പ്രകാരം ഈ കാലാവധി 2013 ഏപ്രിൽ 30 വരെയാക്കി ദീർഘിപ്പിച്ചിരുന്നു.

സർക്കാർ ഉത്തരവുകളിൽ നിർദ്ദേശിച്ച പ്രവൃത്തികൾ വളരെ കുറച്ചു സ്ഥാപനങ്ങൾ മാത്രമേ ഇതിനകം പൂർത്തിയാക്കിയിട്ടുള്ളു. ഈ സാഹചര്യം 29.06.2013-ന് ചേർന്ന സംസ്ഥാനതല മോണിറ്ററിംഗ് സമിതി വിലയിരുത്തുകയും 31.03.2013 വരെയുള്ള ആസ്തി വിവരങ്ങൾ സചിത്ര സോഫ്റ്റ്വെയർ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തിയതും കുറ്റമറ്റതുമായ ഡേറ്റാബേസ് 03.08.2013-നകം ഭരണസമിതി അംഗീകാരത്തോടെ ഇൻഫർമേഷൻ കേരള മിഷന് ലഭ്യമാക്കുന്നതിനുള്ള കർമ്മപരിപാടിക്ക് രൂപം നൽകുകയും ചെയ്തു. ഇതുപ്രകാരം സംസ്ഥാനതല മോണിറ്ററിംഗ് സമിതി അംഗങ്ങളും ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരും എഞ്ചിനീയർമാരും ഉൾപ്പെട്ട സംസ്ഥാനതല ശിൽപ്പശാല 11.07.2013-ന് കിലയിൽ ചേരുന്നതിന് തീരുമാനിച്ചിരിക്കുന്നു. തുടർന്ന് 15.07.2013-നും 18.07.2013-നും ഇടയിൽ ജില്ലാതല ശില്പശാലകളും, 22.07.2013-ന് തദ്ദേശ

സ്വയംഭരണ സ്ഥാപനതല ശില്പശാലകളും സംഘടിപ്പിക്കേണ്ടതും ഡിജിറ്റൽ ആസ്തി രജിസ്റ്റർ സംബന്ധിച്ച പ്രവർത്തനങ്ങൾ 23.07.2013-നും 27.07.2013-നും ഇടയിൽ ഊർജ്ജിതമായി നടത്തേണ്ടതുമാണ്. ഡിജിറ്റൽ ആസ്തി രജിസ്റ്റർ സംബന്ധിച്ച പ്രവർത്തനങ്ങൾ വിശദമായി പ്രതിപാദിക്കുന്ന താഴെ പറയുന്ന അനുബന്ധങ്ങൾ ഈ ഉത്തരവിനോടൊപ്പം ചേർത്തിരിക്കുന്നു. പ്രസ്തുത അനുബന്ധങ്ങളിൽ നിർദ്ദേശിച്ച രീതിയിൽ ഡിജിറ്റൽ ആസ്തി രജിസ്റ്ററുകൾ പൂർണ്ണമാക്കിയ ശേഷം സചിത്ര ഡേറ്റാബേസ് ഇ മെയിൽ ആയി ഇൻഫർമേഷൻ കേരള മിഷന് അയച്ചു കൊടുക്കേണ്ടതും പ്രസ്തുത പ്രവൃത്തി പൂർണ്ണമായ വിവരം അനുബന്ധങ്ങളിൽ നിർദ്ദേശിച്ച രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ 03.08.2013-നകം ജില്ലാ/മേഖലാതല ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്ന് ഉത്തരവാകുന്നു. ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കാണ് റിപ്പോർട്ട് ചെയ്യേണ്ടത്. ജില്ലാ/മേഖലാതല ഉദ്യോഗസ്ഥർ വകുപ്പദ്ധ്യക്ഷന്മാർക്ക് 08.08.2013-നകവും, വകുപ്പദ്ധ്യക്ഷന്മാർ തദ്ദേശ സ്വയംഭരണ വകുപ്പിന് 14.08.2013-നകവും റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്നും ഉത്തരവാകുന്നു.

അനുബന്ധം 1. കർമ്മ പരിപാടി

2. സചിത്ര സോഫ്റ്റ്വെയർ ആപ്ളിക്കേഷനിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ.
3. മൊത്തവില സൂചിക.
4. സമർപ്പിക്കേണ്ട റിപ്പോർട്ടുകളുടെ മാതൃക

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ്
ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്.ജി.എസ്.എ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.ആർ.എസ്.എ) കേരള, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കില, തൃശ്ശൂർ.
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും.
എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം-1

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിൽ പൂർണ്ണവും കുറ്റമറ്റതും ആക്കിത്തീർക്കുന്നതിനുള്ള കർമ്മപരിപാടി

ലക്ഷ്യം:-

ഘടകസ്ഥാപനങ്ങളുടേതുൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2013 മാർച്ച് 31 വരെയുള്ള ആസ്തികളുടെ പൂർണ്ണ വിവരം ശേഖരിക്കുക; ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ള സഹിത്ര സോഫ്റ്റ്വെയർ ആപ്ലിക്കേഷനിൽ ഈ വിവരം രേഖപ്പെടുത്തി ഡിജിറ്റൽ ആസ്തി രജിസ്റ്റർ പൂർണ്ണ രൂപത്തിൽ തയ്യാറാക്കുക; നേരത്തേ രേഖപ്പെടുത്തിയതിൽ വന്നുപോയിട്ടുള്ള തെറ്റുകൾ തിരുത്തിയും ഇപ്പോൾ രേഖപ്പെടുത്തുന്നതിൽ തെറ്റുകളില്ലെന്ന് ഉറപ്പുവരുത്തിയും ഡിജിറ്റൽ ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കിത്തീർക്കുക; സഹിത്ര ഡേറ്റാ ബേസ് ഇൻഫർമേഷൻ കേരള മിഷന് അയച്ചുകൊടുക്കുക; പ്രവർത്തനം പൂർത്തിയായ വിവരം വകുപ്പദ്ധ്യക്ഷന്മാർ സർക്കാരിന് റിപ്പോർട്ട് ചെയ്യുക.

ഭാഗം III
ശില്പശാലകൾ

ഘട്ടം 1:- സംസ്ഥാനതല ശില്പശാല

വേദി	:	കില, മുളംകുന്നത്തുകാവ്, തൃശ്ശൂർ
തീയതി	:	11.07.2013
സമയം	:	രാവിലെ 11 മണി മുതൽ ഉച്ചയ്ക്കു ശേഷം 3.00 മണി വരെ

1. പങ്കെടുക്കേണ്ടവർ

(എ) സംസ്ഥാനതല മോണിറ്ററിംഗ് സമിതി അംഗങ്ങൾ:

(1) സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
(2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ (കൺവീനർ)
(3) ഗ്രാമപഞ്ചായത്ത് ഡയറക്ടർ
(4) നഗരകാര്യ ഡയറക്ടർ
(5) ഗ്രാമവികസന കമ്മീഷണർ
(6) ഡയറക്ടർ, കില
(7) എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, കെ.കെ.എം

(8) ഉദയഭാനു കണ്ടേത്ത്, സീനിയർ കൺസൾട്ടന്റ്, ഐ.കെ.എം

(9) പി. സുരേന്ദ്രൻപിള്ള, സീനിയർ കൺസട്ടന്റ്, ഐ.കെ.എം

(ബി) ജില്ലാതല/മേഖലാതല ഉദ്യോഗസ്ഥർ:

ഘട്ടം 2:- ജില്ലാ/മേഖലാതല ശില്പശാലകൾ

(1) പഞ്ചായത്ത് വകുപ്പ് - ഡെപ്യൂട്ടി ഡയറക്ടർമാർ

(2) നഗരകാര്യവകുപ്പ് - മേഖലാ ജോയിന്റ് ഡയറക്ടർമാർ

(3) ഗ്രാമവികസന വകുപ്പ് - അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർമാർ (ജനറൽ)

(4) തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം- മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ

(സി) ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ

ഘട്ടം 2:- ജില്ലാ/മേഖലാതല ശില്പശാലകൾ

15.07.2013 നും 18.07.2013 നും ഇടയിൽ ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കുമായി പ്രത്യേകം ജില്ലാതല ശില്പശാലകൾ നടത്തേണ്ടതാണ്. മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും സംയുക്തമായി മേഖലാതല ശില്പശാലകളും നടത്തേണ്ടതുണ്ട്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ/ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർമാർ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുമായി ആശയവിനിമയം നടത്തി ജില്ലാതല ശില്പശാലകളുടെ വേദിയും സമയവും തീരുമാനിക്കണം. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർ, തദ്ദേശസ്വയംഭരണ വകുപ്പ് മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുമായി ഇപ്രകാരം ചർച്ച നടത്തി മേഖലാതല ശില്പശാല സംബന്ധിച്ച് തീരുമാനമെടുക്കണം. ഇപ്രകാരം തീരുമാനിച്ച ശേഷം തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും ഐ.കെ.എം. ഉദ്യോഗസ്ഥർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ എന്നിവർ നൽകിയ അറിയിപ്പുകളുടെ പകർപ്പുകൾ 11.07.2013-ന് കിലയിൽ ചേരുന്ന സംസ്ഥാനതല ശില്പശാലയിൽ വച്ച് മോണിട്ടറിംഗ് സമിതി കൺവീനറായ ചീഫ് എഞ്ചിനീയറെ ഏൽപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് നൽകിയ അറിയിപ്പുകളുടെ പകർപ്പുകൾ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഏൽപ്പിക്കണം.

തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിമാർ, ബന്ധപ്പെട്ട എഞ്ചിനീയർമാർ/ ഓവർസീയർമാർ, ഐ.കെ.എം. ജില്ലാ ടെക്നിക്കൽ ഓഫീസർ, ഐ.കെ.എം. ബ്ലോക്ക് ടെക്നിക്കൽ അസിസ്റ്റന്റുമാർ എന്നിവർ ജില്ലാതല ശില്പശാലയിൽ പങ്കെടുക്കേണ്ടതാണ്. ഇതോടൊപ്പം ഭാഗം-ബി ആയി ചേർത്തിട്ടുള്ള പ്രവർത്തന മാർഗ്ഗരേഖയിലെ കാര്യങ്ങൾ ശില്പശാലയിൽ വിശദീകരിക്കേണ്ടതാണ്.

ഘട്ടം 3:- തദ്ദേശസ്വയംഭരണ സ്ഥാപനതല ശില്പശാല

22.07.2013-ന് മേയറുടെ/ചെയർപേഴ്സൺന്റെ/ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ തദ്ദേശസ്വയംഭരണ സ്ഥാപനതല ശില്പശാല സംഘടിപ്പിക്കേണ്ടതാണ്. ഡെപ്യൂട്ടി മേയർ, വൈസ് ചെയർപേഴ്സൺ, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, വാർഡ് മെമ്പർമാർ/കൗൺസിലർമാർ ബന്ധപ്പെട്ട എഞ്ചിനീയർമാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഘടക സ്ഥാപന മേധാവികൾ, ഐ.കെ.എം. ടെക്നിക്കൽ അസിസ്റ്റന്റുമാർ (ഏതെങ്കിലും ഒരു സ്ഥാപനത്തിൽ) എന്നിവർ ശില്പശാലയിൽ പങ്കെടുക്കേണ്ടതാണ്.

ഇതോടൊപ്പമുള്ള പ്രവർത്തന മാർഗരേഖയിലെ കാര്യങ്ങൾ ശില്പശാലയിൽ വിശദീകരിക്കേണ്ടതും പ്രവർത്തന കലണ്ടറിന് രൂപം നൽകി പ്രവർത്തനം ആസൂത്രണം ചെയ്യേണ്ടതുമാണ്.

ഭാഗം ബി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾക്കുള്ള മാർഗരേഖ

1. മേൽനോട്ടം രേഖപ്പെടുത്തൽ:

06.08.2012 ലെ സ.ഉ (കൈ) 212/2012 തസ്വഭവ നമ്പർ സർക്കാർ ഉത്തരവിന്റെ 14-ാം ഖണ്ഡികയിൽ നിർദ്ദേശിച്ച രീതിയിൽ സെക്രട്ടറിയുടെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയുള്ള എഞ്ചിനീയർമാർ/ഓവർസീയർമാർ ആണ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്.

2. ചുമതല

ആസ്തിസംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക, നേരത്തെ രേഖപ്പെടുത്തിയതിൽ തെറ്റുകളുണ്ടെങ്കിൽ തിരുത്തുക, വിട്ടുപോയ വിവരങ്ങൾ കൂട്ടിച്ചേർക്കുക, ആസ്തിയുടെ മൂല്യം രേഖപ്പെടുത്തുക, സചിത്ര സോഫ്റ്റ്വെയർ ആപ്ലിക്കേഷനിൽ വിവരങ്ങൾ രേഖപ്പെടുത്തി ഡേറ്റാബേസ് ഭരണസമിതിക്കു സമർപ്പിക്കുക, ഭരണസമിതി അംഗീകരിച്ച ഡേറ്റാബേസ് ഐ.കെ.എം.ന് അയച്ചുകൊടുക്കുക എന്നീ കാര്യങ്ങളുടെ ചുമതല താഴെപറയുന്ന ഉദ്യോഗസ്ഥർ നിർവഹിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത്	:	അസിസ്റ്റന്റ് എഞ്ചിനീയർ
ബ്ലോക്ക് പഞ്ചായത്ത്	:	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ജില്ലാപഞ്ചായത്ത്	:	എക്സിക്യൂട്ടീവ് എഞ്ചിനീയർ
മുനിസിപ്പാലിറ്റി	:	മുനിസിപ്പൽ എഞ്ചിനീയർ
മുനിസിപ്പൽ കോർപ്പറേഷൻ	:	മുനിസിപ്പൽ കോർപ്പറേഷൻ എഞ്ചിനീയർ

3. ചെലവ്

06.08.2002-ലെ ഉത്തരവ് പ്രകാരം മേൽ പ്രവർത്തനങ്ങൾക്കായി തനത്ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ 10,000/- (പതിനായിരം) രൂപവരെ ചെലവഴിക്കാവുന്നതാണ്.

4. തദ്ദേശസ്വയംഭരണ സ്ഥാപനതല ശില്പശാല

22.07.2013-ന് തദ്ദേശസ്വയംഭരണസ്ഥാപനതല ശില്പശാല സംഘടിപ്പിക്കേണ്ടതും ഈ പ്രവർത്തന മാർഗ്ഗരേഖയിലെ കാര്യങ്ങൾ വിശദീകരിക്കേണ്ടതും ചുമതലകൾ ഏൽപ്പിക്കേണ്ടതുമാണ്.

5. പ്രവർത്തനം

(I) 23.07.20.13 മുതൽ 27.07.2013 വരെ:

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയുള്ള എഞ്ചിനീയർമാരും ഓവർസീയർമാരും, ആവശ്യമെങ്കിൽ, മറ്റെല്ലാ പ്രവർത്തനങ്ങളും മാറ്റിവച്ച് ആസ്തി സംബന്ധിച്ച വിവരശേഖരണത്തിനും വിവരങ്ങൾ സചിത്ര സോഫ്റ്റ്വെയർ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നതിനുമായി മാറ്റി വയ്ക്കേണ്ടതാണ്. ഇതിനായി ബന്ധപ്പെട്ട വാർഡ്മെമ്പർമാരുടെയും/കൗൺസിലർമാരുടെയും മറ്റുദ്യോഗസ്ഥരുടെയും സഹായ സഹകരണങ്ങൾ തേടേണ്ടതും പ്രയോജനപ്പെടുത്തേണ്ടതുമാണ്. ആസ്തിയുടെ മൂല്യം (അതായത് ആസ്തി ആർജ്ജിക്കാൻ ആവശ്യമായ തുക) ഉൾപ്പെടെയുള്ള വിവരങ്ങൾ സചിത്ര സോഫ്റ്റ്വെയർ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തി ഡിജിറ്റൽ ആസ്തി രജിസ്റ്റർ സമ്പൂർണ്ണവും കുറ്റമറ്റതും ആക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട എഞ്ചിനീയർമാർക്കാണ്. സചിത്ര സോഫ്റ്റ്വെയർ ആപ്ലിക്കേഷനിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള രീതി അനുബന്ധം-2 ൽ വിശദീകരിച്ചിരിക്കുന്നു.

മേൽ വിവരിച്ച പ്രവർത്തനങ്ങൾ സെക്രട്ടറിയുടെ മേൽനോട്ടത്തിൽ നടക്കേണ്ടതും എഞ്ചിനീയർക്ക് ആവശ്യമായ സൗകര്യങ്ങൾ സെക്രട്ടറി ഏർപ്പെടുത്തി ക്കൊടുക്കേണ്ടതുമാണ്. താഴെ പറയുന്ന കാര്യങ്ങൾ എഞ്ചിനീയർ ഉറപ്പുവരുത്തേണ്ടതും എഞ്ചിനീയറുടെ സഹായത്തോടെ സചിത്ര ഡേറ്റാബേസ് പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെടേണ്ടതുമാണ്.

- ഘടക സ്ഥാപനങ്ങളുടേതുൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ 31.03.2013 വരെയുള്ള മുഴുവൻ ആസ്തി സംബന്ധിച്ച വിവരങ്ങളും സചിത്ര ഡേറ്റാബേസിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന്;
- ഈ അനുബന്ധത്തിൽ അന്യത്ര വിവരിക്കുന്ന രീതിയിൽ ആസ്തികളുടെ മൂല്യം കണക്കാക്കിയിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ടെന്നും;
- റോഡുകളുടെ നീളം, കെട്ടിടങ്ങളുടേയും ഭൂമിയുടേയും വിസ്തീർണ്ണം, ആസ്തിയുടെ മൂല്യം തുടങ്ങിയവ കണക്കാക്കിയതിൽ അസ്വാഭാവികവും അസാധാരണവുമായി ഒന്നുമില്ലെന്ന് (ഉദാഹരണമായി റോഡിന്റെ നീളം കിലോ മീറ്ററിൽ കണക്കാക്കി അഞ്ച് മീറ്റർ ആയി രേഖപ്പെടുത്തുക; മണ്ണ്, ബിറ്റുമിൻ, കോൺക്രീറ്റ് എന്നീ ഉപരിതലങ്ങളുള്ളതും ഒറ്റ പേരിൽ ഉള്ളതുമായ ഒരു കിലോമീറ്റർ റോഡിന്റെ ദൈർഘ്യം ഓരോ ഉപരിതല റോഡിനും ഒരു കിലോമീറ്റർ ഉള്ളതായി രേഖപ്പെടുത്തുക; റോഡുകൾക്ക് അസ്വാഭാവികമായ ദൈർഘ്യവും വീതിയും കെട്ടിടങ്ങൾക്കും ഭൂമിക്കും അസ്വാഭാവികമായ വിസ്തീർണ്ണവും രേഖപ്പെടുത്തുക, ഭൂമിയുടെ വിസ്തീർണം ഇത്ര ഹെക്ടർ ഇത്ര ഏക്കർ എന്നു രേഖപ്പെടുത്തുന്നതിനു പകരം മുഴുവൻ ആർ ആയോ അല്ലെങ്കിൽ മറ്റേതെങ്കിലും യൂണിറ്റ് ആയോ രേഖപ്പെടുത്തുക; കെട്ടിടങ്ങളുടെ വിസ്തൃതി ചതുരശ്ര മീറ്ററിനു പകരം മറ്റേതെങ്കിലും യൂണിറ്റ് ആയി രേഖപ്പെടുത്തുക തുടങ്ങിയവ);
- ആസ്തികൾ ആർജ്ജിക്കുന്നതിന് ചെലവായ തുകയാണ് മൂല്യമായി രേഖപ്പെടുത്തിയതെന്നും, നേരെമറിച്ച് അവയ്ക്കുള്ള ഇപ്പോഴത്തെ മാർക്കറ്റ് വിലയല്ലെന്നും;
- തേയ്മാനം കുറച്ചതിന് ശേഷമുള്ള തുകയല്ല, ആർജ്ജിച്ച സമയത്ത് ചെലവായ തുകതന്നെയാണ് മൂല്യമായി രഖപ്പെടുത്തിയതെന്ന്;
- സൗജന്യമായോ കൈമാറിയോ കിട്ടിയ ഓരോ ആസ്തിയുടേയും മൂല്യം ഒരു രൂപയായി തന്നെയാണ് രേഖപ്പെടുത്തിയതെന്ന്;
- ആസ്തികളൊന്നും തന്നെ വിട്ടുപോയിട്ടില്ലെന്ന്.

(II) 28.07.2013 മുതൽ 03.08.2013 നകം

- മുഴുവൻ വിവരങ്ങളും ഉൾപ്പെട്ട സചിത്ര ഡേറ്റാബേസ് ഭരണസമിതിക്കു സമർപ്പിക്കുക.
- പരിശോധിച്ചു ബോദ്ധ്യപ്പെട്ട ശേഷം ഭരണസമിതി സചിത്ര ഡേറ്റാബേസ് അംഗീകരിക്കുക.

- ഭരണസമിതി അംഗീകരിച്ച സചിത്ര ഡേറ്റാബേസ് ഇൻഫർമേഷൻ കേരള മിഷന്റെ (ഐ.കെ.എം) സചിത്ര ഇമെയിൽ ഐഡിയിൽ ഇമെയിൽ ആയി അയയ്ക്കുക.
- ഇപ്രകാരം സചിത്ര ഡേറ്റാബേസ് തയ്യാറാക്കി ഇ മെയിൽ ആയി അയച്ച വിവരം അനുബന്ധം 4-ൽ നൽകിയിട്ടുള്ള ഫോറത്തിൽ ജില്ലാ/മേഖലാതല ഉദ്യോഗസ്ഥന് റിപ്പോർട്ട് ചെയ്യുക.
- ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ വിവരം റിപ്പോർട്ട് ചെയ്യേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കാണ്.

(III) 08.08.2013-നകം

ഡിജിറ്റൽ ആസ്തി രജിസ്റ്ററുകളുടെ പൂർത്തീകരണം സംബന്ധിച്ച ജില്ലാ/മേഖലാതല സമാഹൃത റിപ്പോർട്ട് ജില്ലാ/മേഖലാതല ഉദ്യോഗസ്ഥർ വകുപ്പദ്ധ്യക്ഷന് അനുബന്ധം 4-ൽ നൽകിയിട്ടുള്ള ഫോറത്തിൽ അയച്ചു കൊടുക്കുക.

(IV) 14.08.2013-നകം

സംസ്ഥാനതല സമാഹൃത റിപ്പോർട്ട് വകുപ്പദ്ധ്യക്ഷന്മാർ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അനുബന്ധം 4-ൽ നൽകിയിട്ടുള്ള ഫോറത്തിൽ അയച്ചുകൊടുക്കുക. പകർപ്പ് ഇ മെയിൽ ആയി സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർക്കും സംസ്ഥാനതല മോണിറ്ററിംഗ് സമിതി കൺവീനർ ആയ ചീഫ് എഞ്ചിനീയർക്കും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർക്കും അയച്ചു കൊടുക്കുക.

6. രേഖപ്പെടുത്തേണ്ട കാര്യങ്ങൾ

- 31.03.2013 വരെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഘടക സ്ഥാപനങ്ങളും നിർമ്മിച്ചവരയും ആർജ്ജിച്ചവയും വാങ്ങിയവയുമായ എല്ലാ ആസ്തികളുടെയും വിവരങ്ങൾ രേഖപ്പെടുത്തണം.
- സചിത്ര സോഫ്റ്റ്വെയർ ആപ്ലിക്കേഷനിൽ അനുബന്ധം 2-ൽ സൂചിപ്പിച്ച രീതിയിലാണ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്.
- രേഖപ്പെടുത്തുന്ന വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
- തേയ്മാനം രേഖപ്പെടുത്തേണ്ടതില്ല. തേയ്മാനം സചിത്ര സോഫ്റ്റ്വെയർ ആപ്ലിക്കേഷനിൽ ഓട്ടോമേറ്റ് ചെയ്യും.

- നേരത്തേ രേഖപ്പെടുത്തിയ റോഡുകളുടെ നീളം, ഭൂമിയുടെയും കെട്ടിടങ്ങളുടേയും വിസ്തൃതി തുടങ്ങിയ ആസ്തി സംബന്ധമായ അളവുകൾ നിർദ്ദേശിച്ച യൂണിറ്റുകളിലാക്കി, തെറ്റുകളുണ്ടെങ്കിൽ തിരുത്തി, രേഖപ്പെടുത്തണം.
- ആസ്തികൾ ആർജ്ജിക്കുന്നതിനു ചെലവായ തുക രേഖപ്പെടുത്തേണ്ടത് അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതും കേന്ദ്രസർക്കാർ രൂപം നൽകിയ നാഷണൽ മുനിസിപ്പൽ അക്കൗണ്ട്സ് മാന്വലിനെ അവലംബിച്ച് തയ്യാറാക്കിയ 2007-ലെ കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ളതുമായ തത്വങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇപ്രകാരം ആസ്തികളുടെ മൂല്യം രേഖപ്പെടുത്തേണ്ട രീതി താഴെ നിർദ്ദേശിക്കുന്നു.
  - ആസ്തികൾ നിർമ്മിക്കുന്നതിനോ/ആർജ്ജിക്കുന്നതിനോ, വാങ്ങുന്നതിനോ ചെലവായ തുകയാണ് ആസ്തിയുടെ വിലയായി രേഖപ്പെടുത്തേണ്ടത്.
  - രേഖപ്പെടുത്തുന്ന തുകകൾ പൂർണ്ണ രൂപയിൽ ആയിരിക്കണം.
  - ചെലവായ തുകകളുടെ വിവരം വൗച്ചറുകളിൽ നിന്നോ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ നിന്നോ മറ്റു രേഖകളിൽ നിന്നോ ലഭിക്കുന്നതാണ്.
  - വൗച്ചറുകൾ/രജിസ്റ്ററുകൾ/മറ്റു രേഖകൾ എന്നിവയിൽ നിന്നും വിവരം ലഭ്യമല്ലെങ്കിൽ ആസ്തി ആർജ്ജിച്ച വർഷം ഏതെന്ന് ആദ്യമായി തിട്ടപ്പെടുത്തുക. തുടർന്ന് ആസ്തി ആർജ്ജിച്ച വർഷത്തെ പൊതുമരാമത്ത് ഷെഡ്യൂൾ നിരക്കുകൾ പ്രകാരം ആസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുക രേഖപ്പെടുത്താവുന്നതാണ്.
  - മേൽപറഞ്ഞ പ്രകാരം മുൻവർഷങ്ങളിലെ ഷെഡ്യൂൾ നിരക്കുകൾ ലഭ്യമല്ലെങ്കിൽ ഇപ്പോൾ നിലവിലുള്ള പൊതുമരാമത്ത് ഷെഡ്യൂൾ നിരക്കുകളുടെ അടിസ്ഥാനത്തിൽ ചെലവായ തുക ആദ്യം കണക്കാക്കുക. പൊതുമരാമത്ത് ഷെഡ്യൂൾ നിരക്കുകൾ ലഭ്യമല്ലാത്ത ഇനങ്ങളുടെ കാര്യത്തിൽ ഇപ്പോഴത്തെ മാർക്കറ്റ് വില ആദ്യം കണക്കാക്കുക. തുടർന്ന് മൊത്ത വ്യാപാര വില സൂചിക പ്രകാരമുള്ള ഇൻഡക്സിന്റെ അടിസ്ഥാനത്തിൽ തുകയെ ഡിഫ്ളേറ്റ് (deflate) ചെയ്യുക. (1952-53 വർഷം മുതൽ 2010-11 വർഷം വരെയുള്ള മൊത്ത വ്യാപാര വില സൂചിക അനുബന്ധം 3 ആയി നൽകിയിരിക്കുന്നു.) ഇപ്രകാരം ആസ്തി ആർജ്ജിച്ച വർഷത്തെ ചെലവിനു തുല്യമായ തുകയിൽ എത്തിച്ചേരാവുന്നതാണ്.

  ഉദാഹരണം:

(1)	ആസ്തി ആർജ്ജിച്ച വർഷം	:	1980-81
(2)	2010-11 ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം ആസ്തി നിർമ്മിക്കുവാൻ/ആർജ്ജിക്കുവാൻ/ വാങ്ങുവാനുള്ള ചെലവ് അഥവാ 2010-11 ലെ മാർക്കറ്റ് വില	:	10 ലക്ഷം രൂപ
(3)	1980-81 ലെ ഇൻഡക്സ്	:	582.9
(4)	2010-11 ലെ ഇൻഡക്സ്	:	4238.6
		:	$10,00,000 \times \frac{528.9}{4238.6}$
(5)	1980-81 ലെ ചെലവ്	:	1,24,781.77
		:	1,24,782

അനുബന്ധം-2

സചിത്ര സോഫ്റ്റ്വെയർ ആപ്ലിക്കേഷനിൽ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതി

(തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ)

1. ഡസ്ക്ടോപ്പിൽ നിന്നും ആപ്ലിക്കേഷൻ ഓപ്പൺ ചെയ്യുക.
2. ആദ്യമായി അഡ്മിനിസ്ട്രേറ്ററായി ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്യുക, ആപ്ലിക്കേഷൻ ഉപയോഗിക്കേണ്ട എല്ലാ ഉപയോക്താക്കളെയും കൂട്ടിച്ചേർക്കേണ്ടതാണ്.
3. ലോഗിൻ സ്ക്രീനിൽ നിന്നും [ ] എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക.
4. User Type എന്ന കോമ്പോ ബോക്സിൽ നിന്നും ഉപയോക്താവിന്റെ തരം (ഓപ്പറേറ്റർ/അപ്രൂവർ) തെരഞ്ഞെടുക്കുക. തുടർന്ന് ഉപയോകതാവിന്റെ പേര്, ലോഗിൻ ചെയ്യേണ്ട പേര് എന്നിവ ടൈപ്പ് ചെയ്ത് Save ബട്ടൺ ക്ലിക്ക് ചെയ്യുക. പാസ്സ്വേഡ് "password"എന്ന് തന്നെ ലഭിക്കും.
5. ലഭിച്ചിരിക്കുന്ന യൂസർ നെയിം, പാസ്സ്വേഡ് എന്നിവ ഉപയോഗിച്ച് ആപ്ലിക്കേഷനിലേയ്ക്ക് ലോഗിൻ ചെയ്ത്, ലഭിച്ചിരിക്കുന്ന പാസ്സ്വേഡ് മാറ്റേണ്ടതാണ്. ഇതിനായി ലോഗിൻ സ്ക്രീനിലെ Change Password എന്ന ബട്ടൺ ഉപയോഗിക്കാവുന്നതാണ്.
6. ആസ്തി രജിസ്റ്ററുകളുടെ ഡാറ്റാ എൻട്രി ചെയ്യുന്നതിനും, തിരുത്തലുകൾ വരുത്തുന്നതിനും ഡാറ്റാ എൻട്രി ഓപ്പറേറ്ററായി ലോഗിൻ ചെയ്യുക.
7. ഡാറ്റാ എൻട്രി ചെയ്യേണ്ട 10 ഫോമുകളും ലിസ്റ്റായി ലഭിക്കും. ഡാറ്റാ എൻട്രി ചെയ്യേണ്ട ഫോറം തെരഞ്ഞെടുക്കുക.
8. ഫോറം തെരഞ്ഞെടുക്കുമ്പോൾ ലഭിക്കുന്ന സ്ക്രീനിൽ സബ് ഫോറം തെരഞ്ഞെടുത്തശേഷം Next ബട്ടൺ ക്ലിക്ക് ചെയ്യുക.

9. നിലവിലുള്ള ആസ്തി വിവരങ്ങളിൽ തിരുത്തലുകൾ വരുത്തുന്നതിനായി Book No, Page No, Record No എന്നീ കോംബോ ബോക്സുകൾ ഉപയോഗിച്ച് തിരുത്തൽ വരുത്താനുള്ള ആസ്തി തെരഞ്ഞെടുത്ത്, വിവരങ്ങൾ പൂർണ്ണമാക്കിയശേഷം Save ബട്ടൺ ക്ലിക്ക് ചെയ്യുക.

10. പുതുതായി ആസ്തി വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനായി New ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ രേഖപ്പെടുത്തിയശേഷം Save ബട്ടൺ ക്ലിക്ക് ചെയ്യുക.

11. ഇപ്രകാരം എല്ലാ ആസ്തികളും ആപ്ലിക്കേഷനിലേയ്ക്ക് കൂട്ടിച്ചേർക്കേണ്ടതാണ്, നാം രേഖപ്പെടുത്തിയിരിക്കുന്ന ആസ്തി വിവരങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള തിരുത്തലുകൾ വീണ്ടും വരുത്താനുണ്ടെങ്കിൽ അപ്രൂവ് ചെയ്യുന്നതിന് മുമ്പ് ചെയ്യേണ്ടതാണ്.

12. മേൽ പറഞ്ഞിരിക്കുന്ന പ്രകാരം തിരുത്തലുകൾ വരുത്തിയതും, പുതുതായി രേഖപ്പെടുത്തിയിരിക്കുന്ന ആസ്തികളും അപ്രൂവ് ചെയ്യുന്നതിനായി അപ്രൂവർ ആപ്ലിക്കേഷനിലേയ്ക്ക് പ്രവേശിക്കേണ്ടതാണ്.

13. അപ്രൂവ് ചെയ്യേണ്ട റെക്കോഡ് തെരഞ്ഞെടുത്തശേഷം Approve എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. ഇപ്രകാരം മൊത്തം ആസ്തി വിവരങ്ങളും ആപ്ലിക്കേഷൻ ഉപയോഗിച്ച് അപ്രൂവ് ചെയ്യാവുന്നതാണ്.

14. അംഗീകരിച്ച ഡേറ്റാ ബേസ് ആയി ഇ-മെയിൽ ആയി ഐ.കെ.എം.ലേക്ക് അയക്കേണ്ടതാണ്. e-mail അഡ്രസ്സ് (ikmsachithra@gmail.com)

15. മേൽപറഞ്ഞ പ്രകാരം അയക്കുന്ന ഫയലിന്റെ പേര് ഡിസ്ട്രിക് കോഡ്, ലോക്കൽ ബോഡി നെയിം, എൽ.ബി.ടൈപ്പ്, തീയതി എന്ന പ്രകാരമായിരിക്കണം. ഉദാ: തിരുവനന്തപുരം ജില്ലയിലെ കരകുളം പഞ്ചായത്തിന്റെ ഫയൽ താഴെ പറയുന്ന പേരിലാണ് അയക്കേണ്ടത്. (01karakulam GP 02.07.2013)

അനുബന്ധം-3

മൊത്ത വ്യാപാര വില സൂചിക

സാമ്പത്തിക വർഷം	സൂചിക
1952 – 53	100.00
1953 – 54	104.6
1954 – 55	97.5
1955 – 56	92.4
1956 – 57	105.3
1957 – 58	108.4
1958 – 59	112.8
1959 – 60	117.1
1960 – 61	124.8
1961 – 62	125.1
1962 – 63	129.9
1963 – 64	137.9
1964 – 65	153.0
1965 – 66	164.6
1966 – 67	187.5
1967 – 68	209.3
1968 – 69	206.9
1969 – 70	214.7
1970 – 71	226.6
1971 – 72	239.2
1972 – 73	263.3
1973 – 74	316.5
1974 – 75	396.2
1975 – 76	391.9
1976 – 77	400.1
1977 – 78	420.9
1978 – 79	420.9
1979 – 80	493.0
1980 – 81	582.9
1981 – 82	637.3

സാമ്പത്തിക വർഷം	സൂചിക
1982 – 83	668.5
1983 – 84	718.9
1984 – 85	765.4
1985 – 86	799.2
1986 – 87	845.7
1987 – 88	914.5
1988 – 89	982.7
1989 – 90	1056.0
1990 – 91	1164.4
1991 – 92	1324.3
1992 – 93	1457.5
1993 – 94	1579.2
1994 – 95	1778.2
1995 – 96	1920.3
1996 – 97	2008.8
1997 – 98	2097.2
1998 – 99	2222.0
1999 – 00	2294.6
2000 – 01	2458.9
2001 – 02	2547.3
2002 – 03	2634.2
2003 – 04	2777.9
2004 – 05	2957.9
2005 – 06	3087.4
2006 – 07	3295.1
2007 – 08	3448.9
2008 – 09	3697.4
2009 – 10	3868.9
2010 – 11	4238.6

അനുബന്ധം-4

ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിൽ പൂർണ്ണമാക്കുന്നതു സംബന്ധിച്ച റിപ്പോർട്ട്

ക്രമ നമ്പർ	തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്	തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തരം	31.03.2013 വരെയുള്ള മുഴുവൻ ആസ്തികളും രേഖപ്പെടുത്തിയോ	ആസ്തിയുടെ മൂല്യം രേഖപ്പെടുത്തിയിട്ടുണ്ടോ	ഭരണസമിതി അംഗീകരിച്ച ഡേറ്റാബേസ് ഐ.കെ.എം.ന് അയച്ചു കൊടുത്തോ
		ഗ്രാ.പ/ബ്ലോ.പ/ ജി.പ/ മുനി/കോർ.	രേഖപ്പെടുത്തി/ഇല്ല	രേഖപ്പെടുത്തി/ഇല്ല	രേഖപ്പെടുത്തി/ഇല്ല

കേരള സർക്കാർ

നം.38156/ഡിഎ2/12/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡിഎ)വകുപ്പ്,
തിരുവനന്തപുരം, തീയതി 05.09.12.

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുസ്തകങ്ങൾ വാങ്ങുന്നത്-മുൻഗണന നൽകുന്നത്- സംബന്ധിച്ച്.

സൂചന:- 01.08.12-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിന്റെ മിനുട്ടസ് 3:1 നമ്പർ തീരുമാനം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുസ്തകങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് പരാമർശത്തിലെ തീരുമാനപ്രകാരം, സർക്കാർ സ്ഥാപനമായ 'ബുക്ക് മാർക്ക്' ന് മുൻഗണന നൽകണമെന്നും, ബുക്ക് മാർക്കിൽ ലഭ്യമല്ലാത്ത പുസ്തകങ്ങൾ മാത്രമേ പുറമേനിന്നു വാങ്ങാവൂ എന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,
വി.ശോഭ
അഡീഷണൽ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
കമ്മീഷണർ ഓഫ് റൂറൽ ഡെവലപ്പ്മെന്റ്, തിരുവനന്തപുരം
ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ്, തിരുവനന്തപുരം
എല്ലാ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾക്കും(ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ് മുഖേന)
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ,
ഇൻഫർമേഷൻ കേരളമിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ .

പകർപ്പ്:-പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ